SINCE 1976

# ഐക്യദീപം

വില ₹ 10

2019 മാർച്ച്





# ഒപ്പം

## പ്രളയബാധിതർക്ക് ബോധനയുടെ കൈത്താങ്ങ്



**ഭവനപുനരുദ്ധാരണം**
(150 കുടുംബങ്ങൾക്ക്)



**ആട് വിതരണം**
(250 കുടുംബങ്ങൾക്ക്)



**വിദ്യാഭ്യാസസഹായം**
(250 കുട്ടികൾക്ക്)




**ഹോംസ്റ്റഡ് വാട്ടർ ഫിൽട്ടർ**
(250 കുടുംബങ്ങൾക്ക്)



**സ്വയം തൊഴിൽപരിശീലനം**
(2000 പേർക്ക്)

**കായിക മാനസിക ഉല്ലാസവുമായി**
**ജില്ലാ ചൈൽഡ് ലൈൻ**


CHILD LINE 1098 NIGHT & DAY

SOCIAL TRANSFORMATION THROUGH PARTICIPATION & EMPOWERMENT

# Bodhana

## Tiruvalla Social Service Society

Pushpagiri Road, Tiruvalla - 1
Ph: 0469 2730561, 2606063, Fax: 0469 2633295
E-mail: bodhanatiruvalla@gmail.com, www.bodhanatiruvalla.org




2019 മാർച്ച്
പുസ്തകം 44 ലക്കം 02

രക്ഷാധികാരി
**മോസ്റ്റ് റവ. ഡോ. തോമസ് മാർ കൂറിലോസ് മെത്രാപ്പോലീത്താ**

ചീഫ് എഡിറ്റർ
**ഫാ. ഡോ. ഐസക് പറപ്പള്ളിൽ**

പ്രസാധകൻ
**റൈറ്റ് റവ. തോമസ് കൊടിനാട്ടുകുന്നേൽ കോർ എപ്പിസ്കോപ്പാ**

മാർക്കറ്റിംഗ് & സർക്കുലേഷൻ കോ-ഓർഡിനേറ്റർ
**ഫാ. ജോസഫ് കരിപ്പായിൽ**
**ഫാ. ഏബ്രഹാം വലിയകുളത്തിങ്കൽ**

ഓഫീസ് സെക്രട്ടറി
**ചിന്നു എൽസ ഐസക്**

**പത്രാധിപസമിതി**

ഫാ. ഡോ. തോമസുകുട്ടി പതിനെട്ടിൽ
ഫാ. ഡോ. തോമസ് പാറയ്ക്കൽ
റവ. സി. അലീന എസ്.ഐ.സി.
റവ. സി. റാണി മരിയ ഒ.എസ്.എസ്.
ലൈജു കോശി മാത്യു
ജയിസ് കോഴിമണ്ണിൽ
വർഗീസ് ഐസക് തെക്കേടത്ത്

Annual Subscription ₹ 120.00
Single Copy ₹ 10.00
Overseas : $40.00 or ₹ 2750

Bank Details :
Chief Editor, Aikyadeepam
Andhra Bank, Tiruvalla 689 101
A/c No. 110110100023901
IFSC. ANDB0001101
SWIFT CODE : ANDBINBB

Printed at :
Viani Printings, Ernakulam
Designed by :
St. Joseph Press
Kacherippady, Tiruvalla
Ph : 0469 2602936
sjtvla10@gmail.com

# ഐക്യദീപം

## ഉള്ളടക്കം

**ചരിത്രത്തിലെ പുതിയ താൾ** 7
പാപ്പായുടെ അറബ് സന്ദർശനവേളയിൽ പങ്കെടുത്ത മോറാൻ മോർ ബസേലിയോസ് ക്ലീമീസ് കാതോലിക്കാബാവായുമായി നടത്തിയ അഭിമുഖം
തയ്യാറാക്കിയത് : ലൈജു കോശി, എജി പറപ്പാട്ട്, ജിനു എജി പറപ്പാട്ട്

**മാർപാപ്പായുടെ യു.എ.ഇ. സന്ദർശനം മാനവികതയ്ക്കൊരു മഹാസമ്മാനം** 11
മോൺ. ചെറിയാൻ താഴമൺ

**നോമ്പുകാലം ദൈവത്തിലേക്കുള്ള തിരിച്ചുവരവിന്റെ കാലം** 15
മലങ്കര മല്പാൻ ഫാ. ഡോ. തോമസ് പണിക്കർ

**നോമ്പ് ബൈബിൾ വീക്ഷണത്തിൽ** 19
ഫാ. ഡോ. ഫിലിപ്പ് ചെമ്പകശ്ശേരി

**ദൈവത്തിന്റെ സ്വന്തം ഈശോ** 23
തയ്യാറാക്കിയത് : വർഗീസ് ഐസക് തെക്കേടത്ത് കോഴിമണ്ണിൽ

**പാപ്പായുടെ യു.എ.ഇ. സന്ദർശനം** 34
റോജി ചെറിയാൻ, തിരുമൂലപുരം



All correspondence regarding Agency and Subscription : Chief Editor, Aikyadeepam Monthly
St. John's Metropolitan Cathedral, Tiruvalla - 1. Phone : 0469 2600626
E-mail : aikyadeepamtvla@gmail.com



# ഹൃദയങ്ങൾ കീഴടക്കി പുതുചരിത്രം എഴുതിയ സന്ദർശനം

**മാ**നവസാഹോദര്യം ഉയർത്തിപ്പിടിച്ച് ആഗോള കത്തോലിക്കാസഭയുടെ പരമാദ്ധ്യക്ഷൻ ഫ്രാൻസിസ് മാർപാപ്പ അറബ് രാജ്യത്ത് 2019 ഫെബ്രുവരി 3 മുതൽ 5 വരെ നടത്തിയ സന്ദർശനം, മത സൗഹാർദ്ദത്തിനും സാഹോദര്യത്തിനും അടിവരയിട്ട്, ലോകത്തിന് പുതുചരിത്രവും ശുഭസന്ദേശവും നല്കിയ ഒന്നായിരുന്നു. ഗൾഫ് രാജ്യങ്ങൾ മാത്രമല്ല, ലോകം മുഴുവൻ ഉറ്റുനോക്കിയ ചരിത്രപ്രസിദ്ധ മായ ഈ സന്ദർശനം ഒത്തിരിയേറെ പുതുമകൾകൊണ്ട് നിറഞ്ഞതായിരുന്നു. അസാധാരണവും അതി വിപുലവുമായ ഒരുക്കമാണ് പാപ്പായുടെ സന്ദർശനത്തോടനുബന്ധിച്ച് യു.എ.ഇ. ക്രമീകരിച്ചത്. ഏത് രാജ്യമോ, മതമോ, സംസ്കാരമോ ആയിക്കൊള്ളട്ടെ, മനുഷ്യസ്നേഹത്തിനും സാഹോദര്യത്തിനും അതിർവരമ്പുകൾ പാടില്ലെന്നും, ഭിന്നതകളും കലഹങ്ങളും അക്രമങ്ങളും മനുഷ്യസ്നേഹത്തെ തച്ചുടക്കുന്നതാകരുതെന്നും, വർഗീയതയും മതഭ്രാന്തും ഭീകരവാദവും വികലമായ മനസ്സിന്റെയും, അപക്വമായ തീരുമാനത്തിന്റെയും പരിണിതഫലമാണെന്നും ലോകത്തെ ഓർമ്മിപ്പിച്ച ദിവസങ്ങളായി രുന്നു അത്. ലോകത്തിന് നല്കാവുന്ന ഏറ്റം വലിയ സന്ദേശം സ്നേഹവും, പരസ്പര കരുതലും, സാഹോദര്യവുമാണെന്ന് പഠിപ്പിച്ച ദിനങ്ങൾ. മതങ്ങൾ മനുഷ്യനെ വേർതിരിക്കാൻ പാടില്ലെന്നും, മറിച്ച്, മതങ്ങൾ മറ്റു മതസ്ഥരെയും സ്നേഹത്തിൽ ഒന്നിപ്പിക്കുകയാണ് ഏറ്റം പ്രധാനമെന്നും ചിന്തി പ്പിച്ച നിമിഷങ്ങൾ. അതെ, അതായിരുന്നു ഹൃദയങ്ങൾ കീഴടക്കി പാപ്പാ നടത്തിയ സന്ദർശനത്തിലൂടെ ലോകം മനസ്സിലാക്കിയ സത്യം.


ലോകസമാധാനം, മതങ്ങൾ തമ്മിലുള്ള അനുരഞ്ജനം, സഹകരണം, മതസൗഹാർദ്ദം, സഹ വർത്തിത്വം, പരസ്പര ബഹുമാനം എന്നിവ ഊന്നിപ്പറഞ്ഞ പാപ്പാ, തീവ്രവാദത്തിനെതിരെയുള്ള കൂട്ടായ പോരാട്ടത്തിനും ആഹ്വാനം ചെയ്തു. ''സഹോദരനും സുഹൃത്തും'' എന്ന നിലയിൽ ശാന്തിദൂതനായെത്തിയ പാപ്പാ, സമാധാന ആഹ്വാനവുമായി, സാഹോദര്യസംഗമത്തിലും മതാന്തര മാ നവികതാസമ്മേളനത്തിലും പങ്കെടുത്ത്, ലോകത്ത് സഹിഷ്ണുതയും സഹവർത്തിത്വവും ശക്തമാക്കു വാൻ ആഹ്വാനം ചെയ്തു. ദൈവത്തിന്റെയും മതത്തിന്റെയും പേരിലുള്ള വിദ്വേഷങ്ങൾക്കും അക്രമ ങ്ങൾക്കും ന്യായീകരണമില്ലെന്നും, യുദ്ധങ്ങളും സംഘർഷങ്ങളും ഒഴിവാക്കി, പരസ്പരം സ്നേഹിക്കു വാനും ബഹുമാനിക്കുവാനും ഏവരും തയ്യാറാകണമെന്നും പാപ്പാ ഓർമ്മിപ്പിച്ചു.

ക്രൈസ്തവസഭ ഉത്ഥാനത്തിരുന്നാളിന് ഒരുക്കമായി, വലിയ നോമ്പിലേക്ക് പ്രവേശിക്കുന്ന ഈ കാലയളവിൽ, ലോകത്തിനു നല്കുവാനുള്ള നോമ്പിന്റെ മഹത്തായ സന്ദേശം, സ്വജീവിതത്തിലൂടെ പാപ്പാ കാണിച്ചു തന്നു. അപരനെ കണ്ണ് തുറന്ന് കാണുവാനും, അവനിലെ നന്മ തിരിച്ചറിയുവാനും, സ്നേഹം നല്കി അവനെ 'സഹോദരനായും സുഹൃത്തായും' കാണുവാൻ സാധിക്കുന്നതുമാണ് നോമ്പിന്റെ അർത്ഥവും, മഹത്തായ ജീവിതപാഠവും. ''സ്നേഹം കൂടാതെ ഒരുവൻ നോമ്പ് നോൽക്കു ന്നെങ്കിൽ, അവന്റെ നോമ്പ് വ്യർത്ഥം'' എന്ന് നോമ്പുകാല പ്രാർത്ഥനയിൽ ചൊല്ലുന്നതിന്റെ അർത്ഥം കൂടിയായിരുന്നു പാപ്പായുടെ സന്ദർശനവും, ഉന്നതമായ ചിന്തകളും, അർത്ഥപൂർണ്ണവും കാലികവു മായ പ്രബോധനങ്ങളും.

ചീഫ് എഡിറ്റർ
**ഫാ. ഡോ. ഐസക് പറപ്പള്ളിൽ**



# ഇടയശബ്ദം



മോസ്റ്റ് റവ. ഡോ. തോമസ് മാർ കൂറിലോസ്
മെത്രാപ്പോലീത്തൻ ആർച്ച്ബിഷപ്പ്

# ആകാശത്തോളം ഉയർത്തുന്ന പ്രത്യാശ

**1. സ**മാധാനത്തിന്റെ നാഥനായ യേശുക്രിസ്തുവിന്റെ വികാരിയും സമന്വയത്തിന്റെ പ്രവാചകനും കാരുണ്യത്തിന്റെ ആൾരൂപവും പരദേശികളുടെ ആശ്രയവുമായ ഫ്രാൻസിസ് മാർപാപ്പയുടെ അറബ് രാജ്യസന്ദർശനം വിഭിജതമായിക്കൊണ്ടിരിക്കുന്ന ലോകത്തിനു നൽകിയത് വലിയ സന്ദേശമാണ് . ഒരു മാർപാപ്പ ഗൾഫുനാടുകൾ സന്ദർശിക്കുന്നത് ഇദംപ്രഥമമാണ്. സമാധാനത്തിന്റെയും സാഹോദര്യത്തിന്റെയും മിഴിവുള്ള സന്ദേശം പകർന്ന് ലോകത്തെ ശുഭാപ്തി വിശ്വാസത്തിലേക്ക് കൊണ്ടുവരുവാൻ ഈ സന്ദർശനം ഉപകരിച്ചു. മാത്സര്യവും അഹങ്കാരവും, പകയും അധികാരഭ്രമവും, ആർത്തിയും ധൂർത്തും, കൂട്ടക്കൊലയും കുറ്റകൃത്യങ്ങളുംകൊണ്ട് അസ്വസ്ഥമാകുന്ന ലോകത്തിൽ മനുഷ്യമനസ്സിലെ നന്മയുടെ ഭാവം സ്പുടീകരിച്ച് സുന്ദരമായ സംസ്കൃതിയുടെ ചിത്രം വിരചിക്കുന്ന സമാധാനദൂതനായ മാർപാപ്പായും U.A.E. യുടെ സമാദരണീയനായ രാജാവും മനുഷ്യകുലത്തിനു നൽകിയ പ്രത്യാശ ആകാശത്തോളം വലുതാണ്. ഇത് വെറും നയതന്ത്രപ്രതിനിധികളുടെ സംഗമമോ, വാണിജ്യകാര്യങ്ങൾക്കുള്ള കൂടിയാലോചനയോ, ശാക്തിക അച്ചുതണ്ട് സൃഷ്ടിക്കുന്നതിനുള്ള കൂടിവരവോ ആയിരുന്നില്ല. മറിച്ച് സത്യസന്ധമായ നന്മയെ ആശ്ലേഷിക്കുവാനുള്ള സംഘടിതമായ ശ്രമമായിരുന്നു.

ഗൾഫുനാട്ടിലെ അധികാരികൾ നൽകിയ സ്നേഹോഷ്മളമായ വരവേൽപും, വിവിധ ചടങ്ങുകളിലും വിശുദ്ധ കുർബാനയിലും പങ്കെടുക്കുന്നവർക്കു നൽകിയ പരിഗണനയും ആ രാജ്യത്തിന്റെ ശ്രേഷ്ഠതയും സാംസ്കാരിക ഔന്നത്യവും വിളിച്ചോതുന്നു. എന്നാൽ സംസ്കാരസമ്പന്നവും ''അഥിതി ദേവോഭവഃ'' എന്നു പഠിപ്പിച്ച മൂല്യവും തുടിക്കുന്ന നാട്ടിലേക്ക്, ലോകമാസകലം ആദരവോടുകൂടി കാണുന്ന ഈ ഋഷിവര്യനെ സ്വീകരിക്കുവാൻ മടി കാണിക്കുന്ന ദയനീയാവസ്ഥ ലോകമനസാക്ഷിക്കു മുമ്പിൽ ചോദ്യചിഹ്നമാകുന്നു. സുമനസുകളെകൊണ്ടു ഭാരതം നിറയുവാൻ പ്രാർത്ഥിക്കാം.

**2. നാം വലിയ നോമ്പിലേക്കു പ്രവേശിക്കുന്നു.**

Pearl S. Buck എന്നകവി എഴുതുകയാണ്.

" Roots, if they are to bear fruits
must be kept well in the soil of its land "

വേരുകൾ മണ്ണിൽ ആഴത്തിൽ നിന്നുവെങ്കിലെ ഫലം പുറപ്പെടുവിക്കുവാൻ കഴിയൂ. ഇതു പ്രകൃതിയുടെ നിയമം. അതുപോലെതന്നെയാണ് ആത്മിക നിയമവും. മനുഷ്യന്, പ്രത്യേകിച്ചും ഒരു ക്രൈസ്തവന് ഫലം പുറപ്പെടുവിക്കണമെങ്കിൽ, ആത്മികതയുടെ വളമുള്ള മണ്ണായ തപസിലും നോമ്പിലും ആഴത്തിൽ വേരോട്ടം ഉണ്ടാവണം.

നോമ്പുകാലമെന്നാൽ വ്രതശുദ്ധിയുടെ സമയം എന്നും, പുനർജനിയുടെ കാലം എന്നുമാണ് പൊതുവിൽ മനസിലാക്കപ്പെടുന്നത്. ദൈവവുമായുള്ള ബന്ധം ഊട്ടി ഉറപ്പിക്കാൻ മനുഷ്യനു കഴിയണം. ഇതിന് ഏറ്റം ആവശ്യകമായ ഘടകം മൗനം ആണ്. 2018 ഏപ്രിൽ മാസത്തിൽ മാർപാപ്പ ബെനഡിക്റ്റൈൻ സന്യാസശ്രേഷ്ഠരെ കണ്ടപ്പോൾ പറഞ്ഞ കാര്യം ശ്രദ്ധേയമാണ്: ലോകത്തിന്റെ തിരക്കുകളിലും, ജീവിതത്തിന്റെ അസ്വസ്ഥതകളിലും, ഉത്തരവാദിത്വങ്ങളുടെ പിരിമുറുക്കങ്ങളിലും നഷ്ടപ്പെട്ടുപോയ ജീവന്റെയും നന്മയുടെയും ക്രമം ദൈവത്തെ കേന്ദ്രമാക്കി പുനരേകീകരിക്കുവാൻ സാധിക്കുന്ന മൗനത്തിന്റെ - നിശബ്ദതയുടെ - മരുപ്പച്ചകളായി നിങ്ങളുടെ

ആശ്രമങ്ങൾ തീരണം. അൽപ്പംകൂടി നിശബ്ദരാകുവാൻ - ധ്യാനാത്മകരാകുവാൻ - ഈ നോമ്പുകാലം സഹായിക്കട്ടെ.

മൗനവും ധ്യാനവും നമ്മുടെ ജീവിതത്തെ ദൈവകേന്ദ്രീകൃതമാക്കുവാൻ സഹായിക്കും. ദൈവകേന്ദ്രീകൃതമായെങ്കിലെ നമ്മൾ ആകേണ്ടതുപോലെ ആകുകയും, ചെയ്യേണ്ടത് പോലെ ചെയ്യുന്നവരും ആകുകയുള്ളു. നമ്മുടെ നെട്ടോട്ടങ്ങളും, വെട്ടിപ്പിടിത്തത്തിനുള്ള പടപുറപ്പാടും നമ്മെ എങ്ങും എത്തിക്കുകയില്ല. തികച്ചും വ്യക്തിഗത നേട്ടങ്ങൾക്കുവേണ്ടിയുള്ള പരക്കം പാച്ചിലിൽ നാം തകർത്തതും, തളർന്നുപോയവരും, തകർന്നതും, ഒരിക്കലും തിരികെ പിടിക്കാവുന്നതല്ല. താത്ക്കാലിക ലാഭങ്ങളും, സുഹൃത്തുക്കളുടെ കൈയ്യടിയും, പൊതുജനങ്ങളുടെ മുമ്പിലെ ചില അംഗീകാരങ്ങളും എല്ലാം അൽപ്പായുസു മാത്രമുള്ള വികാരങ്ങളായി മനസിലാക്കപ്പെടണം. മുനിയെ പ്രകോപിപ്പിക്കുവാൻ ഒന്നിനും സാധിക്കുകയില്ല. കാരണം അവൻ ദൈവബന്ധത്തിൽ സ്ഥായിയായി ശക്തി സംഭരിച്ചുകഴിഞ്ഞു; ഉറപ്പിക്കപ്പെട്ടു കഴിഞ്ഞു.

**3.** ജലപ്രളയവുമായി ബന്ധപ്പെട്ട പുനരുത്ഥാരണപ്രവർത്തനങ്ങൾക്ക് നാം തുടക്കം കുറിച്ചിരിക്കുകയാണ്. നിർദ്ധനരും കിടപ്പുരോഗികളും പ്രളയബാധിതരുമായ കുറെ കുടുംബങ്ങൾക്കു പ്രതിമാസം ഒരു തുക സംഭാവനയായി നൽകി, അവരുടെ സങ്കടങ്ങൾക്ക് സാധിക്കുന്ന തരത്തിലുള്ള ആശ്വാസം നല്കി ദത്തെടുക്കുന്നതാണ് ആദ്യമായി ആരംഭിച്ചത്. അതുപോലെ ഏറ്റം അർഹതപ്പെട്ട കുറെ കുടുംബങ്ങൾക്ക്, ഭവനത്തിന്റെ അറ്റകുറ്റപണികൾ ചെയ്ത് വാസയോഗ്യമാക്കുന്ന പദ്ധതിയും നടന്നുകൊണ്ടിരിക്കുന്നു. നമ്മുടെ സഭയിലെ രണ്ടു കുടുംബങ്ങൾ അതിരൂപതയെ ഏൽപ്പിച്ച ചെങ്ങരൂരിലെയും കല്ലൂപ്പാറയിലെയും സ്ഥലങ്ങളിൽ, ഭവനമില്ലാത്തവർക്കും, എന്നാൽ ഭവനം പണിയുവാൻ കുറെയെങ്കിലും സാമ്പത്തിക കരുതൽ ഉള്ളവർക്കുമായി, 15 വീടുകൾ നിർമ്മിക്കുന്ന പദ്ധതിയും നടന്നുവരുന്നു. ഉപഭോക്താക്കളെ കണ്ടെത്തിയെങ്കിലും സാമ്പത്തിക ഉറപ്പു ലഭിക്കാത്തതിനാൽ അത് മന്ദം മന്ദം മുമ്പോട്ടു പോകുന്നു. വരുമാനവർദ്ധന മാർഗ്ഗങ്ങൾക്കുള്ള സാമ്പത്തിക സഹായമാണ് പിന്നീടുള്ളത്. ഇവയ്ക്കെല്ലാം മേൽനോട്ടം വഹിക്കുന്നത് അതിരൂപതയുടെ സാമൂഹ്യക്ഷേമവിഭാഗമായ ബോധന ആണ്. എല്ലാവരുടെയും സഹായ സഹകരണങ്ങൾ ഉണ്ടെങ്കിലെ നമുക്ക് ഈ കുടുംബങ്ങളെ സഹായിക്കുവാൻ കഴിയൂ. ധൂർത്തും ആർഭാടവും ഉപേക്ഷിച്ച് ഈ പാവപ്പെട്ടവരെ സഹായിക്കുവാൻ സുമനസുകളെ ക്ഷണിക്കുന്നു. ●





# ചരിത്രത്തിലെ പുതിയ താൾ

തയ്യാറാക്കിയത് : ലൈജു കോശി കൊട്ടുവിരുത്തിൽ, എജി പറപ്പാട്ട്, ജിനു പറപ്പാട്ട്

**യു.എ.ഇ. യിൽ പരിശുദ്ധ പിതാവ് ഫ്രാൻസിസ് മാർപാപ്പാ 2019 ഫെബ്രുവരി 3 മുതൽ 5 വരെ നടത്തിയ സന്ദർശനത്തിൽ പങ്കെടുത്ത മലങ്കര സുറിയാനി കത്തോലിക്കാസഭയുടെ തലവനും പിതാവുമായ കർദ്ദിനാൾ ബസേലിയോസ് ക്ലീമീസ് കാതോലിക്കാബാവായുമായി നടത്തിയ അഭിമുഖം.**

**Q1. പിതാവേ, ആദ്യമായിട്ടാണ് അറബ് രാജ്യങ്ങളിൽ ഒരു പാപ്പാ സന്ദർശിക്കുന്നത്. അവിടെയുള്ള സ്വീകരണങ്ങൾ, ഒരുക്കങ്ങൾ, ക്രമീകരണങ്ങൾ എങ്ങനെയായിരുന്നു എന്ന് വിശദീകരിക്കാമോ?**

**A1**. അറേബ്യൻ രാജ്യങ്ങളിൽ പ്രത്യേകിച്ച് യുണൈറ്റഡ് അറബ് എമിരറ്റസ് (യു.എ.ഇ.) യിൽ, മുസ്ലീം ഭൂരിപക്ഷമുള്ള ഒരു രാജ്യത്ത് കത്തോലിക്കാസഭയുടെ പരമാദ്ധ്യക്ഷൻ ആദ്യമായി നടത്തിയ സന്ദർശനം ചരിത്രത്തിൽ വലിയ സ്ഥാനം പിടിച്ചു കഴിഞ്ഞു. ആ സന്ദർശനത്തിന് യു. എ. ഇ. സർക്കാർ ഔദ്യോഗികമായി ക്ഷണം നൽകിയപ്പോൾ, പരിശുദ്ധ പിതാവ് അത് സ്നേഹപൂർവ്വം സ്വീകരിച്ചു. പരിശുദ്ധ പിതാവിന്റെ സന്ദർശനം ഒരു ദേശീയ ഉത്സവം എന്നതുപോലെയാണ് അവിടുത്തെ ഗവൺമെന്റ് വിപുലമായ ഒരുക്കങ്ങളോടെ ക്രമീകരിച്ചത്. സർക്കാർ തന്നെയാണ് എല്ലാക്കാര്യങ്ങൾക്കും നേതൃത്വം നല്കിയത്. അതുപോലെതന്നെ, അവിടുത്തെ രാജകുടുംബത്തിന്റെയും Crown Prince ന്റെയും വലിയ നേതൃത്വം എല്ലാ കാര്യത്തിലും ഉണ്ടായിരുന്നു. വളരെ ഊഷ്മളമായുള്ള, എന്നാൽ വളരെ ചരിത്രപ്രാധാന്യമുള്ള ഒരു സന്ദർശനമായി പരി. പിതാവിന്റെ സന്ദർശനത്തെ എല്ലാവരും സ്വീകരിക്കുകയും പരിഗണിക്കുകയും ചെയ്തു എന്നതാണ് സത്യം.

**Q2. ലോകം മുഴുവൻ ശ്രദ്ധിച്ച ഈ സന്ദർശനം അറബ് ലോകത്തും, മതങ്ങൾ തമ്മിലുള്ള ബന്ധത്തിലും എന്തെല്ലാം സ്വാധീനങ്ങളാണ്, ചലനങ്ങളാണ് ഉളവാക്കിയത്?**

**A2**. ഇതിന്റെ സ്വാധീനവും പ്രസക്തിയും അർത്ഥവ്യാപ്തിയും വരുംനാളുകളിൽ കൂടുതൽ മനസ്സിലാക്കാനിരിക്കുന്നതെയുള്ളൂ. എന്നാൽ, പരി. പിതാവ് യു.എ.ഇ. സന്ദർശിച്ചപ്പോൾ യു.എ.ഇ. ഭരണാധികാരി, ''പരിശുദ്ധ പിതാവേ, അങ്ങേക്ക് സ്വാഗതം'' എന്ന് പറഞ്ഞാണ് അവരുടെ മണ്ണിലേക്ക് പിതാവിനെ സ്വാഗതം ചെയ്തത്. പരി. പിതാവേ എന്ന അഭിസംബോധന പ്രത്യേകം ഊഷ്മളതയുള്ളതും അർത്ഥവ്യാപ്തിയുമുള്ളതുമാണ്. പത്രോസിന്റെ പിൻഗാമിയായ മാർപാപ്പയെ കത്തോലിക്കാസഭയിൽ അഭിസംബോധന ചെയ്യുന്നപോലെതന്നെ അഭിസംബോധന ചെയ്ത് സ്വീകരിച്ചു എന്നത് സൂചനാപരവും ഏറെ അർത്ഥവ്യാപ്തിയുമുള്ളതാണ്. ഒരു രാഷ്ട്രത്തലവൻ എന്ന നിലയിൽ സാങ്കേതികമായി പരി. പിതാവിന്റെ ഈ സന്ദർശനം പരിഗണിക്കാമെങ്കിലും, 'സമാധാനത്തിന്റെ ദൂതൻ' എന്ന നിലയിലാണ് പരി. പിതാവിനെ അറബ്‌ലോകവും ലോകരാഷ്ട്രങ്ങളും കണ്ടതും, കാണുന്നതും. വിവിധ രാജ്യങ്ങൾ തമ്മിലും മതങ്ങൾ തമ്മിലുമുള്ള സംവാദങ്ങൾ നടത്തുവാൻ തക്കവിധം ഒരു വഴി ഒരുക്കപ്പെട്ടു എന്നുള്ളതാണ് ഏറ്റം പ്രസക്തം. അതിലൂടെ ഗുണപരമായ പ്രതികരണങ്ങളുളവാകത്തക്കവിധമുള്ള ഒരു അന്തരീക്ഷം സൃഷ്ടിക്കുന്നതിന്റെ ആദ്യപടിയായാണ് പരി. പിതാവിന്റെ സന്ദർശനത്തെ ലോകം കാണുന്നത്. അങ്ങനെ കാണുന്നതിനാണ് ഞാനും ആഗ്ര

ഹിക്കുന്നത്.

**Q3. ഈ സന്ദർശനം ലോകം മുഴുവൻ ശ്രദ്ധ പിടിച്ചുപറ്റി. മാധ്യമങ്ങളും വലിയ പ്രാധാന്യത്തോടുകൂടിയാണ് ഇതിനെ നോക്കിക്കണ്ടത്. അതിനുള്ള കാരണം?**

**A3.** സംഘർഷഭരിതമായ ആധുനിക ലോകചരിത്രത്തിൽ, മതങ്ങൾ തമ്മിലുള്ള ബന്ധത്തിന്റെ പ്രത്യേകതയൊക്കെ നമ്മൾ തിരിച്ചറിയുമ്പോൾ ഏറ്റവും ചർച്ച ചെയ്യപ്പെടുന്ന വിഷയമാണ് സംഘർഷങ്ങളിൽ ചില മതാനുയായികൾക്കും അതിൽ പങ്ക് ഉണ്ട് എന്നത്. ഇപ്രകാരം സംഘർഷഭരിതമായ സാഹചര്യങ്ങളുടെ ഇടയിൽ സമാധാനത്തിന്റെ ഒലിവിലയുമായി പരി. പിതാവ് വരുമ്പോൾ ഏവരും പിതാവിനെ കാണുന്നത് വ്യത്യസ്തമായ ഒരു കാഴ്ചപ്പാടിലൂടെയാണ്. അതിനു കാരണം, പരി. പിതാവ് കത്തോലിക്കാസഭയുടെ പരമാദ്ധ്യക്ഷൻ എന്നതോടൊപ്പം, ലോകം കാണുന്നത് സമാധാനത്തിന്റെ പ്രചാരകനായിട്ടുകൂടിയാണ്. അത്തരത്തിൽ സ്വാധീനം ചെലുത്താൻതക്ക അർഥവ്യാപ്തി പിതാവിന്റെ സന്ദർശനത്തിനുണ്ട് എന്നതുകൊണ്ടാണ് ലോകം മുഴുവൻ ഈ സന്ദർശനത്തെ പ്രത്യേകം ശ്രദ്ധിച്ചത്. മാത്രമല്ല, യു.എ.ഇ. എന്ന് പറയുന്ന രാജ്യത്തേക്ക്, മുസ്ലീം ഭൂരിപക്ഷമുള്ള രാജ്യത്തേക്ക്, കത്തോലിക്കാസഭയുടെ പരമാദ്ധ്യക്ഷൻ ചെല്ലുകയും ഊഷ്മളമായി സ്വീകരിക്കപ്പെടുകയും, എല്ലാ ക്രമീകരണങ്ങളും സർക്കാർ തന്നെ നടത്തുകയും ചെയ്തത് പ്രത്യേകതയുള്ള ഒരു അനുഭവം കൂടിയാണ്. അതുകൊണ്ടുതന്നെ, അത് ഏറെ ശ്രദ്ധിക്കപ്പെടുന്നതിനും കാരണമായി.

**Q4. സംഘർഷഭരിതമായ സാഹചര്യത്തിലൂടെ ലോകം കടന്നുപോകുമ്പോൾ പരി. ഫ്രാൻസിസ് മാർപാപ്പായുടെ ഈ സന്ദർശനം ലോകത്തിനു നൽകുന്ന സന്ദേശം എന്താണ്?**

**A4.** സംഭാഷണങ്ങളിലൂടെയും കണ്ടുമുട്ടലുകളിലൂടെയും ചർച്ചകളിലൂടെയും മാത്രമേ സംഘർഷം കുറയ്ക്കുന്നതിനു കഴിയുകയുള്ളൂ. സമാധാനം കൈവരിക്കണമെങ്കിൽ സംഭാഷണം നടത്തണം, പരസ്പരം കണ്ടുമുട്ടണം. പരി. പിതാവ് കണ്ടുമുട്ടിയത് ഭരണാധികാരിയെ മാത്രമല്ല യു.എ.ഇ. യിൽ ഉള്ള സകല ജനങ്ങളെയും, യു.എ.ഇ. യുമായി ബന്ധപ്പെട്ട കോടിക്കണക്കിന് ആളുകളെയുമാണ്. ഇത് ഒരു അടയാളമാണ് - സൂചനാപരമായ അടയാളം. അതായത് സമാധാന സംസ്ഥാപനത്തിനായി, ജനങ്ങളുടെ ക്ഷേമത്തിനായി, ദേശത്തിന്റെ പുരോഗതിക്കായി നമുക്ക് ഒരുമിച്ചിരുന്നു സംസാരിക്കാൻ കഴിയും. ഒരുമിച്ച് ആലോചിക്കാൻ കഴിയും, ഒരുമിച്ച് പ്രവർത്തിക്കാൻ കഴിയും, ഇതാണ് സമാധാന സംസ്ഥാപനത്തിനുള്ള ഏറ്റവും അനുയോജ്യമായ മാർഗം. അതാണ് പരി. പിതാവ് തന്റെ സന്ദർശനത്തിലൂടെ ലക്ഷ്യം വച്ചത്.

**Q5. പരിശുദ്ധ പിതാവ് തന്റെ സന്ദേശമദ്ധ്യേ കേരളത്തിലെ രണ്ട് പൗരസ്ത്യ കത്തോലിക്കാ സഭകളുടെ പേരുകളും പരാമർശിക്കുകയുണ്ടായി. ഇത് നമ്മുടെ സഭകൾക്കു ലഭിച്ച വലിയ അംഗീകാരമല്ലേ?**

**A5.** പരി. പിതാവ് വി. കുർബാനമദ്ധ്യേ സുവിശേഷപ്രസംഗത്തിൽ അവിടെയുള്ള എല്ലാ പൗരസ്ത്യ സഭകളുടെയും സാന്നിധ്യം പരാമർശിച്ചു. നമ്മുടെ സഭയും സീറോ മലബാർസഭയും ഉൾപ്പെടെയുള്ള പൗരസ്ത്യ കത്തോലിക്കാസഭകൾ, ഏതെല്ലാം അവിടെയുണ്ടോ, അവരുടെയെല്ലാം പേരുകൾ പരാമർശിക്കപ്പെട്ടു. മാത്രവുമല്ല, വി. കുർബാനയിൽ പൗരസ്ത്യസഭകളിലെ പാത്രിയർക്കീസ് ബാവാമാരും, മേജർ ആർച്ചുബിഷപ്പുമാരും, മെത്രാന്മാരും ഉൾപ്പെടെ ധാരാളം ആളുകൾ അതിൽ സംബന്ധിച്ചു. നമ്മുടെ സഭാംഗങ്ങൾ അവിടെ കൂടുതൽ ഉള്ളതുകൊണ്ട് തീർച്ചയായും നമ്മെ സംബന്ധിച്ച് ഒരു വലിയ അംഗീകാരം ആയിരുന്നു അത്. പരി. പിതാവിന്റെ ശ്രദ്ധയിലും പ്രാർത്ഥനയിലും നാം ഉണ്ട് എന്നതിന്റെ വലിയ ഓർമ്മപ്പെടുത്തലുമായിരുന്നു. പൗരസ്ത്യസഭകളുടെ അനന്യത നിലനിർത്തിക്കൊണ്ട് അവിടെയുള്ള കത്തോലിക്കാ കൂട്ടായ്മയിൽ ഈ സഭാവിഭാഗങ്ങളെല്ലാം സജീവമായി ഉണ്ട് എന്നതാണ് പരി. പിതാവ് തന്റെ പ്രസംഗമദ്ധ്യേ ഓർമ്മപ്പെടുത്തിയത്. അതുകൊണ്ടാണ് സഭാദ്ധ്യക്ഷന്മാരായ ഞങ്ങളെയൊക്കെ, യു.എ.ഇ. സർക്കാരും പ്രാദേശിക സഭാനേതൃത്വവും ക്ഷണിക്കുകയും, അതിൽ പോയി പങ്കെടുക്കുവാൻ ഇടയായതും.

**Q6. മതസൗഹാർദ്ദവും മതാന്തരസംവാദവും ഊട്ടിയുറപ്പിച്ച പാപ്പായുടെ ഈ സന്ദർശനത്തെക്കുറിച്ച് പിതാവിന്റെ വ്യക്തിപരമായ അഭിപ്രായം എന്താണ്?**

**A6.** പരി. പിതാവിന്റെ സന്ദർശനവുമായി ബന്ധപ്പെട്ട് മൂന്ന് കാര്യങ്ങൾ ശ്രദ്ധിക്കേണ്ടതായിട്ടുണ്ട് എന്നതാണ് എന്റെ വിലയിരുത്തൽ. ഒന്ന്, പരി. പിതാവിന്റെ സന്ദർശനം ആ ദേശത്ത് പുതിയ ഒരു വസന്തകാലത്തിന്റെ ആരംഭമായി അനുഭവപ്പെട്ടു. സമാധാനത്തിന്റെ സന്ദേശവുമായി കത്തോലിക്കാസഭയുടെ പരമാദ്ധ്യക്ഷൻ ആ മണ്ണിൽ വന്നു പ്രാർത്ഥിച്ചു, വി. കുർബാനയർപ്പിച്ചു, വിശ്വാസികളോടും പൊതുസമൂഹത്തോടും സംവദിച്ചു, ഭരണാധികാരികളോട് സംസാരിച്ചു. ഒരു പുതിയ അടയാളം പരി. പിതാവ് ലോകത്തിന് നൽകുകയുണ്ടായി. ഇത് ഒരു വലിയ അനുഭവം തന്നെയായിരുന്നു. രണ്ടാമതായി, പരി. പിതാവിന്റെ സന്ദർശനവുമായി ബന്ധപ്പെട്ട്, മാനവസാഹോദര്യം എന്ന വിഷയത്തെ അധിഷ്ഠിതമാക്കി, ഗവൺമെന്റിന്റെ പ്രത്യേക മേൽനോട്ടത്തിലും, Muslim Elders Council ന്റെ ആതിഥേയത്വത്തിലും രണ്ട് ദിവസത്തെ സംവാദവും സവിശേഷമായ ചർച്ചയും ഉണ്ടായിരുന്നു. അതിൽ പങ്കെടുക്കുവാനാണ് എന്നെ പ്രത്യേകം ക്ഷണിച്ചിരുന്നത്. ഇന്ത്യയിൽനിന്ന് കർദ്ദിനാൾമാരുടെ പ്രതിനിധിയായും, പൗരസ്ത്യ സഭകളുടെ പ്രതിനിധിയായും ഞാൻ അതിൽ സംബന്ധിച്ചു. അവിടെ ഹിന്ദുവും ക്രിസ്ത്യാനിയും മുസൽമാനും ഒക്കെ പ്രതിനിധികളായി സംസാരിച്ചു. അവിടെ എല്ലാവരും പങ്ക് വച്ചത് മനുഷ്യസാഹോദര്യം ഊട്ടിയുറപ്പിക്കുന്ന



തിന് നമുക്ക് സവിശേഷമായ കടമയുണ്ട് എന്നാണ്. ഏത് മതത്തിൽ വിശ്വസിച്ചാലും, ഏത് മതത്തിന്റെ തത്വങ്ങൾ അനുസരിച്ച് ജീവിച്ചാലും, രാഷ്ട്രത്തിന്റെ തലവനും രാഷ്ട്രത്തിന്റെ പൗരന്മാരും, ഒരേ രാജ്യത്തിന്റെ മക്കൾ എന്ന നിലയിൽ ഒരുമയോടെ പ്രവർത്തിക്കണമെന്ന് ഉദ്ബോധിപ്പിച്ചു. അതുപോലെതന്നെ, മതത്തിനു അതീതമായിട്ടുള്ള സഹോദര്യബന്ധം കെട്ടിപ്പടുക്കേണ്ടതിന്റെ ആവശ്യകതയും ഊന്നി പറയുകയുണ്ടായി. പരി. പിതാവിന്റെ സന്ദർശനവുമായി ബന്ധപ്പെട്ട് ക്രമീകരിച്ച ഈ സംവാദം പോസിറ്റിവായിട്ടുള്ള, ഗുണപരമായിട്ടുള്ള അന്തരീക്ഷം സൃഷ്ടിക്കുന്നതിന് ഇടയായി. മുസ്ലീം സമുദായത്തിന്റെ നേതൃനിരയിൽ പ്രവർത്തിക്കുന്ന ഇമാമുകൾ, പണ്ഡിതന്മാർ, രാജ്യത്തിന്റെ ചുമതലയുള്ള മന്ത്രിമാർ ഒക്കെയാണ് ഈ സംവാദത്തിൽ പങ്കുചേർന്നത് എന്നത് വളരെ സന്തോഷകരമായ കാര്യമായിരുന്നു. മൂന്നാമതായി, എനിക്ക് അനുഭവപ്പെട്ട ഒരു കാര്യം, പരി. പിതാവിന്റെ സന്ദർശനത്തിന്റെ ആതിഥ്യം പൂർണ്ണാർത്ഥത്തിൽ ക്രമീകരിച്ചത് അവിടുത്തെ സർക്കാരാണ്. ഉദാഹരണം പറഞ്ഞാൽ, അവിടെ ഏതാണ്ട് ഒന്നരലക്ഷത്തോളം പേർ വി. കുർബാനയ്ക്ക് വന്നു. അവർക്കെല്ലാവർക്കും പ്രഭാതഭക്ഷണം ഗവൺമെന്റ് ഒരുക്കി. പ്രഭാതഭക്ഷണം ഒരുക്കിയെന്നുള്ളത് വലിയ ഒരു കാര്യമാണോ എന്ന് ചിന്തിക്കുന്നവർ കാണും. പക്ഷേ, മാർപാപ്പ തിരുമേനി അർപ്പിക്കുന്ന വി. കുർബാനയിൽ സംബന്ധിക്കാൻ വന്നിരിക്കുന്ന ആളുകൾക്ക്, മുസ്ലീം രാജ്യമായ യു. എ. ഇ. യിലെ സർക്കാർ വേണ്ട എല്ലാ കാര്യങ്ങളും ഒരുക്കി എന്നതാണ് ഏറ്റം പ്രധാനം. വെളുപ്പിനെ 1.30 മുതൽ സ്റ്റേഡിയത്തിൽ പ്രവേശിച്ചവരാണ് ആളുകൾ എന്നത് ഓർക്കണം. രാവിലെ 10.00 മണിക്കാണ് വി. കുർബാന. അതുവരെയുള്ള സമയത്ത് ആളുകൾക്ക് കൊടുക്കാനുള്ള ഭക്ഷണവും വെള്ളവുമെല്ലാം ഒരു സർക്കാർ തന്നെ ക്രമീകരിച്ചു എന്ന് പറയുന്നത് അവരുടെ മികവിനെയും, കഴിവിനെയും പറ്റി പറയാനല്ല, അവർ ഈ സന്ദർശനത്തെ എത്ര വലുപ്പത്തിൽ കണ്ടു എന്ന് സൂചിപ്പിക്കാനാണ്. വിശുദ്ധ കുർബ്ബാനയ്ക്ക് തടസ്സമുണ്ടാകരുത്, ആളുകൾക്ക് യാതൊരു ബുദ്ധിമുട്ടും ഉണ്ടാകരുത് എന്ന ദൃഢമായ നിശ്ചയത്തിന്റെയും കരുതലിന്റെയും ഭാഗമാണത്. മേൽപറഞ്ഞ മൂന്ന് കാര്യങ്ങൾ എടുത്തു പറയുമ്പോഴും വ്യക്തിപരമായി എനിക്ക് തോന്നുന്നത്, ദൈവത്തിന്റെ വലിയ ഒരു ഇടപെടൽ, പരി. പിതാവിന്റെ സന്ദർശനത്തിലൂടെ പ്രകടമായി എന്നുള്ളതാണ്. ഒരു ആത്മീയമായ അന്തരീക്ഷം, ഗുണപരമായ അന്തരീക്ഷം സൃഷ്ടിക്കപ്പെട്ടു. വരും കാലങ്ങളിൽ ഇതിന്റെ അനുരണനങ്ങൾ അവിടെ മാത്രമല്ല മറ്റ് പല രാജ്യങ്ങളിലും അനുഭവപ്പെട്ടേക്കാം. എല്ലാ മനുഷ്യരെയും സഹോദരങ്ങളായി കാണുവാൻ, പ്രത്യേകിച്ച് ഓരോരുത്തരും ആയിരിക്കുന്ന രാജ്യങ്ങളിൽ, മറ്റ് മതസ്ഥരോട് സഹകരിച്ച് പ്രവർത്തിക്കാൻ സാധിക്കുന്ന, ഹൃദയം തുറക്കുന്ന, മറ്റുള്ളവരെ കരുതുന്ന, മതത്തിന്റെ പേരിൽ ആരെയും നിരാകരിക്കാത്ത ഒരു അന്തരീക്ഷം സൃഷ്ടിക്കപ്പെടണം. പരി. പിതാവിനെ പൊതുസമൂഹത്തിൽ കൂടുതൽ സ്വീകാര്യനാക്കിയതിനു പുറകിൽ മറ്റൊരു കാരണവുമുണ്ട്. അഭയാർത്ഥികളെ തടയുന്ന യൂറോപ്പിന്റെയും അമേരിക്കയുടെയും സംസ്കാരത്തിന്റെ മുമ്പിൽ നിന്നുകൊണ്ട് പരി. ഫ്രാൻസിസ് മാർപാപ്പ പറഞ്ഞു, അഭയാർത്ഥികൾ തള്ളിക്കളയപ്പെടേണ്ടവരല്ല. അഭയാർത്ഥികൾ നമ്മുടെയടുത്ത് വരുന്നത് നമ്മെ അനുഗ്രഹമായി കണ്ടുകൊണ്ടാണ്. അതുകൊണ്ട് അവരെ സംരക്ഷിക്കാനുള്ള ഉത്തരവാദിത്വം നമുക്കുണ്ട്. ആര് വാതിൽ കൊട്ടിയടച്ചാലും ഞാൻ കൊട്ടി അടയ്ക്കില്ല. ഈ വാതിലുകൾ എപ്പോഴും തുറന്നിട്ടിരിക്കും എന്ന് പറഞ്ഞ് പരി. പിതാവ് നാല് കുടുംബങ്ങളെ വത്തിക്കാനിലേക്ക് കൂട്ടിക്കൊണ്ടുപോയി പുനരധിവസിപ്പിച്ചു. പരി. പിതാവിന്റേത് അടയാളപരമായ പ്രവർത്തിയായിരുന്നു. അതിനെ എതിർത്തിട്ടുള്ള ആളുകൾ കത്തോലിക്കാസഭയിൽ തന്നെയുണ്ട് എന്നത് ശരിയാണ്. പരി. പിതാവ് പറയുന്നത്, സ്നേഹം കൊണ്ടല്ലാതെ സംഘർഷത്തെ കുറയ്ക്കാൻ കഴിയില്ല. ഉച്ചത്തിലുള്ള സ്വരവും, അച്ചടക്കത്തിന്റെ വാളും, ആയുധത്തിന്റെ പണിപ്പുരയും കാണിച്ച് സമാധാനം വീണ്ടെടുക്കാൻ ലോകത്തിൽ ആർക്കും കഴിയില്ല. സംവാദം, സംഭാഷണം, സ്നേഹം ഇവകൊണ്ട് മാത്രമെ സമാധാനത്തെ പുനസ്ഥാപിക്കാൻ കഴിയുകയുള്ളൂ. അതുകൊണ്ട് സമാധാനത്തെ പുനസ്ഥാപിക്കുവാനുള്ള പരി. പിതാവിന്റെ പരിശ്രമത്തിന്റെ ഊഷ്മളമായ ഒരു അധ്യായമാണ് യു. എ. ഇ. യിൽ എഴുതിച്ചേർത്തത് എന്നതാണ് എന്റെ വ്യക്തിപരമായ നിരീക്ഷണവും, അനുഭവവും.

**Q7. പാപ്പായുടെ സന്ദർശനവുമായി ബന്ധപ്പെടുത്തി മലയാളി സമൂഹത്തിന്റെ നേതൃത്വവും സാന്നിധ്യവും എങ്ങനെയാണ് പിതാവ് കാണുന്നത്?**

**A7.** മലയാളികൾ വളരെ സജീവമായി പാപ്പായുടെ സന്ദർശനത്തിൽ വ്യാപരിച്ചു. അവർ സന്തോഷത്തോടെ ഇക്കാര്യത്തെക്കുറിച്ച് സംസാരിക്കുകയുണ്ടായി. കത്തോലിക്കാസഭയുടെ പരമാദ്ധ്യക്ഷൻ എന്ന നിലയ്ക്ക് പരി. ഫ്രാൻസിസ് പാപ്പ വരുമ്പോൾ അതിൽ ഏറ്റവും സന്തോഷിച്ചത് കത്തോലിക്കരായ മലയാളികൾ ആയിരുന്നു എന്ന

തിന് സംശയമില്ല. നമ്മുടെ ലത്തീൻസഭയിലെയും, സീറോ മലബാർസഭയിലെയും, മലങ്കര കത്തോലിക്കാസഭയിലെയും കുടുംബങ്ങൾക്ക് വലിയ ആവേശമായിരുന്നു പാപ്പായുടെ സന്ദർശനം. ദുബായ് സെന്റ് മേരീസ് പള്ളിയിൽ പരി. പിതാവിനെ നമ്മുടെ കുഞ്ഞുങ്ങൾ എതിരേറ്റത്, പരമ്പരാഗതമായി, നമ്മൾ പിതാക്കന്മാരെ വരവേൽക്കുമ്പോൾ പാടുന്ന 'തോബശ്ലോം' (സ്വാഗതമേ) പാടിയാണ്. നമ്മുടെ സഭയുടെ ഗൾഫ് കോർഡിനേറ്ററായ ബഹു. മാത്യു കണ്ടത്തിലച്ചൻ, തിരഞ്ഞെടുക്കപ്പെട്ട മറ്റ് വികാരിമാരോടൊപ്പം റോയൽ പാലസിൽ പരി. പിതാവിനെ കാണുകയും, പരി. പിതാവിന്റെ അനുഗ്രഹം നേടുകയും ചെയ്തിരുന്നു. അറബ് രാജ്യങ്ങൾ ഉൾപ്പെടെ പല രാജ്യങ്ങളിൽനിന്ന് നമ്മുടെ ആളുകളും, വൈദികരും പരി. പിതാവിന്റെ കുർബാനയിൽ സംബന്ധിച്ചു. അത് വലിയ സന്തോഷകരമായ അനുഭവമായിരുന്നു. പരി. പിതാവിന്റെ സന്ദർശനവേളയിലുള്ള എന്റെയും സാന്നിധ്യം സ്നേഹത്തോടും സന്തോഷത്തോടും കൂടി നമ്മുടെ സഭാമക്കൾ അനുഭവിച്ചു. മലയാളി സമൂഹത്തിനും, മലയാളി കത്തോലിക്കർക്കും, പ്രത്യേകിച്ച് മലങ്കര സുറിയാനി കത്തോലിക്കാമക്കൾക്കും സഭാപരമായി വലിയ സന്തോഷവും ഔന്നത്യവും ലഭിച്ച സന്ദർഭമായിരുന്നു പരി. പിതാവിന്റെ അറബ് രാജ്യങ്ങളിലുള്ള സന്ദർശനം.

**Q8. സന്ദർശനവേളയിൽ പരി. പിതാവ് നടത്തിയ സന്ദേശങ്ങളുടെ രത്നച്ചുരുക്കം ഒന്നു വിശദമാക്കാമോ?**

**A8.** പരി. പിതാവ്, തിരഞ്ഞെടുക്കപ്പെട്ട 600 പ്രതിനിധികളോടു പറഞ്ഞ ഒരു പ്രധാന കാര്യം സമാധാനത്തെക്കുറിച്ചും, സംവാദത്തെക്കുറിച്ചും, സമാധാനം സ്ഥാപിക്കുന്നതിന് നാം ഓരോരുത്തരും കടപ്പെട്ടവരാണെന്ന കാര്യത്തെക്കുറിച്ചുമാണ്. വി. കുർബാനമദ്ധ്യേയുള്ള സന്ദേശം 'ആത്മാവിൽ ദരിദ്രർ ഭാഗ്യവാന്മാർ' എന്ന ഗിരിപ്രഭാഷണത്തിന്റെ സവിശേഷമായ വിലയിരുത്തലായിരുന്നു. പ്രസംഗമദ്ധ്യേ അവിടെ ശുശ്രൂഷ ചെയ്യുന്ന വൈദികരെ പ്രത്യേകം ആദരിക്കുകയും, പരാമർശിക്കുകയും ചെയ്തു. വിശ്വാസത്തെ ബലപ്പെടുത്തി ക്രിസ്തീയ ജീവിതത്തിന്റെ ശ്രേഷ്ഠമായ ശൈലിയിൽ ജീവിക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ചും പരി. പിതാവ് പരാമർശിച്ചു. വി. കുർബാനമദ്ധ്യേ പരി. പിതാവ് സംസാരിച്ചപ്പോൾ, ആ രാജ്യത്തെ ഭരണാധികാരികളോട് നന്ദി പറയാനും പ്രത്യേകം ശ്രദ്ധിച്ചു. കാരണം ഭരണാധികാരികൾ, സകല പ്രോട്ടോക്കോളും മാറ്റിവച്ച് എയർപോർട്ടിൽ വന്ന് സ്വീകരിക്കുകയും 'Holy Father' എന്ന് അഭിസംബോധന ചെയ്യുകയും, കൊട്ടാരത്തിൽ വന്നപ്പോൾ, അവിടുത്തെ കുടുംബം മുഴുവൻ ഇറങ്ങി വന്ന് സ്വീകരിക്കുകയും, പരി. പിതാവിനെ എയർപോർട്ടിൽ ചെന്ന് യാത്രയാക്കുകയും ചെയ്തിരുന്നു. അവയെല്ലാം സാധാരണ പ്രോട്ടോക്കോളിൽനിന്ന് തീർത്തും വ്യത്യസ്തമാണ്. പരി. പിതാവ് യാത്ര പറയുന്നതുവരെ, ഭരണാധികാരി, പ്രത്യേകിച്ച് Crown Prince അവിടുത്തെ ഉപസർവ്വ സൈന്യാധിപൻ, എന്നിവർ അവിടെയുണ്ടായിരുന്നു. ഇതെല്ലാംകൂടി ചേർന്ന് ചിന്തിക്കുമ്പോൾ ഭൗതികമായ ക്രമീകരണത്തിന്റെ വലിപ്പത്തെക്കാളുപരി, ദൈവം താല്പര്യപ്പെട്ട സന്ദർശനമായി അതിനെ കാണുന്നു. പ്രത്യേകിച്ച് ഒരു മുസ്ലീം രാജ്യത്ത് ഇത്ര വിപുലമായ ഒരു ക്രമീകരണം കണ്ടതിൽ ഏറെ സന്തോഷം. മുസ്ലീങ്ങൾക്കും ക്രിസ്ത്യാനികൾക്കും ഏറെ അഭിമാനിക്കാവുന്ന കാര്യമാണത്.

**Q9. ഒരു മുസ്ലീം രാജ്യത്ത് പ്രോട്ടോക്കോളിനെ മറികടന്ന് വളരെ വിശാലമായ സ്വീകരണം അവർ ഒരുക്കി. എന്നാൽ, പാപ്പാ ഇന്ത്യയിലേക്ക് വരാൻ താല്പര്യം പ്രകടിപ്പിക്കുന്നുവെങ്കിലും, പല തടസ്സങ്ങളും നിലനില്ക്കുന്നു. ആ തടസ്സങ്ങൾ മാറാൻ സാധ്യതയുണ്ടോ? എന്നാണ് പാപ്പാ ഇന്ത്യയിലേക്ക് വരാൻ സാധ്യത?**

**A9.** പാപ്പാ ഇന്ത്യയിലേക്ക് വരാൻ എപ്പോഴും സന്നദ്ധനാണ്. പാപ്പായുടെ സന്നദ്ധതയുടെ മാത്രം കാര്യമല്ലത്. ഒരു ഭരണാധികാരി എന്ന നിലയിൽ, ഇന്ത്യൻ ഭരണകൂടത്തിന്റെ ഔദ്യോഗികമായ ക്ഷണം ഇതിനാവശ്യമാണ്. കേന്ദ്രസർക്കാരാണ് ഇതിന് തടസ്സം നില്ക്കുന്നത് എന്ന് എന്റെ അഭിപ്രായമായി ഒരു പത്രത്തിൽ വന്നിരുന്നു. എന്റെ അറിവില്ലാതെയാണ് അപ്രകാരം അവർ പ്രസിദ്ധീകരിച്ചത്. ഞാൻ പ്രസ്താവിച്ചതോ, ഇന്റർവ്യൂ നല്കിയതോ ആയ കാര്യമല്ല. എന്നാൽ ഇന്ത്യാമഹാരാജ്യം ഇക്കാര്യത്തിൽ കുറച്ചുകൂടി വിശാല മനസ്കതയും ശ്രദ്ധയും ചെലുത്തേണ്ടതുണ്ട് എന്നുള്ളത് സത്യമാണ്. നമ്മുടേതുപോലുള്ള മതേതര രാജ്യം, മാർപാപ്പാ തിരുമേനിയെ ഈ രാജ്യത്തേക്ക് ക്ഷണിക്കേണ്ടത്, നമ്മുടെ രാജ്യത്തിന്റെ മഹത്തായ പാരമ്പര്യവും ശ്രേഷ്ഠമായ സംസ്കാരവും വെളിപ്പെടുത്തുന്നതിന്റെ ഭാഗമാണ്. പുതിയ സർക്കാർ ആര് ഭരിച്ചാലും, പരി. പിതാവിനെ അടുത്ത സർക്കാർ കൊണ്ടുവരും എന്നാണ് എന്റെ ഉത്തമമായ ബോധ്യം.





# മാർപാപ്പായുടെ യു.എ.ഇ. സന്ദർശനം
# മാനവികതയ്ക്കൊരു മഹാസമ്മാനം



**മോൺ. ചെറിയാൻ താഴമൺ**
(വികാരി ജനറാൾ,
തിരുവല്ല അതിഭദ്രാസനം)

**രാ**ഷ്ട്രത്തലവന്മാരുടെ പരസ്പര സന്ദർശനങ്ങളും കൂടിക്കാഴ്ചകളും മാദ്ധ്യമങ്ങളിൽ വാർത്തയാകുക സാധാരണയാണ്. **'ലോകശക്തികൾ'** എന്നറിയപ്പെടുന്ന രാഷ്ട്രങ്ങളിലെ ഭരണാധികാരികളുടെ വിദേശ സന്ദർശനങ്ങൾ അന്താരാഷ്ട്ര വാർത്താപ്രാധാന്യം നേടുക സർവ്വസാധാരണവും. സാധാരണ രാഷ്ട്രത്തലവന്മാരുടെ വിദേശ സന്ദർശന സന്ദർഭങ്ങളിൽ സാമ്പത്തിക കരാറുകൾ, സൈനിക കരാറുകൾ, ആയുധക്കരാറുകൾ, വ്യാപാരക്കരാറുകൾ, രാജ്യാതിർത്തിനിർണ്ണയക്കരാറുകൾ തുടങ്ങിയവ ഒപ്പുവയ്ക്കുക പതിവാണ്, അവ വാർത്തയുമാണ്. ഇതിൽ നിന്നെല്ലാം വളരെ വ്യത്യസ്തമാണ് ലോകത്തിലെ ഏറ്റവും ചെറിയ രാജ്യമായ വത്തിക്കാൻ രാഷ്ട്രത്തിന്റെ തലവൻകൂടിയായ സാർവ്വത്രികസഭയുടെ തലവനും പിതാവുമായ റോമാമാർപാപ്പായുടെ വിദേശ രാഷ്ട്ര സന്ദർശനങ്ങൾ. സാമ്പത്തിക സഹകരണങ്ങളെക്കാൾ അന്താരാഷ്ട്രതലങ്ങളിൽ നടമാടുന്ന സാമ്പത്തിക അസമത്വങ്ങളുടെ നിർമ്മാർജ്ജനത്തെക്കുറിച്ചും, സൈനിക സഹകരണ കരാറുകളേക്കാൾ സൈനിക ഇടപെടലുകൾ ഇല്ലാതാക്കുന്നതിനെക്കുറിച്ചും, യുദ്ധോപകരണ നിർമ്മാണത്തേക്കാൾ യുദ്ധോപകരണ നിർമ്മാർജ്ജന

ത്തെക്കുറിച്ചും, വ്യാപാര സഹകരണത്തേക്കാൾ അന്താരാഷ്ട്ര വ്യാപാരത്തിലെ അനീതി അവസാനിപ്പിക്കുന്നതിനെക്കുറിച്ചും, രാജ്യാതിർത്തി നിർണ്ണയത്തേക്കാൾ സാർവ്വത്രിക സമഭാവന വളർത്തുന്നതിനെക്കുറിച്ചും, ലോകത്തിൽനിന്ന് പട്ടിണി നിർമ്മാർജ്ജനം ചെയ്യുന്നതിനെക്കുറിച്ചും, വ്യക്തിസ്വാതന്ത്ര്യവും മതസ്വാതന്ത്ര്യവും ഉൾപ്പെടെയുള്ള മൗലികാവകാശങ്ങൾ എല്ലാ ജനവിഭാഗങ്ങൾക്കും ലഭ്യമാക്കുന്നതിനെക്കുറിച്ചുമൊക്കെയാണ് മാർപാപ്പാമാരുടെ വിദേശരാഷ്ട്ര സന്ദർശനങ്ങളിൽ ചർച്ചാ വിഷയങ്ങളാകുന്നത്. ഇതുവരെയുള്ള മാർപാപ്പാമാർ നടത്തിയിട്ടുള്ള വിദേശയാത്രകളിൽ നിന്നെല്ലാം വ്യത്യസ്തമായിരുന്നു വിശുദ്ധ പത്രോസിന്റെ 265-ാമത്തെ പിൻഗാമി ഫ്രാൻസിസ് മാർപാപ്പാ 2019 ഫെബ്രുവരി മൂന്ന് മുതൽ അഞ്ച് വരെ നടത്തിയ യു.എ.ഇ. സന്ദർശനം. അദ്ദേഹത്തിന്റെ യു.എ.ഇ. സന്ദർശനത്തെക്കുറിച്ച് മാദ്ധ്യമങ്ങൾ നല്കിയ ചില തലക്കെട്ടുകൾ മാത്രം ശ്രദ്ധിച്ചാൽപോലും അന്താരാഷ്ട്ര സമൂഹം അദ്ദേഹത്തിന്റെ സന്ദർശനത്തിൽനിന്ന് എന്താണ് പ്രതീക്ഷിച്ചതെന്ന് വ്യക്തമാകും. ഏതാനും ചില തലക്കെട്ടുകൾ കുറിക്കാം. 'സഹോദരനായി മാർപാപ്പാ; ഹൃദയത്തിലേറ്റി യു.എ.ഇ.' (മലയാള മനോരമ, ഫെബ്രുവരി 4) 'മതത്തിന്റെ പേരിലുള്ള അക്രമം ന്യായീകരിക്കാനാവില്ല' (മംഗളം ഫെബ്രുവരി 5) 'Pope Francis calls for end to war in Yemen and Syria' (ദി ഹിന്ദു, ഫെബ്രുവരി 5) 'ചരിത്രമെഴുതി ഫ്രാൻസിസ് മാർപാപ്പാ' (മലയാള മനോരമ, ഫെബ്രുവരി 6) 'ദൈവത്തിന്റെ പേരിലുള്ള അക്രമത്തിന് ന്യായീകരണമില്ല'' (ദീപിക, ഫെബ്രുവരി 5) 'പിറന്നതു ചരിത്രം, മനം നിറച്ച് മാർപാപ്പാ മടങ്ങി' (മംഗളം, ഫെബ്രുവരി 6) 'ആയുധപ്പന്തയം സമാധാനം കൊണ്ടുവരില്ല, മാർപാപ്പാ' (ദേശാഭിമാനി, ഫെബ്രുവരി 6) ഹൃദയങ്ങൾ കീഴടക്കി ഫ്രാൻസിസ് പാപ്പാ (ദീപിക, ഫെബ്രുവരി 6) ഇങ്ങനെ തലക്കെട്ടുകൾ നീളുന്നു. ഫ്രാൻസിസ് പാപ്പായുടെ 27-ാമത്തെ അപ്പസ്തോലിക സന്ദർശനവും, 41-ാമത്തെ രാജ്യവുമായിരുന്നു യു.എ.ഇ. സന്ദർശനം. അനേക പത്രങ്ങളിൽ പത്രാധിപലേഖനവും പ്രധാന ലേഖനങ്ങളും ഈ സന്ദർശനത്തെക്കുറിച്ചായിരുന്നു.

യു.എ.ഇ. യിൽ ഫ്രാൻസിസ് മാർപാപ്പായ്ക്കു ലഭിച്ച അല്ലെങ്കിൽ യു.എ.ഇ. ഭരണാധികാരികൾ നല്കിയ സ്വീകരണത്തെക്കുറിച്ചും യാത്രയയപ്പിനെക്കുറിച്ചുമുള്ള ചില വാർത്തകൾ കൂടി ഒന്നു കാണാം. 'മത സൗഹാർദത്തിനും സഹോദര്യത്തിനും അടിവരയിട്ട് ഫ്രാൻസിസ് മാർപാപ്പായ്ക്ക് യു.എ.ഇ പ്രസിഡൻഷ്യൽ കൊട്ടാരത്തിൽ രാജകീയ വരവേല്പ്. സഹോദരനായി എത്തിയ മാർപ്പാപ്പായെ യു.എ.ഇ. സ്വീകരിച്ചത്, കീഴ്വഴക്കങ്ങൾ മറികടന്നുള്ള സ്നേഹോഷ്മളതകളോടെ അബുദാബി കിരീടവകാശിയും യു.എ.ഇ. സായുധസേനാ ഉപസർവ്വ സൈന്യാധിപനുമായ ഷെയ്ഖ് മുഹമ്മദ് ബിൻ സായിദ് അൽ നഹ്യാനും, യു. എ. ഇ വൈസ് പ്രസിഡണ്ടും പ്രധാനമന്ത്രിയും ദുബായ് ഭരണാധികാരിയുമായ ഷെയ്ഖ് മുഹമ്മദ് ബിൻ റാഷിദ് അൽ മക്തും ചേർന്നായിരുന്നു. ഈജിപ്ത് അൽ അസ്ഹർ മസ്ജീത് ഗ്രാൻഡ് ഇമാം ഷെയ്ഖ് തയ്യിബ് അബുദാബി ഷെയ്ഖ് സായിദ് ഗ്രാൻസ് മസ്ജിലെത്തി മാർപ്പാപ്പായെ സന്ദർശിച്ചു. അൽ നഹ്യാൻ മാർപാപ്പായെ ' പരിശുദ്ധ പിതാവേ സ്വാഗതം'' എന്നഭിസംബോധന ചെയ്തത് ചരിത്രമായി. മാർപാപ്പായെ യാത്രയാക്കാനും ഷെയ്ഖ് മുഹമ്മദ് ബിൻ സയിദ് അൽ നഹ്യാൻ വിമാനത്താവളത്തിൽ സന്നിഹിതനായിരുന്നതും കീഴ്വഴക്കങ്ങൾക്കപ്പുറമുള്ള സൗഹൃദ നടപടിയായിരുന്നു. അബുദബിയിലെ പ്രസിഡൻഷ്യൽ കൊട്ടാരത്തിൽ സന്ദർശക ഡയറിയിൽ ഫ്രാൻസിസ് മാർപാപ്പാ സന്ദേശം എഴുതുമ്പോൾ, ഷെയ്ഖ് മുഹമ്മദ് ബിൽ റാഷിദ് അൽ മുക്തും, ഷെയ്ഖ് മുഹമ്മദ് ബിൽ സായിദ് അൽ നഹ്യാനും അത്യാദരപൂർവ്വം മാർപാപ്പയുടെ ഇരിപ്പിടത്തിനു സമീപം നില്ക്കുന്ന ചിത്രം യു.എ.ഇ. മാർപാപ്പായ്ക്ക് നല്കുന്ന ആദരവിന്റെയും ബഹുമാനത്തിന്റെയും ആഴം ലോകജനതയ്ക്ക് വെളിവാക്കുന്നതായിരുന്നു.

**ഫ്രാൻസിസ് മാർപാപ്പായുടെ യു.എ.ഇ. സന്ദർശനം ലോകത്തിന് എന്ത് നന്മ നല്കുന്നു എന്നതാണ് പ്രസക്തം.** മാർപാപ്പാ തന്റെ യു.എ.ഇ. സന്ദർശനത്തെ വിശേഷിപ്പിച്ചത് **'ക്രൈസ്തവ ഇസ്ലാം മതങ്ങൾ തമ്മിലുള്ള ബന്ധത്തിന്റെ ചരിത്രത്തിലെ പുതിയ താള്'** എന്നാണ്. തനിതങ്കത്തിൽ എഴുതിയ താള്, സംശയം വേണ്ട. മാനവികതയുടെ അടിസ്ഥാനത്തിൽ ലോകസമാധാനം പ്രോത്സാഹിപ്പിക്കുന്നതിനുള്ള പ്രതിബദ്ധത അരക്കിട്ടുറപ്പിക്കാനും സന്ദർശനം സഹായിക്കുമെന്ന് പരിശുദ്ധ പിതാവ് കൂട്ടിച്ചേർത്തതിൽ സന്ദർശനത്തിന്റെ ഫലം എന്തെന്ന് നമുക്ക് കാണാൻ കഴിയും. മത താല്പര്യങ്ങളുടെ മേലങ്കി അണിഞ്ഞുള്ള എല്ലാ അക്രമങ്ങളെയും പാപ്പായും അബുദാബി കിരീടാവകാശിയും അപലപിച്ചത് ശ്രദ്ധേയമായി. അബുദാബി ഫൗണ്ടേഴ്സ് മെമ്മോറിയലിൽ നടന്ന മതാന്തര മാനവികതാ സമ്മേളനം ലോകസമാധാനത്തിനും സഹകരണത്തിനും ഉത്തേജനം പകരുന്നതുതന്നെ. **യുദ്ധങ്ങളും സംഘർഷങ്ങളും അവസാനിപ്പിക്കാനും എല്ലാ ജനവിഭാഗങ്ങളും തമ്മിൽ ബന്ധം ശക്തമാക്കാനും ദരിദ്രരെ സഹായിക്കാനും ദൃഢനിശ്ചയം ചെയ്ത സമ്മേളന പ്രഖ്യാപനം ഭാവിക്ക്**



**നന്മ വരുത്തുമെന്നതിൽ സംശയമില്ല.** പരിശുദ്ധ പിതാവും ഇസ്ലാമിക സമൂഹത്തിന്റെ പ്രതിനിധിയായി അൽ അസ്ഹറിലെ ഗ്രാൻഡ് ഇമാം അഹമ്മദ് അൽ തയ്ബും ഒപ്പുവച്ച പ്രഖ്യാപനം ലോകത്തിനാകെ ഗുണപ്രദമായിരിക്കും .

**എന്തായിരുന്നു പ്രസ്തുത പ്രഖ്യാപനം.** ഞങ്ങൾ സംഭാഷണത്തിന്റെ വഴി സ്വീകരിക്കുന്നു. പരസ്പര സഹകരണത്തിന്റെ പെരുമാറ്റച്ചട്ടമാണത്. പരസ്പര ധാരണയുടെ രീതിയും മാനദണ്ഡവും മനുഷ്യ സാഹോദര്യമാണ്. ക്രൈസ്തവ–ഇസ്ലാമിക ദർശനങ്ങൾ പ്രഘോഷിക്കുന്ന മഹത്തായ മൂല്യങ്ങളാണ് ഈ പ്രഖ്യാപനത്തിലും ഉൾച്ചേർന്നിട്ടുള്ളത്. വിശകലനത്തിൽ ഇപ്രകാരം കാണാം :

- യുദ്ധവും തീവ്രവാദവും മതങ്ങൾക്കന്യമാണ്.
- സമാധാനം, പരസ്പര ധാരണ, മതസൗഹാർദ്ദം, സഹവർത്തിത്വം എന്നിവ പുലർത്തി നീതി, സ്നേഹം തുടങ്ങിയവ വളർത്തണം.
- വൈവിധ്യം ദൈവഹിതമാണ്, വ്യക്തി സ്വാതന്ത്ര്യം അനുവദിക്കപ്പെടണം, ഏകസംസ്കാരാധിപത്യം പാടില്ല.
- അനുകമ്പയോടെ നീതി ഉറപ്പാക്കി മാന്യ ജീവിതം ഉറപ്പാക്കണം.
- സഹിഷ്ണതയും പരസ്പര അംഗീകാരവും പ്രോത്സാഹിപ്പിക്കണം.
- സംഭാഷണത്തിലൂടെ മൂല്യങ്ങളുടെ പങ്കുചേരൽ സാദ്ധ്യമാക്കണം.
- ആരാധനാലയങ്ങൾ സംരക്ഷിക്കപ്പെടണം.
- പൗരാവകാശങ്ങളും മൗലിക അവകാശങ്ങളും കടമകളും ഉറപ്പാക്കണം.

പരസ്പര സ്നേഹത്തിലും സാഹോദര്യത്തിലും ജീവിക്കാൻ ലോകത്തിലെ രണ്ട് മതങ്ങളുടെ നേതാക്കളും വിശ്വാസികളും പ്രഖ്യാപിക്കുന്ന ചരിത്രരേഖയാണിത്. **ക്രൈസ്തവ ഇസ്ലാമിക ബന്ധം ഏറ്റുമുട്ടലിന്റേതല്ല, മറിച്ച് കൊടുക്കവാങ്ങലുകളുടേതാണ്.** മാനവ സഹോദര്യത്തിന്റെ ഐക്യം ഉറപ്പാക്കുന്നതാണ് ഈ പ്രഖ്യാപനം. ഇതൊരു പുതിയ തുടക്കത്തിന്റെ പ്രതീക്ഷ പ്രദാനം ചെയ്യുന്നു. ഇതിലൂടെ നല്ല നാളേക്കുള്ള കവാടം തുറക്കുമെന്ന് ഉറപ്പാണ്.

അബുദാബി ഗ്രാൻസ് മോസ്ക് സന്ദർശിച്ച്, കൗൺസിൽ ഓഫ് എൽഡേഴ്സ് സമിതി അംഗങ്ങളുമായി പരിശുദ്ധ പിതാവ് നടത്തിയ കൂടിക്കാഴ്ച, ക്രൈസ്തവ മുസ്ലീം മതവിശ്വാസങ്ങൾ തമ്മിലുള്ള ബന്ധത്തിലെ വലിയ ഒരു അദ്ധ്യായത്തിന്റെ തുടക്കമാണെന്നാണ് മുസ്ലീം കൗൺസിൽ ഓഫ് എൽഡേഴ്സിലെ അംഗങ്ങൾ അഭി

പ്രായപ്പെട്ടത്. **മുസ്ലീം പുണ്യസങ്കേതങ്ങളിലെ മാർപാപ്പായുടെ സാന്നിദ്ധ്യം, മതത്തിന്റെയും സംസ്കാരത്തിന്റെയും അതിർത്തിവരമ്പുകൾക്കപ്പുറത്താണ് മാനവികതയെന്ന് ലോകത്തെ അറിയിക്കുന്നതായിരുന്നു.**

ഫ്രാൻസിസ് മാർപാപ്പായുടെ സന്ദർശനം മതസൗഹാർദ്ദ മേഖലയിലൊരു പുതുയുഗത്തിനു തുടക്കമായെന്ന് യു.എ.ഇ. ഭരണാധികാരികളുടെ തുടർപ്രതികരണങ്ങളിൽ വ്യക്തമായിട്ടുണ്ട്. യു.എ.ഇ. യിൽ **''എബ്രഹാമിന്റെ ഭവനം''**- പരസ്പര വിശ്വാസത്തിന്റെ സഹോദരഭവനമായി മാറുമെന്ന് ഷെയ്ഖ് മുഹമ്മദ് ബിൻ സായിദ് അൽ നഹ്യാന്റെ അറിയിപ്പ് പറയുന്നു. ദേശ, ഭാഷാ, വർണ, വർഗ്ഗ വ്യത്യാസമില്ലാതെ എല്ലാവരെയും സഹോദരരായി കാണുന്ന ഭവനത്തിൽ എല്ലാ ജനവിഭാഗങ്ങൾക്കും മതവിഭാഗങ്ങൾക്കും പ്രവേശനം അനുവദിക്കും. യു.എ.ഇ. യിൽ ചരിത്രത്തിൽ ആദ്യമായി പൊതുസ്ഥലത്തു നടന്ന മാർപാപ്പായുടെ വിശുദ്ധ കുർബാനയ്ക്കുവേണ്ടി സർക്കാർ ചെയ്ത ക്രമീകരണങ്ങളും നല്കിയ സൗകര്യങ്ങളും മതസൗഹാർദ്ദതയ്ക്ക് മാതൃകയായി. വിശുദ്ധ കുർബാനയിൽ പങ്കെടുക്കുന്നവർക്ക് സൗജന്യയാത്ര, ഭക്ഷണം, അവധി. എന്തൊരു സൗഹാർദ്ദം, എന്തൊരു വലിയ മാതൃക. മാർപാപ്പായുടെ സന്ദർശനത്തെ ദക്ഷിണ അറേബ്യൻ അപ്പസ്തോലിക് വികാർ ബിഷപ്പ് ഡോ. പോൽ ഹിൻഡർ വിശേഷിപ്പിച്ചത് മതസൗഹാർദ്ദത്തിനും ലോകസമാധാനത്തിനുമുള്ള ചുവടുവയ്പ്പ് എന്നാണ്. മാർപാപ്പായുടെ സന്ദർശനം യു. എ. ഇ.ക്ക് ആദരമായെന്നായിരുന്നു സഹിഷ്ണതാ മന്ത്രിയുടെ പ്രതികരണം. അദ്ദേഹം 2019 സഹിഷ്ണതാ വർഷമായി പ്രഖ്യാപിച്ചതിന് മകുടമായി ഈ സന്ദർശനം.

യു.എ.ഇ. യിലെ ക്രിസ്ത്യാനികൾ പൊതുവെ പ്രവാസി ജോലിക്കാരാണ്. നാടും വീടും വിട്ട് ബന്ധുക്കളുടെ സ്നേഹത്തിൽനിന്ന് അകന്നു കഴിയുന്നവരുടെ ദുഃഖവും ആകുലതയും മാർപാപ്പ ഒപ്പിയെടുത്തു; 'വിശ്വസിക്കുന്നവനെ കൈവിടാത്ത ദൈവം കൂടെയുണ്ട്' എന്ന ആശ്വാസവാക്കും അവർക്ക് കൈമാറി. ശിശുക്കളെയും രോഗികളെയും വൃദ്ധരെയും തലോടിയും ചുംബിച്ചും കടന്നുപോയ മാർപാപ്പായുടെ സന്ദർശനം, യേശുനാഥന്റെ പലസ്തീനായിലൂടെയുള്ള യാത്രയെ അനുസ്മരിപ്പിക്കുന്നതായിരുന്നു.

രണ്ടാം ക്രിസ്തു എന്ന അപരനാമത്തിൽ അറിയപ്പെടുന്ന അസ്സീസിയിലെ ഫ്രാൻസിസിന്റെ പേര് സ്വീകരിച്ച ചരിത്രത്തിലെ ആദ്യ മാർപാപ്പായായ ഫ്രാൻസ്സിസ് മാർപാപ്പാ, ചരിത്രത്തിൽ മൂന്നാം ക്രിസ്തു എന്ന് അറിയപ്പെട്ടാൽ അത്ഭുതപ്പെടാനില്ല. 1219-ൽ വിശുദ്ധ ഫ്രാൻസിസ് ഈജിപ്തിലെ സുൽത്താൻ മാലിക് അൽ കമീലുമായി കൂടിക്കാഴ്ച നടത്തിയതിന്റെ എണ്ണൂറാം വാർഷികത്തിലായിരുന്നു ഫ്രാൻസിസ് മാർപാപ്പായുടെ യു.എ.ഇ. സന്ദർശനം, അത് ദൈവപദ്ധതിയല്ലാതെ മറ്റെന്താണ്? 1219 ലെ വിശുദ്ധ ഫ്രാൻസിസ് അസ്സീസ്സിയും സുൽത്താൻ മാലിക് അൽ കമീലുമായുള്ള കൂടിക്കാഴ്ച ആലേഖനം ചെയ്ത ചിത്രഫലകമാണ് ഫ്രാൻസിസ് മാർപാപ്പാ അബുദാബിയിലെ കിരീടാവകാശിക്ക് നല്കിയത് എന്നതും ആകസ്മികമാകാൻ തരമില്ല. ദൈവപദ്ധതിയത്രേ.


കുരിശുയുദ്ധങ്ങളുടെയും ജീഹാദുകളുടെയും കാലം കഴിഞ്ഞു, സാഹോദര്യത്തിന്റെയും സ്നേഹത്തിന്റെയും കാലമായിരിക്കണം ഭാവികാലം എന്നുള്ള ദൈവപദ്ധതിയുടെ സ്ഥിരീകരണം – അതാണ് യു.എ.ഇ. യിൽ ഫെബ്രുവരി മൂന്ന് മുതൽ അഞ്ചുവരെ ലോകം കണ്ടത്.

●



# നോമ്പുകാലം
## ദൈവത്തിലേക്കുള്ള തിരിച്ചുവരവിന്റെ കാലം

**കർത്താവ് അരുളിച്ചെയ്യുന്നു: ഇപ്പോഴെങ്കിലും ഉപവാസത്തോടും വിലാപത്തോടും നെടുവീർപ്പോടുംകൂടെ നിങ്ങൾ പൂർണഹൃദയത്തോടെ എന്റെ അടുക്കലേക്കു തിരിച്ചുവരുവിൻ (ജോയേൽ 2:12)**




**മലങ്കര മല്പാൻ**
**ഫാ. ഡോ. തോമസ് പണിക്കർ**


**നോ**മ്പിന്റെ സുറിയാനിപദം സൗമൊ എന്നാണ്. വലിയനോമ്പ് സൗമൊ റാബൊ എന്നാണ് അറിയപ്പെടുന്നത്. സൗമൊ എന്ന പദത്തിന്റെ അർത്ഥം (to fast) ഭക്ഷിക്കാതിരിക്കുക അല്ലെങ്കിൽ ഉപവസിക്കുക എന്നാണ്. ഈ അർത്ഥത്തിൽ പറുദീസായിൽ ആരംഭിച്ചതാണ് നോമ്പ്. നന്മതിന്മകളെക്കുറിച്ചുള്ള അറിവിന്റെ വൃക്ഷത്തിലെ ഫലം നീ 'തിന്നരുത്' (ഉൽപ 2:17) എന്നത് ദൈവം കൽപ്പിച്ച നോമ്പാണ്. പഴയ നിയമത്തിലും പുതിയ നിയമത്തിലും എന്നപോലെ, സഭയുടെ ചരിത്രത്തിലുടനീളവും നോമ്പനുഷ്ഠാനം നാം കാണുന്നുണ്ട്. പഴയ നിയമത്തിന്റെ ആരംഭത്തിലും, പുതിയ നിയമത്തിന്റെ ആരംഭത്തിലുമുള്ള നോമ്പുകൾക്ക് സാദൃശ്യങ്ങളും പരസ്പരാശ്രയബന്ധവുമുണ്ട്. ആദ്യത്തേത് പറുദീസായിൽ ആദാം നോമ്പു ലംഘിച്ചതാണ്. അതുവഴി ലോകത്തിനു ശാപവും നാശവുമുണ്ടായി. രണ്ടാമത്തേത്, രണ്ടാം ആദാമായ ക്രിസ്തു രക്ഷാകര പ്രവർത്തനം ആരംഭിച്ചുകൊണ്ട് അനുഷ്ഠിച്ച നോമ്പാണ്. അതുവഴി അനുഗ്രഹവും രക്ഷയുമുണ്ടായി. ആദാം സാത്താന്റെ പരീക്ഷയിൽ തോറ്റു. ആ തോൽവി പറുദീസായിൽനിന്നുള്ള ബഹിഷ്ക്കരണത്തിനും മരണത്തിനും കാരണമായി. ക്രിസ്തു, സാത്താന്റെ പരീക്ഷയിൽ ജയിച്ചു. ആ ജയം പറുദീസായിലേക്കുള്ള പുനപ്രവേശനത്തിനും മരണത്തിന്റെ നാശത്തിനും കാരണമായി. അതുകൊണ്ട്, നോമ്പ് ഒരു കടമയോ വെറും ആചരണമോ മാത്രമല്ല, രക്ഷാകരചരിത്രത്തിന്റെ നിർണ്ണായകമായ ഭാഗമാണ്. മഹാനായ മാർ ബസേലിയോസ് ഇപ്രകാരം പറയുന്നു: 'നമ്മൾ ഉപവസിക്കാഞ്ഞതുകൊണ്ട് പറുദീസായിൽനിന്ന് ബഹിഷ്ക്കരിക്കപ്പെട്ടു. ഒരിക്കൽ വീണ്ടും അതിൽ പ്രവേശിക്കാനായി, ഇപ്പോൾ നമുക്ക് ഉപവസിക്കാം'.

നോമ്പിന്റെയും ഉപവാസത്തിന്റെയും ഉദ്ദേശ്യം സ്വയംനിയന്ത്രണവും ജഡികവികാരങ്ങളെ അടക്കി നിർത്തുകയുമാണ്. അതിനാൽ, ഉപവാസത്തിന് ശാരീരികവും ആത്മീയവുമായ രണ്ടു തലങ്ങളുണ്ട്. ആദ്യത്തേത് ഭക്ഷണത്തിൽനിന്നും, രണ്ടാമത്തേത് ദുഷ്ചിന്തകൾ, ദുഷ്പ്രവൃത്തികൾ, ദുരാഗ്രഹങ്ങൾ എന്നിവയിൽനിന്നും ഒഴിഞ്ഞിരിക്കുന്നതുമാണ്. രണ്ടും ഒരുപോലെ നോമ്പിന്റെ അനുപേക്ഷണീയ ഘടകങ്ങളാണ്. ദൈവരാജ്യത്തിന്റെ കാര്യങ്ങളിൽ



ശ്രദ്ധ കേന്ദ്രീകരിക്കാൻ വേണ്ടി, ലൗകിക കാര്യങ്ങളിൽനിന്ന് ശ്രദ്ധ മാറ്റുവാനാണ് നോമ്പ്. സാത്താന്റെ പരീക്ഷണങ്ങൾക്കു വിധേയരാകാതിരിക്കാൻ, ആത്മാവിനു ശക്തി സമ്പാദിക്കുകയാണ് നോമ്പിന്റെ ലക്ഷ്യം. പരിശുദ്ധാത്മാവിന്റെ ഫലങ്ങൾ ലഭിക്കാൻ ഏറ്റവും നല്ല മാർഗ്ഗമാണ് ഉപവാസം. ഒരു പക്ഷിയുടെ രണ്ടു ചിറകുകൾ പോലെയാണ് പ്രാർത്ഥനയും ഉപവാസവും. അവ രണ്ടും മനുഷ്യനെ ദൈവത്തിലേക്ക് ഉയർത്തുന്നുവെന്ന് സ്വർണ്ണനാവുകാരനായ മാർ ഈവാനിയോസ് പറയുന്നു.

**നോമ്പുകാലം – കൃപാവർഷം ചൊരിയുന്ന കാലം**

മലങ്കര സുറിയാനി കത്തോലിക്കാസഭയുടെ ആരാധനക്രമവത്സരത്തിലെ വളരെ അനുഗ്രഹപ്രദമായ ഒരു കാലമാണ് നോമ്പുകാലം. സർവശക്തനും കാരുണ്യവാനുമായ ദൈവം, തന്റെ അനുഗ്രഹങ്ങൾ സമൃദ്ധമായി ദൈവജനത്തിന്മേൽ വർഷിക്കുന്ന കാലയളവാണ് നോമ്പുകാലം. അത് കൃപാവർഷം ചൊരിയുന്ന സമയമാണ്. പ്രാർത്ഥനയോടും പ്രായശ്ചിത്തത്തോടും, ഉപവാസത്തോടും ദാനധർമ്മത്തോടും ദൈവകരുണയ്ക്കായി കാത്തിരിക്കുന്ന ദിവസങ്ങൾ. ചെറുപ്പമായിരുന്നപ്പോൾ എന്റെ പിതാവിനോടൊപ്പം (കാരിച്ചാൽ ഗീവർഗീസ് പണിക്കരച്ചൻ) വീട്ടിൽനിന്ന് നല്ല വെയിലത്ത് നടന്ന് പള്ളിയിൽപോയി ഉച്ചനമസ്ക്കാരം നടത്തിയത് ഓർക്കുന്നു. ഓരോ യാമത്തിന്റെയും ആരംഭത്തിലും അവസാനത്തിലുമുള്ള കുമ്പിടീൽ, പ്രാർത്ഥനയുടെ അവസാനമുള്ള 40 കുമ്പിടീൽ, ദീർഘമായ പ്രാർത്ഥനകൾ ഒക്കെ ഒരു പരിശീലനമായിരുന്നു.

നോമ്പിന്റെ യഥാർത്ഥ ചൈതന്യം എന്തെന്ന് ജോയേൽ പ്രവാചകൻ നമ്മെ അനുസ്മരിപ്പിക്കുന്നു. 'കർത്താവ് അരുളിച്ചെയ്യുന്നു........ എന്റെ അടുക്കലേക്കു തിരിച്ചുവരുവിൻ' (ജോയേൽ 2:12). ദൈവത്തിന്റെ അടുത്തേക്കുള്ള തിരിച്ചുവരവാണ് യഥാർത്ഥ നോമ്പ്. പാപംവഴി ദൈവത്തിൽനിന്ന് അകന്നുപോയ മനുഷ്യൻ ദൈവത്തിങ്കലേക്കു തിരിച്ചുവരണം. നോമ്പിലെ ഉപവാസം അതാണ് സൂചിപ്പിക്കുന്നത്. ഒരു നേരത്തെ ഭക്ഷണം ഉപേക്ഷിക്കുക മാത്രമല്ല അത്. ഉപവാസം എന്ന പദത്തിന്റെ വാച്യാർത്ഥം അടുത്തായിരിക്കുക എന്നാണ്; ദൈവത്തിന്റെ അടുത്തായിരിക്കുക. മരുഭൂമിയിൽവച്ച് യേശുവിനു വിശന്നപ്പോൾ കല്ലിനെ അപ്പമാക്കി മാറ്റാൻ പിശാച് പ്രലോഭിപ്പിച്ചു. നിയമാവർത്തനം 8:3 ഉദ്ധരിച്ച് യേശു അതിനു മറുപടി നൽകി. 'മനുഷ്യൻ അപ്പംകൊണ്ടു മാത്രമല്ല, ദൈവത്തിന്റെ നാവിൽനിന്നു പുറപ്പെടുന്ന ഓരോ വാക്കുകൊണ്ടുമാണ് ജീവിക്കുന്നത് എന്ന് എഴുതപ്പെട്ടിരിക്കുന്നു' (മത്താ 4:4). കർത്താവിന്റെ വചനങ്ങൾ കേൾക്കാൻ യേശുവിന്റെ പാദത്തിങ്കൽ



ഇരുന്ന മറിയത്തെപ്പോലെ (ലൂക്കാ 10:39) യാണ് നോമ്പുകാലത്തെ ഉപവാസം. 'നിങ്ങളും പോകാൻ ആഗ്രഹിക്കുന്നുവോ' എന്ന യേശുവിന്റെ ചോദ്യത്തിനു പത്രോസ് നൽകിയ മറുപടിയും ഇതാണ് അർത്ഥമാക്കുന്നത്, ''കർത്താവേ ഞങ്ങൾ ആരുടെ അടുത്തേക്കു പോകും? നിത്യജീവന്റെ വചനങ്ങൾ നിന്റെ പക്കലുണ്ട്' (യോഹ 6:68).

**നോമ്പുകാലം – 'നീ എവിടെയാണ്' എന്ന് കണ്ടെത്തുവാനുള്ള സമയം**

കർത്താവിന്റെ അടുത്താണോ? കർത്താവിൽനിന്ന് അകലെയാണോ നീ? നോമ്പുകാലത്ത് നമ്മൾ നമ്മോടുതന്നെ ചോദിക്കേണ്ട ചോദ്യമിതാണ്. വേദപുസ്തകത്തിന്റെ ആദ്യ താളുകളിൽതന്നെ 'എവിടെയാണ്' എന്ന ചോദ്യം രണ്ടു തവണ നമ്മൾ കാണുന്നുണ്ട്. കല്പന ലംഘനത്തിനുശേഷം തോട്ടത്തിലെ മരങ്ങൾക്കിടയിൽ ഒളിച്ചിരുന്ന ആദത്തോടാണ് ആദ്യത്തെ ചോദ്യം. അവിടുന്നു പുരുഷനെ വിളിച്ചു ചോദിച്ചു: നീ എവിടെയാണ്? (ഉൽപ 3:9). രണ്ടാമത്തെ ചോദ്യം, സ്വന്തം സഹോദരനോട് അസൂയതോന്നി അവനെ കൊലചെയ്ത കായേനോടാണ്. കർത്താവ് കായേനോടു ചോദിച്ചു: നിന്റെ സഹോദരൻ ആബേൽ എവിടെ? (ഉൽപ 4:9). ഒന്നാമത്തെ ചോദ്യം ദൈവവുമായിട്ടുള്ള നമ്മുടെ ബന്ധത്തെ ആസ്പദമാക്കിയാണ്. രണ്ടാമത്തേത് സഹോദര സ്നേഹത്തെക്കുറിച്ചും. നോമ്പുകാലത്തെ പ്രാർത്ഥനയും കുമ്പിടീലും, വർജ്ജനയും ഉപവാസവും, ദാനധർമ്മവുമൊക്കെ ഈ ചോദ്യങ്ങളുമായി ബന്ധപ്പെടുത്തിവേണം മനസ്സിലാക്കാൻ.

**നോമ്പുകാലം – തിരിച്ചു വരവിന്റെ സമയം**

കർത്താവിൽനിന്ന് അകലെയാണെങ്കിൽ, ധൂർത്തപുത്രനെപ്പോലെ സുബോധമുണ്ടായി (ലൂക്കാ 15:17) പിതാവിങ്കലേക്കു തിരിച്ചുവരാനുള്ള അവസരമാണ് നോമ്പുകാലം. സ്വന്തം പാപത്തെക്കുറിച്ചുള്ള തിരിച്ചറിവാണ്, ദൈവത്തിങ്കലേക്കുള്ള തിരിച്ചുവരവിന്റെ ആദ്യപടി. ധൂർത്തപുത്രൻ ചെയ്തത് അതാണ്. അവൻ പറഞ്ഞു: 'ഞാൻ എഴുന്നേറ്റ് എന്റെ പിതാവിന്റെ അടുത്തേക്കു പോകും'. പാപബോധം ദൈവജനത്തിൽ ഉളവാകുന്ന രീതിയിലാണ് വലിയ നോമ്പുകാലത്തെ ഞായറാഴ്ചകളുടെ സുവിശേഷവായനകൾ ക്രമീകരിച്ചിരിക്കുന്നത്. പാപത്തിന്റെ യഥാർത്ഥ സ്വഭാവം അവയിലൂടെ വെളിവാക്കുന്നു. വലിയനോമ്പിലെ രണ്ടാം ഞായറാഴ്ച വായിക്കുന്നത് യേശു കുഷ്ഠരോഗിയെ സൗഖ്യമാക്കിയ സംഭവമാണ്. കുഷ്ഠരോഗം മനുഷ്യശരീരത്തിന്റെ സൗന്ദര്യം മുഴുവൻ ഇല്ലാതാക്കുന്നു. അതുപോലെ, പാപം ആത്മാവിന്റെ സൗന്ദര്യം മുഴുവൻ നശിപ്പിക്കുന്നു. മാമോദീസാമൂലം വീണ്ടും ജനിച്ച ആത്മാവിന്റെ സൗന്ദര്യം എത്ര വലുതാണെന്ന് മൂറോനഭിഷേകം ചെയ്തശേഷം കിരീടം ധരിപ്പിക്കുമ്പോൾ പാടുന്ന ഗീതവും വ്യക്തമാക്കുന്നു.

*ഹിമവെ-ണ്മസമം നിൻ വസനം-മിന്നുന്നു യോർദാൻ നദിയേക്കാൾ രമ്യം നിൻ കാന്തി*
*റൂഹാ-തൻ ശക്ത്യാ മാലാ-ഖസമനായ് മാമോ-ദീസായീന്നേറി-നീ പ്രിയനേ*

പാപം ചെയ്ത ആത്മാവിന്റെ സ്ഥിതി സാറൂഗിലെ മാർ യാക്കോബ് വിവരിക്കുന്നത് ഇപ്രകാരമാണ്.

*രോഗി-ണിയായോ-രാത്മാ-വയ്യോ ചോദിച്ചീടുന്നു*
*പാപ-ത്തിനു മുൻ-പുള്ളൊരു കാന്തി ആരിനി നല്കീടും?*
*കരുണാ-ലയനാം-ദൈവ-ത്താൽ ഞാൻ സ്വീകൃതയ-ല്ലെങ്കിൽ*
*ആരേ-കീടും-നഷ്ടമതായോ-രെൻ സൗന്ദര്യത്തെ?* (വലിയ നോമ്പ്, ചൊവ്വാ രാത്രി)

യേശു തളർവാതരോഗിയെ സൗഖ്യമാക്കിയ അത്ഭുതമാണ് മൂന്നാം ഞായറാഴ്ച സുവിശേഷത്തിൽ വായിക്കുന്നത്. തളർവാതം ശരീരത്തിന്റെ ശക്തിയെ ദുർബലമാക്കുന്നതുപോലെ പാപം ആത്മാവിന്റെ ശക്തിയെ നശിപ്പിക്കുന്നു. നാലാമത്തെ ഞായറാഴ്ച വായിക്കുന്ന സുവിശേഷം,

**കർത്താവിൽനിന്ന് അകലെയാണെങ്കിൽ ധൂർത്തപുത്രനെപ്പോലെ സുബോധമുണ്ടായി (ലൂക്കാ 15:17) പിതാവിങ്കലേക്കു തിരിച്ചു വരാനുള്ള അവസരമാണ് നോമ്പുകാലം. സ്വന്തം പാപത്തെക്കുറിച്ചുള്ള തിരിച്ചറിവാണ്, ദൈവത്തിങ്കലേക്കുള്ള തിരിച്ചുവരവിന്റെ ആദ്യപടി. ധൂർത്തപുത്രൻ ചെയ്തത് അതാണ്. അവൻ പറഞ്ഞു: 'ഞാൻ എഴുന്നേറ്റ് എന്റെ പിതാവിന്റെ അടുത്തേക്കു പോകും'. പാപബോധം ദൈവ ജനത്തിൽ ഉളവാക്കാൻ വേണ്ടിയാണ് വലിയ നോമ്പുകാലത്തെ ഞായറാഴ്ചകളുടെ സുവിശേഷവായനകൾ ക്രമീകരിച്ചിരിക്കുന്നത്. പാപത്തിന്റെ യഥാർത്ഥ സ്വഭാവം അവയിലൂടെ വെളിവാക്കുന്നു. വലിയനോമ്പിലെ രണ്ടാം ഞായറാഴ്ച വായിക്കുന്നത് യേശു കുഷ്ഠരോഗിയെ സൗഖ്യമാക്കിയ സംഭവമാണ്. കുഷ്ഠരോഗം മനുഷ്യശരീരത്തിന്റെ സൗന്ദര്യം മുഴുവൻ ഇല്ലാതാക്കുന്നു. അതുപോലെ, പാപം ആത്മാവിന്റെ സൗന്ദര്യം മുഴുവൻ നശിപ്പിക്കുന്നു. മാമോദീസാമൂലം വീണ്ടും ജനിച്ച ആത്മാവിന്റെ സൗന്ദര്യം എത്ര വലുതാണെന്ന് മൂറോനഭിഷേകം ചെയ്തശേഷം കിരീടം ധരിപ്പിക്കുമ്പോൾ പാടുന്ന ഗീതം വ്യക്തമാക്കുന്നു.**

**ഒരു വിധത്തിൽ പറഞ്ഞാൽ, ദൈവത്തിൽ നിന്ന് നമ്മെ അകറ്റുന്ന പാപത്തിന്റെ വിവിധ വശങ്ങളെക്കുറിച്ചുള്ള ധ്യാനചിന്തകളാണ് വലിയനോമ്പുകാലത്തെ സുവിശേഷ വായനകൾ നമുക്കു പ്രദാനം ചെയ്യുന്നത്. 'നീ എവിടെയാണ്' എന്ന ചോദ്യത്തിനു ഉത്തരം, ഈ ധ്യാനചിന്തകളിൽനിന്നു ലഭിക്കും. അതുവഴി, ദൈവത്തിങ്കലേക്കു തിരിച്ചുവരാൻ പ്രേരണയുണ്ടാകും.**

യേശു കാനാൻകാരിയുടെ മകളെ പിശാചുബാധയിൽനിന്നു സൗഖ്യമാക്കിയ സംഭവമാണ്. പാപം ഒരുതരത്തിൽ പിശാചുബാധയാണ്. പിശാച് നമ്മെ പലവിധത്തിലും പിടിമുറുക്കും. പാപംമൂലം പിശാച് നമ്മെ അടിമപ്പെടുത്തുകയും ചെയ്യും. കൂനിയായ സ്ത്രീയെ സൗഖ്യമാക്കിയ സംഭവമാണ് അഞ്ചാമത്തെ ഞായറാഴ്ച വായിക്കപ്പെടുന്നത്. മുകളിലേക്കോ ചുറ്റുമോ നോക്കാൻ പറ്റാതെ തന്നിലേക്കുതന്നെ നോക്കിയിരിക്കുന്ന അവസ്ഥയാണ് കൂന്. ദൈവത്തെയോ ചുറ്റുമുള്ള സഹോദരങ്ങളെയോ പരിഗണിക്കാത്ത അവസ്ഥയാണ് യഥാർത്ഥത്തിൽ പാപാവസ്ഥ. തൻകാര്യം മാത്രം നോക്കുന്ന സ്വാർത്ഥതയുടെ ലോകമാണ് പാപം.

ഒരു വിധത്തിൽ പറഞ്ഞാൽ, ദൈവത്തിൽനിന്ന് നമ്മെ അകറ്റുന്ന പാപത്തിന്റെ വിവിധ വശങ്ങളെക്കുറിച്ചുള്ള ധ്യാനചിന്തകളാണ് വലിയനോമ്പുകാലത്തെ സുവിശേഷ വായനകൾ നമുക്കു പ്രദാനം ചെയ്യുന്നത്. 'നീ എവിടെയാണ്' എന്ന ചോദ്യത്തിനു ഉത്തരം, ഈ ധ്യാനചിന്തകളിൽനിന്നു ലഭിക്കും. അതുവഴി, ദൈവത്തിങ്കലേക്കു തിരിച്ചുവരാൻ പ്രേരണയുണ്ടാകും. എന്നാൽ, പലർക്കും പാപബോധം ഇല്ല എന്നതാണ് ഏറ്റം പരിതാപകരമായ അവസ്ഥ. നോമ്പിലെ ആറാം ഞായറാഴ്ചത്തെ സുവിശേഷ വായന ഈ കാര്യം നമ്മെ ഓർമ്മപ്പെടുത്തുന്നു. വി. യോഹന്നാന്റെ സുവിശേഷത്തിൽ യേശു കുരുടനെ സൗഖ്യമാക്കിയ സംഭവമാണ് അന്ന് വായിക്കപ്പെടുന്നത്. 41 വചനങ്ങളുള്ള 9-ാം അദ്ധ്യായം മുഴുവൻ അന്നത്തെ സുവിശേഷമാണ്. യേശു ജന്മനാ കുരുടനായ ഒരാളെ സൗഖ്യമാക്കി. ദീർഘമായ ഈ അദ്ധ്യായം വായിക്കുന്നത് യേശുവിനെയോ കുരുടനെയോ ലക്ഷ്യമാക്കിയല്ല. ആ അത്ഭുതത്തോട് പലവിധത്തിൽ പ്രതികരിക്കുന്ന കുറെപേരെ ഉദ്ദേശിച്ചാണ്. യേശു ചെയ്ത അത്ഭുതത്തെ അവരാരും അംഗീകരിക്കുന്നില്ല. ഓരോ വിധത്തിലുള്ള ഒഴിവുകഴിവുകൾ പറഞ്ഞ് അവരെല്ലാം അതിനെ നിഷേധിക്കുന്നു. യേശു അവരെ വളരെ കഠിനമായി ശകാരിക്കുന്നു. പാപം എന്ന യാഥാർത്ഥ്യത്തെ അംഗീകരിക്കാൻ മടി കാണിക്കുന്നവരാണ് നമ്മിൽ പലരും. പൊതുവെ പാപബോധം നഷ്ടപ്പെട്ടവരാണ് നമ്മുടെ സമൂഹം. ആത്മീകജീവിതത്തിലെ ഏറ്റവും വലിയ വിപത്തും അതുതന്നെയാണ്.

**നിന്റെ സഹോദരൻ എവിടെ?**

നോമ്പുകാലത്ത് നമ്മൾ നമ്മോടുതന്നെ ചോദിക്കേണ്ട മറ്റൊരു പ്രധാനപ്പെട്ട ചോദ്യമാണ്: നിന്റെ സഹോദരൻ എവിടെ? സഹോദരസ്നേഹമില്ലാതെ നോമ്പില്ല. നീ അയൽക്കാരനെ സ്നേഹിക്കുന്നില്ലെങ്കിൽ എന്തിനു നോമ്പു നോല്ക്കുന്നു? കർത്താവ് ആഗ്രഹിക്കുന്ന നോമ്പ് സഹോദരസ്നേഹമാകുന്ന നോമ്പാകുന്നു (ബുധൻ പ്രഭാതം-യാക്കോബിന്റെ ബോവൂസാ).

നമ്മുടെ സഹോദരങ്ങളെയും അയൽക്കാരെയും നാം ദ്വേഷിക്കരുത്. നമ്മെ വെറുക്കുന്നവരെയും നമ്മുടെ ശത്രുക്കളെയും നാം സ്നേഹിക്കണം. നമ്മുടെ കർത്താവ് കൽപ്പിച്ചിട്ടുള്ള നോമ്പ് ഇതാകുന്നു. (വലിയ നോമ്പ്, ചൊവ്വാ ഒമ്പതാം മണി)

അനുരഞ്ജനവും സ്നേഹവും കൂടാതെ നോമ്പിന് അർത്ഥമില്ല. അതുകൊണ്ട് അനുരഞ്ജന ശുശ്രൂഷ (ശുബ്ക്കോനൊ) നടത്തിയാണ് നോമ്പ് ആരംഭിക്കുന്നത്. കരുണയും ക്ഷമയും വിട്ടുവീഴ്ചാ മനോഭാവവുമൊക്കെയാണ് നോമ്പിന്റെ അന്തസത്ത. നമ്മുടെ അയൽക്കാരുടെ ചെറിയ തെറ്റുകളും കുറവുകളും ഹൃദയപൂർവം നമ്മൾ ക്ഷമിക്കുന്നില്ലെങ്കിൽ, ദൈവം നമ്മുടെ പാപങ്ങളും നമ്മോടു ക്ഷമിക്കുകയില്ല എന്ന ഉറച്ച ബോദ്ധ്യമാണ് നമ്മുടെ നോമ്പനുഷ്ഠാനത്തെ നയിക്കേണ്ടത്. രണ്ടു ചിറകുകളും ഒരുപോലെ പ്രവർത്തിച്ചെങ്കിൽ മാത്രമേ പക്ഷിക്കു പറന്നുയരാൻ സാധിക്കൂ. ഒരു വിശ്വാസിയുടെ നോമ്പനുഷ്ഠാനവും അതുപോലെതന്നെയാണ്.

നോമ്പ് നല്ലതാകുന്നു; സ്നേഹം കൂടാതെയും വായ് നിയന്ത്രിക്കാതെയും ഒരുവൻ നോമ്പാചരിക്കുന്നുവെങ്കിൽ അവന്റെ വ്രതംകൊണ്ട് ഒരു പ്രയോജനവുമില്ല. പ്രാർത്ഥന സ്നേഹിക്കപ്പെട്ടതാകുന്നു; സ്നേഹം അതിനെ കരേറ്റുന്നില്ലെങ്കിൽ അതിന്റെ ചിറകു ബലഹീനമായിരിക്കും. അത് അത്യുന്നതനെ കണ്ടെത്തുകയുമില്ല.

(വലിയ നോമ്പ് - തിങ്കൾ പ്രഭാതം, മാർ യാക്കോബിന്റെ ബോവൂസ)



# നോമ്പ് ബൈബിൾ വീക്ഷണത്തിൽ



**ഫാ. ഡോ. ഫിലിപ്പ് ചെമ്പകശ്ശേരി**
**(പ്രൊഫസർ, മലങ്കര മേജർ സെമിനാരി തിരുവനന്തപുരം)**

**ബൈ**ബിളിന്റെ വീക്ഷണത്തിൽ എന്താണ് നോമ്പ് എന്നറിയാൻ യഹൂദരുടെ ആരാധനാരീതികളെപ്പറ്റി പഠിക്കേണ്ടതുണ്ട്. ആരാധനക്രമവർഷത്തിലെ ഒരു കാലഘട്ടത്തെയും നോമ്പ് എന്ന് യഹൂദർ വിളിച്ചിരുന്നില്ല. പഴയനിയമത്തിലും പുതിയനിയമത്തിലും നോമ്പ് എന്നൊരു പദം ഉപയോഗിച്ചിട്ടില്ല. അതേ സമയം, ബൈബിൾ മുഴുവനും നോമ്പിന്റെ ആശയംകൊണ്ട് നിറഞ്ഞിരിക്കുന്നുവെന്നും കാണാൻ കഴിയും. അതായത് യഹൂദരുടെ മതവിശ്വാസത്തിൽ പരിത്യാഗ പ്രവൃത്തികൾക്കും ഉപവാസത്തിനും വളരെ വലിയ വിലയാണുള്ളത്. ഇത് മനസ്സിലാക്കാൻ ചില യഹൂദ ആചാരങ്ങളിലേക്ക് കടക്കാം.

യഹൂദരുടെ ആരാധനക്രമവത്സരത്തിലെ പ്രധാനപ്പെട്ട ഒരു ദിവസമാണ് പാപപരിഹാര ദിനം എന്ന് അറിയപ്പെടുന്ന ദിവസം. നോമ്പ്

എന്നല്ല അതിന് പേരെങ്കിലും നോമ്പിന്റെ അരൂപിയായ പരിത്യാഗത്തിന്റെ അരൂപിയിലാണ് ആ ദിവസം ആചരിക്കപ്പെടുന്നത്. യഹൂദ ഭാഷയായ ഹീബ്രുവിൽ ഈ ദിവസത്തിന്റെ പേര് യോം ഹകിപുറിം എന്നാണ്. ഇംഗ്ലീഷിൽ Day of Atonement എന്നും, മലയാളത്തിൽ പാപപരിഹാരദിനമെന്നും ഇതു പരിഭാഷപ്പെടുത്താറുണ്ടെങ്കിലും ഈ പദത്തിന്റെ അർത്ഥം ഈ പരിഭാഷകൾ വേണ്ടവണ്ണം വെളിപ്പെടുത്തുന്നില്ല എന്നതാണ് സത്യം. കിപുർ എന്ന ഹീബ്രു പദത്തിന്റെ അക്ഷരാർത്ഥം പൊതിയുക, മൂടുക എന്നൊക്കെയാണ്. അതായത് ദൈവവുമായുള്ള ഐക്യത്തിന് വിഘാതമായി നില്ക്കുന്ന പാപത്തെ മൂടി വയ്ക്കുന്ന/ഇല്ലായ്മ ചെയ്യുന്ന/പരിഹരിക്കുന്ന ദിവസം എന്നാണ് ഈ ആചരണത്തിന്റെ അർത്ഥം. ഈ ദിവസത്തെ ആചരണത്തെപ്പറ്റി മോശയുടെ നിയമത്തിൽ ഇങ്ങനെ പറഞ്ഞിരിക്കുന്നു.

''ഇസ്രായേൽ സമൂഹത്തിൽനിന്ന് അവൻ (അഹറോൻ) പാപപരിഹാരബലിക്കായി രണ്ട് ആൺ കോലാടുകളെയും ദഹനബലിയ്ക്കായി ഒരു മുട്ടാടിനെയും എടുക്കണം. അഹറോൻ തനിക്കുവേണ്ടി പാപപരിഹാരബലിയായി കാളക്കുട്ടിയെ അർപ്പിക്കണം'' (ലേവ്യർ 16:5-4).

ഇങ്ങനെ ബ്രഹത്തായ ബലിയർപ്പണത്തിന്റെ ദിവസമാണ് യഹൂദർക്ക് പാപപരിഹാരദിനം. ഇന്നും ഈ ആചരണം ക്രമമായി നടക്കുന്നുവെന്നത് എടുത്തു പറയേണ്ടതാണ്. യഹൂദർക്ക് ഇന്ന് ദേവാലയമോ ബലിയർപ്പണമോ പൗരോഹിത്യ ശുശ്രൂഷയോ ഇല്ല. എങ്കിലും ഇന്നത്തെ സാഹചര്യത്തിനനുസരിച്ച് യഹൂദർ ഈ ദിവസം ഭക്തിയോടെ ആചരിക്കുന്നുണ്ട്. അന്നുവരെ ചെയ്ത സകല പാപവും ഈ ദിവസം പരിഹരിക്കപ്പെടുമെന്നാണ് യഹൂദർ വിശ്വസിക്കുന്നത്. ദേവാലയമോ ബലിയർപ്പണമോ ഇപ്പോൾ ഇല്ലെങ്കിലും, ഈ ദിവസം വളരെ സമയം അവർ സിനഗോഗുകളിൽ പ്രാർത്ഥനയ്ക്കായി ചെലവഴിക്കും. പാപപരിഹാരം ലഭിക്കുന്ന ദിവസം എന്നതിന്റെ സൂചനയ്ക്കായി ഈ ദിവസം യഹൂദർ വെള്ളവസ്ത്രം മാത്രമേ ധരിക്കുകയുള്ളൂ. മാത്രമല്ല, ഈ ദിവസം യഹൂദർക്ക് ഉപവാസദിനമാണ്. ഈ ഒരു ദിവസമല്ലാതെ മറ്റൊരു ദിവസവും ഉപവസിക്കണമെന്ന് മോശയുടെ നിയമത്തിൽ പറയുന്നില്ല.

യോം ഹകിപുറിം എല്ലാ യഹൂദർക്കും പ്രധാനപ്പെട്ട ദിവസമാണ്. മതജീവിതത്തിൽ വലിയ താത്പര്യം കാണിക്കാത്ത യഹൂദരും ഈ ദിവസം നിയമാനുസൃതം ആചരിക്കുന്നുവെന്നത് പ്രത്യേകം പ്രസ്താവ്യമാണ്.

**പാപപരിഹാരവും ദുരന്തനിവാരണവും**

വരാനിരിക്കുന്ന ദുരന്തങ്ങൾ ഒഴിവാക്കാൻ ജനങ്ങൾ ഉപവസിച്ച് പാപപരിഹാരം അനുഷ്ഠിച്ചിരുന്നുവെന്ന് പഴനിയമത്തിൽനിന്ന് മനസ്സിലാക്കാൻ കഴിയും. ബെത്ഷെബായിൽനിന്ന് തനിക്കു ജനിച്ച പുത്രൻ രോഗബാധിതനായപ്പോൾ ദാവീദു ഉപവസിച്ച് പ്രായശ്ചിത്തം ചെയ്തതായി 2 സാമു 12:16-18-ൽ നാം വായിക്കുന്നു. കുട്ടിയുടെ ജീവൻ രക്ഷിക്കാനുള്ള ശ്രമത്തിലാണ് ദാവീദു ഇപ്രകാരം പ്രായശ്ചിത്തം ചെയ്തത്. പക്ഷേ ആ പ്രായശ്ചിത്തം ഫലപ്രദമായില്ല. ഉപവാസത്തോടൊപ്പം ചാക്കുവസ്ത്രം ധരിക്കലും, ചാമ്പലിൽ ഇരിക്കലും, വിലപിക്കലും പഴയനിയമത്തിലെ പരിഹാരപ്രവർത്തികൾക്ക് അകമ്പടികളായിരുന്നു.

വരാനിരിക്കുന്ന ദുരന്തം ഒഴിവാക്കാൻ പ്രായശ്ചിത്തം ചെയ്തിരുന്നതുപോലെ, സംഭവിച്ച ദുരന്തത്തെപ്പറ്റിയുള്ള ദുഃഖം ആചരിക്കുന്നതിനും പ്രായശ്ചിത്ത പ്രവൃത്തികൾ ചെയ്തിരുന്നു. ദൈവത്തിന്റെ അനുവാദത്തോടെ, സാത്താൻ തന്റെ ശരീരത്തെ വ്രണങ്ങൾ കൊണ്ടു നിറച്ചപ്പോൾ, ജോബിന്റെ പ്രതികരണം ഇങ്ങനെയായിരുന്നു:

ജോബ് ചാരത്തിൽ ഇരുന്ന് ഓട്ടുകഷണം കൊണ്ട് ശരീരം ചുരണ്ടിക്കൊണ്ടിരുന്നു. (ജോബ് 2:8). നിനുവേയിലെ ജനങ്ങൾ പ്രായശ്ചിത്തം ചെയ്തത് വരാനിരുന്ന ദുരന്തം ഒഴിവാക്കാനാണ്. യോനാ പ്രവാചകന്റെ പ്രസംഗം കേട്ട നിനുവേ രാജാവ് നഗരം മുഴുവൻ ഒരു ഉപവാസം പ്രഖ്യാപിച്ചു. മനുഷ്യനോ

ബ്രഹത്തായ ബലിയർപ്പണത്തിന്റെ ദിവസമാണ് യഹൂദർക്ക് പാപപരിഹാരദിനം. ഇന്നും ഈ ആചരണം ക്രമമായി നടക്കുന്നുവെന്നത് എടുത്തു പറയേണ്ടതാണ്. യഹൂദർക്ക് ഇന്ന് ദേവാലയമോ ബലിയർപ്പണമോ പൗരോഹിത്യ ശുശ്രൂഷയോ ഇല്ല. എങ്കിലും ഇന്നത്തെ സാഹചര്യത്തിനനുസരിച്ച് യഹൂദർ ഈ ദിവസം ഭക്തിയോടെ ആചരിക്കുന്നുണ്ട്. അന്നുവരെ ചെയ്ത സകല പാപവും ഈ ദിവസം പരിഹരിക്കപ്പെടുമെന്നാണ് യഹൂദർ വിശ്വസിക്കുന്നത്. ദേവാലയമോ ബലിയർപ്പണമോ ഇപ്പോൾ ഇല്ലെങ്കിലും, ഈ ദിവസം വളരെ സമയം അവർ സിനഗോഗുകളിൽ പ്രാർത്ഥനയ്ക്കായി ചെലവഴിക്കും. പാപപരിഹാരം ലഭിക്കുന്ന ദിവസം എന്നതിന്റെ സൂചനയ്ക്കായി ഈ ദിവസം യഹൂദർ വെള്ള വസ്ത്രം മാത്രമേ ധരിക്കുകയുള്ളൂ. മാത്രമല്ല, ഈ ദിവസം യഹൂദർക്ക് ഉപവാസദിനമാണ്. ഈ ഒരു ദിവസമല്ലാതെ മറ്റൊരു ദിവസവും ഉപവസിക്കണമെന്ന് മോശയുടെ നിയമത്തിൽ പറയുന്നില്ല.

മൃഗമോ കന്നുകാലിയോ ആടോ ഒന്നും ഭക്ഷിക്കരുത്. അവ മേയുകയോ വെള്ളം കുടിക്കുകയോ അരുത്. മനുഷ്യനും മൃഗവും ചാക്കുവസ്ത്രം ധരിച്ച് ദൈവത്തോടു ഉച്ചത്തിൽ നിലവിളിക്കട്ടെ (യോന 3 : 8). രാജാവിന്റെ പ്രഖ്യാപനം സ്വീകരിച്ച്, പ്രായശ്ചിത്തം ചെയ്ത ജനങ്ങളോട് ദൈവം മനസ്സലിഞ്ഞ് ദുരന്തം ഒഴിവാക്കി. തങ്ങളുടെ ദുഷ്ടതയിൽനിന്ന് അവർ പിൻതിരിഞ്ഞുവെന്ന് കണ്ട് ദൈവം മനസ്സുമാറ്റി. അവരുടെമേൽ അയയ്ക്കുമെന്നു പറഞ്ഞ തിന്മ അയച്ചില്ല (യോന 3:10).

**മരുഭൂയാത്ര**

യഹൂദരുടെ ചരിത്രത്തെ മുഴുവൻ നോമ്പിലൂടെ രക്ഷയെന്ന് വ്യാഖ്യാനിക്കാൻ കഴിയും. ഈജിപ്റ്റിലെ അടിമത്തത്തിൽനിന്ന് പുറത്തുവന്ന ജനം, നാല്പതു വർഷം മരുഭൂമിയിലൂടെ യാത്ര ചെയ്താണ് വാഗ്ദത്തനാടായ കനാൻ ദേശത്ത് ചെന്നെത്തുന്നത്. ഇതു ഒറ്റപ്പെട്ട ഒരു സംഭവമായല്ല, തങ്ങളുടെ ജീവിത നിയമമായാണ് പ്രവാചകന്മാർ വ്യാഖ്യാനിക്കുന്നത്. ജീവന് വിരുദ്ധമായ ഏതു നിലപാടിലും പ്രവാചകന്മാർ ഇടപെട്ട്, മരുഭൂമിയുടെ അരൂപിയിലേക്ക് ജനങ്ങളെ പിൻതിരിപ്പിക്കുകയും, അങ്ങനെ രക്ഷ അവർക്ക് ലഭ്യമാക്കിക്കൊടുക്കുകയും ചെയ്തിരുന്നു. ഹോസിയ പ്രവാചകന്റെ വാക്കുകൾ കേൾക്കുക: ഞാൻ അവളെ വശീകരിച്ച് വിജനപ്രദേശത്തേക്ക് കൊണ്ടുവരും. അവളോടു ഞാൻ ഹൃദ്യമായി സംസാരിക്കും. അവിടെവച്ച് ഞാൻ അവൾക്ക് അവളുടെ മുന്തിരിതോട്ടങ്ങൾ നല്കും. ആഖോർ താഴ്‌വര ഞാൻ പ്രത്യാശയുടെ കവാടമാക്കും (ഹോസിയ 2:14-15).

ദൈവത്തിന്റെ വചനം ഹൃദ്യമായി അനുഭവപ്പെടാനും, ദൈവത്തിൽനിന്ന് അനുഗ്രഹം പ്രാപിക്കുവാനും മരുഭൂമിയുടെ അരൂപിയിലേക്ക് പോകേണ്ടിയിരിക്കുന്നുവെന്ന് ഇവിടെ വ്യക്തമാണല്ലോ. പ്രവാചകൻ യഹൂദ ചരിത്രത്തെ വ്യാഖ്യാനിച്ച്, ആധ്യാത്മികതയുടെ നിയമം എന്തെന്ന് രേഖപ്പെടുത്തുകയാണ്. വാഗ്ദത്ത നാട്ടിൽ പ്രവേശിക്കണമോ? മരുഭൂവാസം കൂടാതെ അതു സാധ്യമല്ല. ഇത് യഹൂദ ചരിത്രത്തിലൂടെ ദൈവം പഠിപ്പിക്കുന്ന ആദ്ധ്യാത്മിക നിയമമാണ്. ഈ മരുഭൂവാസത്തിന്റെ പേരാണ് നോമ്പ് എന്നത്.



**പുതിയനിയമത്തിലേക്കു കടക്കുമ്പോൾ**

പഴയനിയമ ചരിത്രത്തിൽനിന്ന് ഉൾക്കൊള്ളാവുന്ന മേല്പറഞ്ഞ ആധ്യാത്മിക നിയമം, യേശു തന്റെ ജീവിത നിയമമായി സ്വീകരിച്ചുവെന്ന് യേശുവിന്റെ ജീവിതത്തിൽനിന്നും പ്രബോധനങ്ങളിൽനിന്നും മനസ്സിലാക്കാൻ കഴിയും. യോഹന്നാനിൽനിന്ന് സ്നാനം സ്വീകരിച്ച യേശുവിനെ, മരുഭൂമിയിലേക്കാണ് പരിശുദ്ധാത്മാവ് നയിക്കുന്നത്. പരിശുദ്ധാത്മാവിനാൽ അഭിഷേകം ചെയ്യപ്പെട്ടുവെങ്കിലും, ഉടനെ ഒരു വാക്കുപോലും യേശു പ്രസംഗിക്കുന്നില്ല. മറിച്ച് മരുഭൂമിയുടെ ഏകാന്തതയിലും വിജനതയിലും അസൗകര്യങ്ങളിലും നാല്പതു നാൾ ചെലവഴിച്ചശേഷമാണ് യേശു ആദ്യമായി സുവിശേഷം പ്രസംഗിക്കുന്നത്. ജീവന്റെ സുവിശേഷം പ്രസംഗിക്കാൻ മരുഭൂമിയുടെ അനുഭവം കൂടാതെ സാധ്യമല്ല എന്ന് പറയുന്നതുപോലെ തോന്നും യേശുവിന്റെ പരസ്യജീവിത വർണ്ണന. അതിന്റെ അത്യാവശ്യം മർക്കോസിന്റെ സുവിശേഷത്തിൽ വളരെ വ്യക്തമാണ്. യേശു 'പ്രിയ പുത്രൻ' എന്ന് പിതാവ് പ്രഖ്യാപിച്ചശേഷം, പരിശുദ്ധാത്മാവ് എന്തു ചെയ്തുവെന്ന് മർക്കോസ് പറയുന്നത് ഇങ്ങനെയാണ്: ഉടനെ ആത്മാവ് അവനെ മരുഭൂമിയിലേക്കു നയിച്ചു (1:12). ഇവിടെ രണ്ടു പദങ്ങൾ പ്രത്യേകം ശ്രദ്ധിക്കേണ്ടതുണ്ട്– ഉടനെ എന്നതും, നയിച്ചു എന്നതും. യേശു മരുഭൂമിയിലായിരിക്കുക എന്നത് അത്യാവശ്യമാണെന്ന തോന്നലാണ് ഈ പ്രയോഗം (ഉടനെ എന്നത്) നല്കുന്നത്. അതുപോലെ പ്രധാനമാണ് 'നയിച്ചു'എന്ന പ്രയോഗം. മലയാളത്തിൽ നയിച്ചുവെന്ന് പരിഭാഷപ്പെടുത്തിയിരിക്കുന്നെങ്കിലും മർക്കോസ് ഉപയോഗിച്ചിരിക്കുന്ന ഗ്രീക്കുപദത്തിന് 'ഓടിക്കുക' എന്ന അർത്ഥമാണുള്ളത്. ഇവിടെയും യേശുവിന്റെ മരുഭൂവാസത്തിന്റെ (ഉപവാസത്തിന്റെ) ആവശ്യകത വ്യക്തമാക്കുകയാണ് സുവിശേഷകൻ ചെയ്യുന്നത്.

തന്റെ ജീവിതത്തിൽ ഈ നിയമം പാലിച്ച യേശു, തന്റെ പ്രബോധനത്തിലും ഈ ആധ്യാത്മിക നിയമമാണ് ജനങ്ങളെ പഠിപ്പിക്കുന്നത്. ഉപവസിച്ച് ഒരുങ്ങിയ യേശു ജനങ്ങളോടു പ്രഖ്യാപിക്കുന്നു: സമയം പൂർത്തിയായി; ദൈവരാജ്യം സമീപിച്ചിരിക്കുന്നു. അനുതപിച്ച് സുവിശേഷത്തിൽ വിശ്വസിക്കുവിൻ (മർക്കോസ് 1:15).

അനുതാപമെന്ന നോമ്പിലൂടെ കടന്ന് സുവിശേഷത്തിന്റെ അനുഭവത്തിലേക്ക് പ്രവേശിക്കുകയെന്നാണ് യേശു ജനങ്ങളെ ആഹ്വാനം ചെയ്യുന്നത്. ജനങ്ങളെ ശിഷ്യത്വത്തിലേക്കു വിളിക്കുന്ന രംഗം ശ്രദ്ധിക്കുക: അവൻ ശിഷ്യന്മാരോടൊപ്പം ജനക്കൂട്ടത്തെയും തന്റെ അടുത്തേക്കു വിളിച്ചുവരുത്തി അവരോടു പറഞ്ഞു: ആരെങ്കിലും എന്നെ അനുഗമിക്കാൻ ആഗ്രഹിക്കുന്നെങ്കിൽ അവൻ തന്നെത്തന്നെ പരിത്യജിച്ച് തന്റെ കുരിശുമെടുത്ത് എന്നെ അനുഗമിക്കട്ടെ (മർക്കോസ് 8:34).

യേശുവിനെ അനുഗമിക്കുകയെന്നാൽ ശിഷ്യനാകുക എന്ന് അർത്ഥം. അതിനുള്ള വ്യവസ്ഥയാണ് കുരിശു വഹിക്കുകയെന്നത്. നോമ്പു കുരിശു വഹിക്കലാണ്. അത് ലക്ഷ്യമില്ലാത്ത ഒരാചരണമല്ല, അനുഗമനം സാധ്യമാക്കുന്ന വ്യവസ്ഥയാണ്. പ്രാധാന്യം 'ശിഷ്യനാകുക' എന്നതിനാണ്. എന്നാൽ വ്യവസ്ഥകളൊന്നും കൂടാതെ ശിഷ്യനാകുക സാധ്യമല്ല. ആദ്യ ശിഷ്യന്മാരെ വിളിക്കുന്ന രംഗവും ഇതുതന്നെയാണ് വ്യക്തമാക്കുന്നത്. ശിമയോനെയും അന്ത്രയോസിനെയും കണ്ട യേശു അവരോടു പറഞ്ഞത് 'എന്നെ അനുഗമിക്കുവിൻ; ഞാൻ നിങ്ങളെ മനുഷ്യരെ പിടിക്കുന്നവരാക്കും' എന്നു മാത്രമാണ്. എന്നാൽ അവരുടെ പ്രതികരണത്തിൽ രണ്ട് അംശങ്ങളുണ്ട് – ഉപേക്ഷിക്കുകയും അനുഗമിക്കുകയും. ഉപേക്ഷിക്കുകയെന്നത് നോമ്പിനെ കുറിക്കുന്നു. അനുഗമിക്കുകയെന്നത് എത്തിച്ചേരുന്ന പുതിയ ബന്ധത്തെയും.

**കുറവുകളെ നികത്തുന്ന നോമ്പ്**

ലൂക്കാ മാത്രം നല്കുന്ന രണ്ടു ചെറിയ ഉപമകൾ ഇവിടെ ശ്രദ്ധേയമാണ് – ഗോപുരത്തിന്റെയും സൈന്യത്തിന്റെയും ഉപമകൾ. യേശു പറയുന്നു: ഗോപുരം പണിയാൻ ഇച്ഛിക്കുമ്പോൾ അതു പൂർത്തിയാക്കാൻ വേണ്ട വക തനിക്കുണ്ടോ എന്ന് അതിന്റെ ചെലവ് ആദ്യമേ തന്നെ കണക്കു കൂട്ടി നോക്കാത്തവൻ നിങ്ങളിൽ ആരുണ്ട്? അല്ലെങ്കിൽ ഇരുപതിനായിരം ഭടന്മാരോടുകൂടെ തനിക്കെതിരേ വരുന്നവനെ പതിനായിരംകൊണ്ടു നേരിടാൻ സാധിക്കുമോയെന്ന് ആദ്യമേ ആലോചിക്കാതെ മറ്റൊരു രാജാവിനോടു യുദ്ധത്തിനു പോകുന്ന ഏതു രാജാവാണുള്ളത്? (14:28–33)

ഈ രണ്ടു ഉപമകളിലും കുറവാണു വിഷയം – പണത്തിന്റെ കുറവും, ഭടന്മാരുടെ കുറവും. കുറവു നികത്താനുള്ള മാർഗ്ഗമോ? 'തനിക്കുള്ളതെല്ലാം ഉപേക്ഷിക്കുക' (14:33). ഇതാണ് നോമ്പിന്റെ സവിശേഷത – ഉള്ളതുകൂടി ഉപേക്ഷിച്ചുകൊണ്ട് നിറവിലെത്തുന്ന ഇന്ദ്രജാലം.



# ദൈവത്തിന്റെ സ്വന്തം ഈശോ



**വർഗീസ് ഐസക്**
**തെക്കേടത്ത് കോഴിമണ്ണിൽ**

**മ**ദ്ധ്യകേരളത്തിലെ ദൈവവിളിയുടേയും പ്രേഷിതവേലയുടെയും വിളനിലമാണ് മല്ലപ്പള്ളി. മണിമലയാറിന്റെ മനം മയക്കുന്ന താരാട്ടിൽ മതിമറന്നുറങ്ങുന്ന മല്ലപ്പള്ളി. മല്ലന്മാർ പള്ളികൊള്ളുന്ന മല്ലപ്പള്ളിയുടെ തിരുനെറ്റിക്കൊരു തൊടുകുറിയാണ് ആനിക്കാട് എന്ന കൊച്ചുഗ്രാമം. അവിടെ ആരെയും ആകർഷിച്ച് ഉയർന്ന് നിൽക്കുന്ന 'മാന്താറ്റുപാറ'-യെന്ന കൂറ്റൻ കരിമ്പാറക്കൂട്ടങ്ങൾ, മൊട്ടക്കുന്നുകൾ, പച്ചവിരിച്ച നെൽപ്പാടങ്ങൾ, വളഞ്ഞ് പുളഞ്ഞൊഴുകുന്ന കൈത്തോടുകൾ, വാഴത്തോപ്പുകൾ, മന്ദമാരുതനിൽ തലയാട്ടി നിൽക്കുന്ന തെങ്ങിൻ തോട്ടങ്ങൾ, മാനം മുട്ടി നിൽക്കുന്ന മാമര ചാർത്തുകൾ. കർഷകരും, നാനാജാതി മതസ്ഥരും, വിദ്യാസമ്പന്നരായ ഗ്രാമീണരും സൗഹൃദത്തോടെ അധിവസിക്കുന്ന ആനിക്കാട്.

പുനരൈക്യ പ്രസ്ഥാനത്തിന്റെ പ്രണേതാവ്, മലങ്കര കത്തോലിക്കാസഭയുടെ ''വി. പൗലോസ്'' എന്ന അപരനാമത്തിൽ അറിയപ്പെടുന്ന ഭാഗ്യസ്മരണാർഹനായ വാളക്കുഴി ജോസഫ് മാർ സേവേറിയോസ് പിതാവിന് ജന്മം നൽകിയ നാട്. 1937-ൽ കത്തോലിക്കാസഭയെ ആശ്ലേഷിച്ച ക്രാന്തദർശിയായ അഭിവന്ദ്യ സേവേറിയോസ് പിതാവ്, കുന്നിരിക്കൽ കുന്നിൻ താഴ്‌വരയിൽ 1938 -ലെ ക്രിസ്തുമസ് ദിനത്തിൽ കൂദാശ ചെയ്ത് സ്ഥാപിച്ച ദൈവാലയമാണ് ആനിക്കാട് ബേത്‌ലഹേം തിരുക്കുടുംബ മലങ്കര കത്തോലിക്ക ദൈവാലയം (കുന്നിരിക്കൽ പള്ളി). തിരുവല്ല അതിഭദ്രാസനത്തിൽപ്പെട്ട ഈ ഇടവക 80 വർഷം പിന്നിടുമ്പോൾ 155-ൽ പരം ഭവനങ്ങളുമായി ഈ നാടിനും സമൂഹത്തിനും ഐശ്വര്യവും അനുഗ്രഹവുമായി നിലകൊള്ളുന്നു.

ഈ തിരുക്കുടുംബ ദൈവാലയത്തിന് ഒളിവിതറി വെള്ളിനക്ഷത്രമായി ഉദിച്ചു നിൽക്കുന്ന പ്രധാന ശുശ്രൂഷകനാണ് വെള്ളരിങ്ങാട്ട് വി.വി. ഈശോ എന്ന ഈശോച്ചായൻ....ഈ ശുശ്രൂഷകൻ മദ്ബഹാശുശ്രൂഷയിൽ പിന്നിട്ടത് 55 വർഷങ്ങൾ... അഞ്ച് തലമുറയിലെ വിശ്വാസികളുടെ കൗദാശിക കർമ്മങ്ങളിൽ പങ്ക് വഹിച്ച 75 കാരൻ. ഓർത്തഡോക്സ് സഭാംഗങ്ങളായ വെള്ളരിങ്ങാട്ട് വർഗീസിന്റെയും മറിയാമ്മയുടേയും രണ്ട് ആൺമക്കളിൽ മുതിർന്ന മകനാണ് ജോയി എന്ന് വീട്ടിൽ വിളിക്കുന്ന വി.വി. ഈശോ. 1945 ജൂൺ 13 ന് ജനനം. 1958-ൽ പുനരൈക്യപ്പെട്ടു. 1972 ൽ വിവാഹിതനായി. ഒരു മകനേയും മകളേയും ദൈവം കൊടുത്തു. അവരും വിവാഹിതരായി. ഇപ്പോൾ ചെറുമകൻ മദ്ബഹായിൽ ഈശോച്ചായനോടൊത്ത് ശുശ്രൂഷകനാണ്. പിതാവ് കൂലിപ്പണി ചെയ്തും, മുണ്ട് മുറുക്കിയുടുത്തും ദാരിദ്ര്യവും പട്ടിണിയും അറിയിക്കാതെ കുട്ടികളെ വളർത്തി. കഷ്ടപ്പാട് നിറഞ്ഞതായി

രുന്നു ഈശോച്ചായന്റെ ബാല്യകാലം.

സെന്റ് മേരീസ് ഹൈസ്കൂളിൽ 10-ാം ക്ലാസ്സിൽ ഈശോ പഠിക്കുന്ന കാലം. പള്ളിപ്പടിയുടെ താഴെയായി പ്രവർത്തിക്കുന്ന പോസ്റ്റ് ഓഫീസ് വരാന്തയിൽ (മാർ സേവേറിയോസ് പിതാവ് സ്ഥാപിച്ചത്) വെറുതെയിരിക്കുമ്പോൾ അന്നത്തെ ഇടവക വികാരി ബഹു. പീറ്റർ തേക്കുംപറമ്പിലച്ചൻ, അതുവഴി കടന്നു വന്നപ്പോൾ ഈശോയെ കണ്ട് അടുത്തു വിളിച്ചു ചോദിച്ചു ''നിനക്ക് പള്ളിയുടെ കപ്യാർ ആയിക്കൂടെ?'' ഈശോ വിനയത്തോടെ പറഞ്ഞു ''ഞാൻ പഠിച്ചുകൊണ്ടിരിക്കുകയാ അച്ചോ, എനിക്ക് സ്കൂളിൽ പോകണം''. ''അതൊന്നും സാരമില്ല ഞാനല്ലേ സ്കൂളിന്റെ ഹെഡ്മാസ്റ്റർ''. അച്ചൻ നിർബന്ധിച്ചപ്പോൾ ഈശോച്ചായൻ സമ്മതിച്ചു. ഈശോച്ചായന്റെ വാക്കുകൾ കടമെടുത്താൽ ''യേശുതമ്പുരാൻ നഥാനിയേലിനെ വിളിച്ചപോലെ''. അതുമാത്രമല്ല 10-ാം ക്ലാസ്സിൽ തോറ്റതും അനുഗ്രഹമായി. ദൈവത്തിന്റെ പദ്ധതികൾ എത്ര വിസ്മയകരം. അന്ന് കൈവയ്പ് ലഭിച്ച് പ്രധാന ശുശ്രൂഷകനായി മദ്ബഹായിൽ പ്രവേശിച്ച ഈശോച്ചായൻ, ഈ നിമിഷം വരെ തനിക്ക് ലഭിച്ച ദൈവനിയോഗത്തെ, ദൈവേഷ്ടപ്രകാരം ഏറെ സന്തോഷത്തോടും, ആത്മാർത്ഥതയോടും സമർപ്പണത്തോടുംകൂടി നിർവ്വഹിക്കുന്നു. സൗമ്യനും, ശാന്തനും, പരോപകാരിയുമായ അദ്ദേഹത്തിന്റെ ആകെ സമ്പാദ്യം ഈശ്വരൻ മാത്രമാണ്. അദ്ധ്വാനശീലവും, ദൈവാശ്രയബോധവും, ആത്മധൈര്യവുമാണ് ഈശോച്ചായന്റെ മുതൽക്കൂട്ട്.

അതിരൂപത മുൻ വികാരി ജനറാൾ മോൺ. ചെറിയാൻ താഴമണ്ണച്ചൻ ഉൾപ്പെടെ പ്രഗത്ഭരും പ്രശസ്തരുമായ 19 വികാരിമാരോടൊത്ത് ശുശ്രൂഷ ചെയ്യാൻ ഭാഗ്യം ലഭിച്ചത് അഭിമാനത്തോടെ അദ്ദേഹം ഓർക്കുന്നു. ഇവരിൽ 7 പേർ കാലയവനികയ്ക്കുള്ളിൽ മറഞ്ഞുകഴിഞ്ഞു. വൈദികർ പലരും പല സ്വഭാവക്കാരാണെങ്കിലും എല്ലാവരും ഹൃദയത്തിൽ സ്നേഹമുള്ളവരാണെന്നാണ് ഈശോച്ചായന്റെ അഭിപ്രായം. ആദ്യകാലങ്ങളിലൊക്കെ സാമ്പത്തിക ഞെരുക്കം അനുഭവപ്പെട്ടപ്പോൾ പണം തന്നു സഹായിച്ച പല വൈദികരേയും നന്ദിയോടെ മാത്രമെ ഓർക്കാൻ സാധിക്കൂ. പ്രത്യേകിച്ച് ബഹു. ഫിലിപ്പ് ഇരട്ടമാക്കിലച്ചൻ. ശുശ്രൂഷാവേതനംകൊണ്ട് കുടുംബം പുലർത്താൻ സാധിക്കാതെ വന്നപ്പോൾ ഇടവകയോട് ചേർന്നുള്ള തപാൽ ഓഫീസിൽ 1974 -ൽ ഒരു പോസ്റ്റുമാനായി. രണ്ടു ജോലികളും ഒരുപോലെ കൊണ്ടുപോകുമെങ്കിലും, പോസ്റ്റ് ഓഫീസ് ജോലിക്ക് ഇടയ്ക്കൊക്കെ വീഴ്ച വരുത്തിയാലും, ഇടവകയുടെ ശുശ്രൂഷകൾക്ക് ഒരു മുടക്കവും വരുത്തിയിട്ടില്ല. 36 വർഷം പോസ്റ്റുമാനായി ജോലി ചെയ്തശേഷം വിരമിച്ചു. ഒരു പോസ്റ്റുമാനുംകൂടി ആയതുകാരണം നാടിന്റെ സർവ്വമുക്കും മൂലയും ഈശോച്ചായന് ഹൃദിസ്ഥമാണ്. നാട്ടിലെ കൊച്ചുകുട്ടികൾക്ക് പോലും ഈശോച്ചായൻ സുപരിചിതനാണ്.

ദൈവത്തിന്റെ ശക്തമായ കരുതലും സംരക്ഷണവും ഈശോച്ചായന്റെ കൂടെയുണ്ടായിരുന്നു. ഒരിക്കൽ തപാൽ ഡ്യൂട്ടിക്കിടെ ഒരു വീട്ടിൽ കത്തു കൊടുക്കുവാൻ ചെന്നപ്പോൾ ആ വീട്ടിലെ അൾസേഷൻ നായ് തൊടല് പൊട്ടിച്ച് ഈശോച്ചായനെ ക്രൂരമായി ആക്രമിച്ചു. ഭാഗ്യത്തിന് നാട്ടുകാർ ഓടി വന്ന് രക്ഷപ്പെടുത്തി. ഇൻജക്ഷൻ എടുത്ത് വീട്ടിൽ വിശ്രമിക്കേണ്ടി വന്നതിനാൽ 4 ദിവസത്തേക്ക് പള്ളിയിൽ പോകാൻ സാധിച്ചില്ല. സുഭാ. 29:25 ൽ പറയുന്നു ''കർത്താവിൽ വിശ്വാസം അർപ്പിക്കുന്നവൻ സുരക്ഷിതനത്രേ''. അന്നും ഇന്നും കാൽനടയാണ് ഇഷ്ടം. വെള്ളരിങ്ങാട്ട് കുന്നിൽനിന്നും 3 കിലോമീറ്റർ നടന്ന് എല്ലാ ദിവസവും വെളുപ്പിനെ 5 മണിയോടെ പള്ളിയിലെത്തി, മദ്ബഹായിൽ മുട്ടുകുത്തി പ്രാർത്ഥിച്ച ശേഷം, ചെയ്യേണ്ട കാര്യങ്ങൾ കൃത്യതയോടും ശ്രദ്ധയോടും, ആർക്കും ഒരു പരാതിക്കും ഇടയില്ലാത്തവിധം നിർവ്വഹിക്കുന്നു. ഇടവക അംഗങ്ങളെയും ഭരണസമിതിയുടെയും പരിപൂർണ്ണ സഹകരണം ഈശോച്ചായന് എപ്പോഴും ലഭിക്കുന്നു. പള്ളിമൂപ്പൻ ഇല്ലാത്തതിനാൽ പള്ളിക്കുള്ളിലെയും പരിസരത്തെയും സർവ്വ ജോലികളും തികഞ്ഞ ഉത്തരവാദിത്വത്തോടെ ഇപ്പോഴും നിർവ്വഹിച്ചുപോരുന്നു. തുടക്കത്തിൽ 16 രൂപയായിരുന്നു മാസശമ്പളം. ഇന്നത് 6000 രൂപയായി. 2016 ൽ ബഹു. ചെറിയാൻ മാമ്പ്രക്കുഴി അച്ചൻ വികാരിയായി സ്ഥാനമേറ്റതോടെ വെളുപ്പിനെ 5 മണിക്കുള്ള വരവ് 4 മണിക്കാക്കി. ശുശ്രൂഷകളുടെ ദൈർഘ്യം വർദ്ധിച്ചു. വിശുദ്ധ കുർബ്ബാന, വിവാഹം, മൃതസംസ്കാരം ഇവ ഒന്നിച്ചു വന്നിട്ടുള്ള ദിവസങ്ങളും ഉണ്ടായിട്ടുണ്ട്. ദൈവശുശ്രൂഷയ്ക്കായി ഇറങ്ങി തിരിച്ച ഈശോച്ചായന് ഇതൊന്നും ഒരു പ്രശ്നമല്ല.

''കർത്താവിന്റെ ദൂതൻ ദൈവഭക്തരുടെ ചുറ്റും പാളയമടിച്ച് അവരെ സംരക്ഷിക്കുന്നു'' എന്ന് സങ്കീ. 34:7 ൽ പറയുന്നതുപോലെ ഈശോച്ചായന് ബോധ്യമായ ഒരു സംഭവം പങ്കുവയ്ക്കുന്നു. 1991 ൽ ബഹു. ജോൺ ചെട്ടിശ്ശേരിയച്ചൻ വികാരിയായിരുന്ന കാലം, ഇടവകയിലെ ഒരു ഭവനം കൂദാശ ചെയ്യാൻ അച്ചന്റെ ബുള്ളറ്റിൽ ഈശോച്ചായനും ഒത്തുള്ള യാത്ര. ഒരു കൈയ്യിൽ ബാഗും കവറും ചേർത്ത് പിടിച്ചിട്ടുണ്ട്. യാത്രയ്ക്കിടയിൽ പലതിനെക്കുറിച്ചും സംസാരിക്കുന്നുണ്ടെങ്കിലും ബുള്ളറ്റിന്റെ പടപട ശബ്ദം കാരണം ഒന്നും വ്യക്തമല്ല. ബുള്ളറ്റ് ഗട്ടറുകൾ കയറിയിറങ്ങി കുതിച്ചു പായുന്നു. കുറെ ദൂരം പിന്നിട്ടപ്പോൾ അച്ചൻ ചോദിക്കുന്നതിന് ഈശോച്ചായൻ മറുപടി പറയാതെയായി. അച്ചൻ വണ്ടി നിർത്തി പുറകോട്ടു നോക്കി. ഈശോച്ചായൻ

ഇല്ല! ബുള്ളറ്റ് വന്ന വഴിയെ തിരിച്ചു വിട്ടു. കുറെ ദൂരം ചെന്നപ്പോൾ ഈശോച്ചായനെ കണ്ടു. റോഡ് സൈഡിലുള്ള ഇഞ്ചക്കാട്ടിൽ തൊട്ടാവാടി മുള്ളിനുള്ളിൽ വീണ് കിടക്കുന്നു. ധൂപക്കുറ്റിയും പ്രാർത്ഥനാപുസ്തകങ്ങളും റോഡിൽ ചിതറി കിടക്കുന്നു. അച്ചൻ ഇറങ്ങിച്ചെന്ന് ഈശോച്ചായനെ പിടിച്ച് എഴുന്നേല്പിച്ചു. ശരീരത്ത് അല്പസ്വല്പം തൊലി പോയ വേദനയോടെ അദ്ദേഹം പറഞ്ഞു: ''ഗട്ടറിൽ ചാടിയപ്പോൾ കൈവിട്ടുപോയി. ഒന്നും പറ്റാതെ ദൈവം കാത്തു''.

മദ്ബഹായിൽനിന്നും തനിക്ക് ലഭിച്ച അറിവുകളെ, കൂടെ ശുശ്രൂഷ ചെയ്യുന്നവർക്ക് പറഞ്ഞു കൊടുക്കുന്നതിൽ ഈശോച്ചായൻ ഉത്സുകനായിരുന്നു. മരിച്ചുപോയ ഇടവകാംഗം ബഹു. ജോസ് വാളക്കുഴിയിലച്ചൻ, ബിജു പത്തായത്തിങ്കലച്ചൻ ഇവരൊക്കെ മദ്ബഹായിൽ ഈശോച്ചായന്റെ പരിശീലനം ലഭിച്ചിട്ടുള്ളവരാണ്. സെമിനാരി കാലയളവിൽ റീജൻസിക്ക് ഈ ഇടവകയിൽ വന്ന ചില വൈദികവിദ്യാർത്ഥികളും (ഇന്ന് പലരും പ്രശസ്തരായ വൈദികർ) ഈശോച്ചായനിലൂടെ പരിശീലനം നേടി വളർന്നവരാണ്. ഇപ്പോൾ പുതുതായി കടന്നുവരുന്ന മദ്ബഹാ ശുശ്രൂഷകർക്കും ഏക ആശ്രയം ഈശോച്ചായനാണ്.

'ഈശോ' എന്ന പേര് അനുഗ്രഹീതമാണെങ്കിലും, പേരിലും അബദ്ധം സംഭവിച്ചിട്ടുണ്ട്. ഒരിക്കൽ പ്രഭാതദിവ്യബലിക്കായി മദ്ബഹായിൽ ഈശോച്ചായൻ ഒരുക്കങ്ങൾ നടത്തുന്നു. പ്രാർത്ഥനയ്ക്കായി ആളുകൾ എത്തി തുടങ്ങിയില്ല. ബഹു. പീറ്റർ തേക്കുംപറമ്പിലച്ചൻ പള്ളിക്കുള്ളിൽ തനിച്ചിരുന്ന് ഭക്തിപൂർവ്വം പ്രാർത്ഥിക്കുന്നു. പെട്ടെന്ന് ''എന്റെ ഈശോയെ'' എന്നൊരു വിളി. വിളി കേട്ടതും ഈശോച്ചായൻ വേഗം മദ്ബഹായിൽനിന്നും ഇറങ്ങി, ഭവ്യതയോടെ അച്ചന്റെ അരികിൽ ചെന്ന് ചോദിച്ചു. ''അച്ചൻ എന്നെ വിളിച്ചോ''. പ്രാർത്ഥന മുറിഞ്ഞ അരിശത്തോടെ അച്ചൻ. ''ഈശോ...ഞാൻ എന്റെ ദൈവത്തെ വിളിച്ചതാ''. വല്ലാത്ത ഒരു ചമ്മലോടെ ഈശോച്ചായൻ തിരിച്ചു പോയി.

സഭയുടെ പരമാദ്ധ്യക്ഷൻ ക്ലീമീസ് ബാവായെ ഏറെ ആദരവോടും കൃതജ്ഞതയോടുംകൂടി മാത്രമെ ഈശോച്ചായന് ഓർക്കാൻ കഴിയൂ. ആനിക്കാട് സെന്റ് മേരീസ് ഹൈസ്കൂളിൽ പഠിക്കുന്ന കാലം മുതൽ തോട്ടുങ്കൽ മാത്യു സാറിന്റെ മകനെ നേരിട്ട് അറിയാം. അതുപോലെ അദ്ദേഹത്തിന് ഈശോച്ചായനെയും. എവിടെവച്ച് കണ്ടാലും പേര് ചൊല്ലി വിളിക്കാറുണ്ട്. ഒരിക്കൽ ഒരു പ്രസംഗമദ്ധ്യേ പിതാവ് ഈശോച്ചായനെ അനുസ്മരിച്ച് പറഞ്ഞതിങ്ങനെയാണ്: സാധാരണ എല്ലാവരും വൈദികരെ കാണുമ്പോഴാണ് ഈശോമിശിഹായ്ക്ക് സ്തുതി എന്നു പറയുന്നത്. പക്ഷെ ഒരു ശുശ്രൂഷകനെ കാണുമ്പോൾ വൈദികർ പോലും ഈശോന്ന് പറയുന്നത് ഈ ഇടവകയിൽ മാത്രമെ ഉള്ളൂ.

2006 ൽ ബഹു. പത്തിപറമ്പിലച്ചൻ വികാരിയായിരിക്കുമ്പോൾ പള്ളിയുടെ പുനരുദ്ധാരണ പ്രവർത്തനങ്ങൾ നടന്നു. ക്ലീമീസ് പിതാവിന്റെ നേതൃത്വത്തിൽ ദൈവാലയ കൂദാശ നടക്കുന്ന സമയം. ശുശ്രൂഷകൾക്കിടയിൽ പിതാവ് ഈശോച്ചായനെ അരികിൽ വിളിച്ച്, ഇവിടെ ശുശ്രൂഷ ചെയ്യാൻ തുടങ്ങിയിട്ട് എത്ര വർഷമായെന്ന് ആരാഞ്ഞു. 40 വർഷം എന്ന് ഈശോച്ചായൻ പറഞ്ഞു. ഉടൻ തന്നെ ക്ലീമീസ് പിതാവ് ശെമ്മാശനെ വിട്ട് ജ്യുവലറിയിൽനിന്നും ഒരു പവന്റെ സ്വർണ മോതിരം വാങ്ങിപ്പിച്ചു. തുടർന്ന് ശുശ്രൂഷാമദ്ധ്യേ പതിനഞ്ച് മിനിറ്റ് ഈശോച്ചായനെക്കുറിച്ച് പ്രസംഗിച്ചശേഷം, മോതിരം ഈശോച്ചായന്റെ വിരലിൽ അണിയിച്ചു. ആ മോതിരം ഇന്നും ഏറെ അഭിമാനത്തോടെ ഈശോച്ചായൻ ധരിച്ച് നടക്കുന്നു. ഏക മകൻ ഒരു ജോലി ഇല്ലാതെ ബുദ്ധിമുട്ടിയപ്പോഴും ബാവാ പിതാവിന്റെ കരുണാർദ്ര ഹൃദയം ഈശോച്ചായന് അനുഗ്രഹമായി. അങ്ങനെ ഓതറ യു.പി. സ്കൂളിൽ മകൻ അറ്റൻഡറായി ജോലി ചെയ്യുന്നു. ഇനി ഒരു ചെറിയ ദുഃഖം മാത്രം. നല്ല ഒരു വീടില്ല. ദൈവത്തിന്റെ വിശ്വസ്ത ദാസന്, ദൈവം അതും ഒരുക്കി കൊടുക്കും എന്ന് ഈശോച്ചായന് ബോധ്യമുണ്ട്.

എപ്പോഴും ചുണ്ടിൽ വിരിഞ്ഞ് നിൽക്കുന്ന പുഞ്ചിരി അദ്ദേഹത്തിന്റെ നന്മയാണ്. അധികം പ്രായം തോന്നിക്കാതെ നല്ല പ്രസരിപ്പോടെ ഈ എഴുപത്തഞ്ചാം വയസ്സിലും ആരോഗ്യത്തോടെ നടക്കുന്നത്, സർവ്വേശ്വരൻ തന്നെ കൈപിടിച്ച് നടത്തുന്നതുകൊണ്ടാണെന്ന് ഈശോച്ചായൻ നെഞ്ചത്ത് കൈ വച്ച് പറയുന്നു.

ശുശ്രൂഷകളിൽ നല്ല അർപ്പണ മനോഭാവമുള്ള വ്യക്തി. എപ്പോഴും പൂർണ സഹകരണം ഈശോച്ചായനിൽനിന്ന് കിട്ടിയിട്ടുള്ളത് മറക്കാൻ പറ്റില്ലെന്ന് മുൻ വികാരി ബഹു. ഏബ്രഹാം കുളങ്ങരയച്ചനും ബഹു. ജോൺ തോമസ് കണ്ടത്തിങ്കലച്ചനും ഓർമ്മിക്കുന്നു. വിശ്വസ്തനും സമയക്ലിപ്തത പാലിക്കുന്ന ശുശ്രൂഷകനുമാണ് ഈശോച്ചായനെന്ന് മറ്റൊരു മുൻ വികാരി ബഹു. ചെറിയാൻ മാമ്പ്രക്കുഴി അച്ചനും പറയുന്നു.

''അങ്ങയുടെ അങ്കണത്തിൽ വസിക്കാൻ അങ്ങ് തന്നെ തെരഞ്ഞെടുത്ത് കൊണ്ടുവരുന്നവൻ ഭാഗ്യവാൻ'' (സങ്കീ. 65:4).......അതെ, ദൈവാലയത്തിൽ മണി മുഴങ്ങിക്കഴിഞ്ഞു....വിശുദ്ധ ബലിക്കുള്ള സമയമാകുന്നു....മണിച്ചരടിൽ നിന്നും കൈവിട്ട ആ ചെറിയ മനുഷ്യൻ മദ്ബഹാ ലക്ഷ്യമാക്കി വേഗം നടന്നു. ദൈവസാന്നിധ്യം നിറഞ്ഞ് നിൽക്കുന്ന നാഥന്റെ മുമ്പിൽ അയാൾ കുമ്പിടുന്നു. നമുക്കായി മനുഷ്യകുലത്തിന്റെ രക്ഷയ്ക്കായി, തന്നെത്തന്നെ ബലിയായി തന്നവനെ ആരാധിക്കാൻ.... ●

## മാവേലിക്കരയിൽ നടന്ന
## എം.സി.വൈ.എം. സഭാതല സുവർണ്ണജൂബിലി സമാപനം








2019 ഫെബ്രു. 18, 19 തീയതികളിൽ തിരുവനന്തപുരത്ത് നടന്ന മലങ്കര സുറിയാനി കത്തോലിക്കാ വൈദികസംഗമം കർദ്ദിനാൾ ബസേലിയോസ് ക്ലീമിസ് കാതോലിക്കാബാവ ഉദ്ഘാടനം ചെയ്യുന്നു.



കാശ്മീരിലെ പുൽവാമ ഭീകരാക്രമണത്തിൽ വീരമൃത്യു വരിച്ച സൈനികരെ അനുസ്മരിച്ച് തിരി തെളിക്കുവാൻ ഒത്തുകൂടിയ അഭി. പിതാക്കന്മാരും വൈദികരും




വൈദികസംഗമത്തോടനുബന്ധിച്ച് നടത്തിയ വി. കുർബാനയിൽ പങ്കുചേർന്ന അഭി. പിതാക്കന്മാരും വൈദികരും





# ലോഗോസ് 2019
# പഠനസഹായി



**തയ്യാറാക്കിയത് : ഫാ. മാത്യു പൊട്ടുകുളത്തിൽ**
**ഡയറക്ടർ, ബൈബിൾ അപ്പോസ്തലേറ്റ്, തിരുവല്ല അതിഭദ്രാസനം**

പ്രിയമുള്ളവരെ,

ദൈവവചനം വായിക്കുവാനും, ധ്യാനിക്കുവാനും, പഠിക്കുവാനും, വചനം നമ്മുടെ ജീവിത ഗന്ധി ആകുവാനും നമ്മെ സഹായിക്കുന്ന ഒന്നാണല്ലോ കേരള കാത്തലിക് ബൈബിൾ കമ്മീഷന്റെ നേതൃത്വത്തിൽ എല്ലാവർഷവും നടത്തുന്ന ലോഗോസ് ക്വിസ്. നമ്മുടെ അതിരൂപതയിലെ എല്ലാ മക്കളും നന്നായി ഇതിനുവേണ്ടി പഠിച്ച് ഒരുങ്ങുവാൻ 'ലോഗോസ് പഠന സഹായി' ഈ മാസം മുതൽ പ്രസിദ്ധീകരിക്കുന്നു. ലോഗോസ് ക്വിസിൽ നന്നായി പങ്കുചേരുവാൻ ഇത് സഹായിക്കട്ടെ എന്ന് ആശംസിക്കുന്നു.

**നിയമാവർത്തനം**
**അദ്ധ്യായം – 12**

1. ആരാധനാസ്ഥലത്തെക്കുറിച്ച് പ്രതിപാദിക്കുന്ന അദ്ധ്യായം?
   12
2. ദൈവമായ കർത്താവ് അവകാശമായി നല്കുന്ന ദേശത്ത് നിയമങ്ങളും ചട്ടങ്ങളും അനുവർത്തിക്കേണ്ടത് എത്രകാലം? 12:1
   ജീവിതകാലമത്രയും
3. കർത്താവ് നിശ്ശേഷം നശിപ്പിക്കണമെന്ന് പറയുന്ന സ്ഥലങ്ങൾ ഏതെല്ലാം? 12:2
   തങ്ങളുടെ ദേവന്മാരെ ആരാധിച്ചിരുന്ന എല്ലാ സ്ഥലങ്ങളും
4. തട്ടിമറിക്കേണ്ടതും തകർത്തു പൊടിയാക്കേണ്ടതുമായ വസ്തുക്കൾ ഏവ? 12:3
   ബലിപീഠം, സ്തംഭങ്ങൾ
5. ദഹിപ്പിക്കേണ്ടത്? 12:3
   അക്ഷരദേവതയുടെ ചിഹ്നങ്ങൾ
6. ആ സ്ഥലങ്ങളിൽനിന്ന് ദേവന്മാരുടെ നാമം നിർമാർജ്ജനം ചെയ്യണം. എങ്ങനെ? 12:3
   കൊത്തുവിഗ്രഹങ്ങൾ വെട്ടിമുറിച്ച്
7. നിങ്ങൾ അപരരെ അനുകരിക്കരുതെന്ന് പറയുന്നത് ഏത് കാര്യത്തിൽ? 12:4
   നിങ്ങളുടെ ദൈവമായ കർത്താവിനെ ആരാധിക്കുന്നതിൽ
8. നിങ്ങളുടെ ദൈവമായ കർത്താവ് നിങ്ങൾക്ക് അവകാശമായി നല്കുന്ന ദേശത്ത് വാസമുറപ്പിക്കാൻ കടക്കേണ്ട നദി? 12:10
   ജോർദ്ദാൻ
9. സ്വന്തമായി ഒരു ഓഹരിയും അവകാശമില്ലാത്തത് ആർക്ക്? 12:12
   ലേവ്യർ
10. നിങ്ങൾ ഭൂമിയിൽ വസിക്കുന്നിടത്തോളംകാലം ആരെ അവഗണിക്കരുതെന്നാണ് പറയുന്നത്? 12:19, ലേവ്യരെ
11. ''നിങ്ങൾ ദൈവമായ കർത്താവിന്റെ മുമ്പാകെ സന്തോഷിച്ചുകൊള്ളുവിൻ'' എന്തിനെപ്പറ്റിയാണ് പറയുന്നത്? 12:18
    എല്ലാ പ്രവൃത്തികളെയും
12. എത്ര കാലമാണ് ലേവ്യരെ അവഗണിക്കാതിരിക്കേണ്ടത്? 12:19
    ഭൂമിയിൽ വസിക്കുന്നിടത്തോളം
13. ദൈവമായ കർത്താവ് തെരഞ്ഞെടുത്ത സ്ഥലം വിദൂരത്താണെങ്കിൽ ഇഷ്ടാനുസരണം എന്ത് ഭക്ഷിക്കാനാണ് അനുവാദം കൊടുത്തത്? 12:21
    ആടുമാടുകളെ
14. മാംസത്തോടൊപ്പം ഭക്ഷിക്കാൻ പാടില്ലാത്തത്? 12:23
    ജീവൻ
15. അവിടുന്ന് തിരഞ്ഞെടുത്ത സ്ഥലത്തേക്ക് കൊണ്ടുപോകേണ്ടത്? 12:26
    ദൈവത്തിന് സമർപ്പിച്ച് വിശുദ്ധമാക്കിയ വസ്തുക്കളും നേർച്ചകളും
16. നിങ്ങളുടെ ദൈവമായ കർത്താവിന്റെ ബലിപീഠത്തിൽ സമർപ്പിക്കേണ്ടത് എന്ത്? 12:27
    ദഹനബലികൾ, മാംസവും രക്തവും
17. ദൈവമായ കർത്താവിന്റെ ബലിപീഠത്തിൽ തളിക്കേണ്ടത് എന്ത്? 12:27
    ബലിയുടെ രക്തം
18. ദൈവമായ കർത്താവിന്റെ മുമ്പിൽ നന്മയും ശരിയും മാത്രം പ്രവർത്തിക്കുമെങ്കിൽ ആർക്കാണ് നന്മയുണ്ടാവുക? 12:28
    സന്തതികൾക്ക്
19. നിയമാവർത്തനം 12:3 ഈ വാക്യം വേറെ എവിടെയാണ് കാണപ്പെടുന്നത്?
    നിയമാവർത്തനം 7:5
20. 12:16 ന് സമാനമായ ബൈബിൾ ഭാഗം?
    ഉല്പ. 9:4, ലേവ്യ 7:26-27

## നിയമാവർത്തനം
## അദ്ധ്യായം 13

1. വിഗ്രഹാരാധനയ്ക്ക് ശിക്ഷ ലഭിക്കുന്ന വിഷയത്തെ പ്രതിപാദിക്കുന്ന അദ്ധ്യായം ഏത്?
അദ്ധ്യായം 13
2. അടയാളമോ അത്ഭുതമോ നിങ്ങൾക്ക് വാഗ്ദാനം ചെയ്യുന്നത് ആര്? 13:1
പ്രവാചകനോ, സ്വപ്ന വിശകലനക്കാരനോ
3. ആര് പിൻചെല്ലാം എന്ന് പറഞ്ഞാലാണ് പ്രവാചകന്റെയോ വിശകലനക്കാരന്റെയോ വാക്കുകൾ കേൾക്കരുതെന്ന് പറയുന്നത്? 13:2
അജ്ഞാതരായ അന്യദേവന്മാരെ
4. നിങ്ങൾ പൂർണഹൃദയത്തോടും പൂർണാത്മാവോടുംകൂടെ തന്നെ സ്നേഹിക്കുന്നുണ്ടോ എന്ന് അറിയാൻ ആരാണ് നിങ്ങളെ പരീക്ഷിക്കുന്നത്? 13:3
നിങ്ങളുടെ ദൈവമായ കർത്താവ്
5. ആരെയാണ് അനുഗമിക്കുകയും ഭയപ്പെടുകയും ചെയ്യേണ്ടത്? 13:4
ദൈവമായ കർത്താവിനെ
6. നിങ്ങൾ ദൈവമായ കർത്താവിനോട് എങ്ങനെ ആയിരിക്കണം? 13:4
അവിടുത്തെ കല്പനകൾ പാലിക്കണം, വാക്കുകൾ കേൾക്കണം, അവിടുത്തെ സേവിക്കണം, അവിടുത്തോട് ചേർന്ന് നില്ക്കണം
7. പ്രവാചകനോ സ്വപ്ന വിശകലനക്കാരനോ എന്ത് സംഭവിക്കണം? 13:5
വധിക്കപ്പെടണം
8. ദൈവമായ കർത്താവ് നിങ്ങളെ എവിടെ നിന്നാണ് ആനയിച്ചത്? 13:5
ഈജിപ്തിൽനിന്ന്
9. കർത്താവ് എവിടെ നിന്നാണ് മോചിപ്പിച്ചത്? 13:5
അടിമത്വത്തിന്റെ ഭവനത്തിൽനിന്ന്
10. നിങ്ങളുടെ ദൈവമായ കർത്താവിനെ എതിർക്കാനും അവിടുന്ന് കല്പിച്ചിട്ടുള്ള മാർഗത്തിൽ നിന്ന് വ്യതിചലിപ്പിക്കാനും ശ്രമിച്ചത് ആര്? 13:5
പ്രവാചകനും സ്വപ്ന വിശകലനക്കാരനും
11. ''നീ അവന് സമ്മതം നല്കിയോ അവനെ ചെവിക്കൊള്ളുകയോ അരുത്''. ആർക്ക്? 13:8
അജ്ഞാതരായ അന്യദേവന്മാർക്ക്
12. നിനക്കും നിന്റെ പിതാക്കൾക്കും അജ്ഞാതരായ അന്യദേവന്മാരെ നമുക്ക് സേവിക്കാം എന്ന് പറഞ്ഞ് രഹസ്യമായി നിന്നെ വശീകരിക്കാൻ ശ്രമിക്കുന്നത് ആര്? 13:6
സഹോദരൻ, മകൻ, മകൾ, നീ സ്നേഹിക്കുന്ന നിന്റെ ഭാര്യ, ആത്മസുഹൃത്ത്
13. ആ ദേവന്മാർ നിനക്ക് ചുറ്റും അടുത്തോ അകലെയോ വസിക്കുന്ന ആരുടെ ദേവന്മാർ ആയിരിക്കും?
13:7, ജനതകളുടെ
14. അവനെ കൊല്ലുക തന്നെ വേണം. ആരെക്കുറിച്ചാണ് ഇങ്ങനെ പറയുന്നത്? 13:9
അന്യദേവന്മാരെ നമുക്ക് സേവിക്കാമെന്ന് പറയുന്നവരെ
15. അവനെ വധിക്കാൻ ആരുടെ കരങ്ങളാണ് ഉയരേണ്ടത്? 13:9
ആദ്യം നിന്റെ, പിന്നെ ജനം മുഴുവന്റെയും
16. അടിമത്വത്തിന്റെ ഭവനം ഏത്? 13:10
ഈജിപ്ത്
17. ആരിൽനിന്ന് അകറ്റാനാണ് അവൻ ശ്രമിച്ചത്? 13:10
ദൈവമായ കർത്താവിൽനിന്ന്
18. ആരാണ് ഇത് കേട്ട് ഭയപ്പെടുന്നത്? 13:11
ഇസ്രായേൽ ജനം
19. നിങ്ങളുടെ ഇടയിൽനിന്ന് പുറപ്പെട്ട ഹീനരായ മനുഷ്യൻ ചെന്ന് നിങ്ങൾ അറിഞ്ഞിട്ടില്ലാത്ത അന്യദേവന്മാരെ സേവിക്കാമെന്ന് പറഞ്ഞ് വഴി തെറ്റിക്കുന്നത് ആരെ? 13:13
പട്ടണനിവാസികളെ
20. പട്ടണനിവാസികളെ വഴിതെറ്റിച്ചതായി കേട്ടാൽ എന്തുചെയ്യണം? 13:14
അതിനെപ്പറ്റി അന്വേഷിക്കുകയും പരിശോധിക്കുകയും, സൂക്ഷ്മമായി വിചാരണ നടത്തുകയും ചെയ്യണം.
21. പട്ടണനിവാസികളെ വഴിതെറ്റിച്ചതായി തെളിഞ്ഞാൽ എന്ത് ചെയ്യണം?13:15
പട്ടണനിവാസികളെ മുഴുവൻ നിർഭയം വാളിനിരയാക്കണം
22. പട്ടണത്തെ എന്ത് ചെയ്യണം? 13:15
സകല ജീവികളോടുംകൂടെ നശിപ്പിക്കണം.
23. അവിടെയുള്ള സമ്പത്ത് എന്ത് ചെയ്യണം? 13:16
പൊതുസ്ഥലത്ത് കൂട്ടിയിട്ട് പട്ടണത്തോടൊപ്പം ദഹനബലിയായി ദൈവമായ കർത്താവിന് അർപ്പിക്കണം.
24. അത് എന്നേക്കും ഒരു നാശക്കൂമ്പാരമായിരിക്കും. എന്തിനെക്കുറിച്ചാണ് ഇങ്ങനെ പറയുന്നത്? 13:16
പട്ടണത്തെക്കുറിച്ച്
25. എപ്പോഴാണ് കർത്താവ് തന്റെ ഉഗ്രകോപത്തിൽനിന്ന് തിരിഞ്ഞ് കരുണ കാണിക്കുന്നത്? 13:17
ശപിക്കപ്പെട്ട വസ്തുക്കളിലൊന്നും എടുക്കാതിരിക്കുമ്പോൾ
26. ശ്രദ്ധാപൂർവ്വം പാലിക്കേണ്ടത് എന്ത്? 13:18
അവിടുത്തെ കല്പനകൾ
27. ദൈവമായ കർത്താവിന്റെ മുമ്പിൽ പ്രാർത്ഥിക്കേണ്ടത് എന്ത്? 13:18
നന്മ മാത്രം
28. 13:5 ന് സമാനമായ ബൈബിൾ ഭാഗം ഏത്?
1 കോറി. 5:13

*തുടരും*

### ലോഗോസ് ക്വിസ് 2019


**പഠനഭാഗം:**

| | |
|---|---|
| നിയമാവർത്തനം 12-21; | പ്രഭാഷകൻ 11-17 |
| മത്തായി 19-28; | വെളിപാട് 17-22 |

**അതിരൂപതാതല പരീക്ഷാ തീയതി**

* 2019 സെപ്റ്റംബർ 29, 2.00-3.30 പി.എം.
* രജിസ്ട്രേഷൻ അവസാനിക്കുന്നത് : 2019 ജൂൺ 1
* രജിസ്ട്രേഷൻ അവസാനിക്കുന്നത് : 2019 ജൂലൈ 31
* സംഘാടകർ : കേരള കാത്തലിക് ബൈബിൾ സൊസൈറ്റി





# മർദ്ദൂസോ – Instructions



സിസ്റ്റർ ജോസി എസ്.ഐ.സി.
Contact No: 9447739661

സുറിയാനി ഭാഷ പഠിക്കാനാഗ്രഹിക്കുന്നവർക്കും, താല്പര്യമുള്ള സണ്ടേസ്കൂൾ കുട്ടികൾക്കുമായി ഐക്യദീപം ഒരു സുവർണ്ണാവസരം ഒരുക്കുന്നു. അവർക്ക് വീടുകളിൽ ഇരുന്ന് പഠിക്കാവുന്ന രീതിയിലാണ് ഇത് ക്രമീകരിക്കുന്നത്. ഭാഷാപഠനത്തിലേക്ക് പ്രവേശിക്കുന്നതിനുമുമ്പ് അതിന്റെ ചരിത്രത്തെപ്പറ്റി ഹ്രസ്വമായി രേഖപ്പെടുത്തട്ടെ.

സുറിയാനി ഭാഷ ആദിമകാലത്തുണ്ടായിരുന്ന പ്രധാന ഭാഷകളിൽ ഒന്നായിരുന്നു. അരമായ അല്ലെങ്കിൽ അരാമ്യ ഭാഷയിൽ നിന്നാണ് സുറിയാനി ഉണ്ടായത്. നോഹിന്റെ മകനായ ശേമിന്റെ അഞ്ചാമത്തെ പുത്രനായ അരാമിന്റെ സന്തതിപരമ്പരകൾ സംസാരിച്ചിരുന്ന ഭാഷയായിരുന്നു അരാമ്യഭാഷ (ഉല്പ. 10:22). തന്മൂലം ഇത് സെമറ്റിക് (Semetic) എന്നറിയപ്പെടുന്നു. ക്രിസ്തുവിനു മുൻപ് സിറിയായുടെ കിഴക്കുഭാഗവും വടക്കൻ ഇറാക്കും ചേർന്ന ഭാഗത്തായിരുന്നു അരാമ്യ കൂടുതലായി ഉപയോഗിച്ചത്. പിന്നീട് പലസ്തീനായിലേക്കും വ്യാപിച്ചു. നമ്മുടെ കർത്താവ് സംസാരിച്ചിരുന്നത് ഈ ഭാഷ തന്നെയായിരുന്നു. പില്ക്കാലത്ത് അരാം, അരാമ്യൻ, അരമായ എന്നുള്ള പേര് മാറി സിറിയക്, സിറിയൻ, സുറിയാനി എന്നീ പേരിലായി. ഏഴാം നൂറ്റാണ്ടിലുണ്ടായ അറബികളുടെ മുന്നേറ്റത്തോടെ സുറിയാനി ഭാഷയുടെ സ്ഥാനത്ത് അറബി ഭാഷ സ്ഥാനം പിടിച്ചു. അങ്ങനെ സുറിയാനി ഭാഷയുടെ പ്രാധാന്യം കുറഞ്ഞു. സുറിയാനിസഭകൾ ഇപ്പോഴും ഈ ഭാഷ കാത്തു സൂക്ഷിക്കുന്നതിന് രണ്ട് കാരണങ്ങളുണ്ട്. ഒന്ന്: ഇത് നമ്മുടെ കർത്താവ് സംസാരിച്ചിരുന്ന ഭാഷയാണ്. രണ്ട്: സംഗീതപരമായി ഏറ്റവും ഹൃദ്യവും, ആരാധനയ്ക്ക് ഉചിതവും, സാധാരണക്കാർക്ക് പാടാവുന്നത്ര ലളിതവും ആകയാൽ സുറിയാനിഭാഷ ആരാധനയിൽ ഇന്നും ഉപയോഗിക്കുന്നു.

**സുറിയാനി സംഗീതം!**

സുറിയാനി സംഗീതം അവലോകനം ചെയ്താൽ ക്രൈസ്തവസഭകളുടെ ആരാധനാസംഗീതത്തിൽ അത് ഉന്നതമായ സ്ഥാനത്ത് നില്ക്കുന്നു. മണലാരണ്യങ്ങളിലും ഗുഹകളിലും ആശ്രമങ്ങളിലും ഇരുന്ന് പ്രാർത്ഥനയുടേയും ജാഗരണത്തിന്റേയും വെളിച്ചത്തിൽ ദൈവികമായി ലഭിച്ച ചിന്തകളെ പദ്യങ്ങളാക്കി മാറ്റിയ സുറിയാനി പിതാക്കൻമാരുടെ അദ്ധ്യാത്മിക നിറവിന്റെ മകുടോദാഹരണങ്ങളാണ് സുറിയാനിപ്പാട്ടുകൾ. പാടുംതോറും മാധുര്യമേറുന്ന മേൻമ ഇതിനുണ്ടെങ്കിൽ അത് തന്നെയാണ് ഇതിന്റെ സവിശേഷതയും ശ്രേഷ്ഠതയും.

സുറിയാനി ഭാഷ 2 വിധം ഉണ്ട്. പൗരസ്ത്യ സുറിയാനി (കൽദായ), പാശ്ചാത്യ സുറിയാനി (മാറാനീത്താ). ഇതിൽ പൗരസ്ത്യ സുറിയാനിയിൽ രണ്ടാം നൂറ്റാണ്ടിൽ എഴുതപ്പെട്ട കവിതാസമാഹാരം ശാലോമോന്റെ കൃതികൾ (Odes of Solomon) എന്ന പേരിൽ അറിയപ്പെടുന്നു. ഈ കൃതിയിൽ 42 പാട്ടുകൾ ഉണ്ട്. സങ്കീർത്തനങ്ങളുടെ രീതിയിൽ തന്നെ ഉണ്ടാക്കപ്പെട്ടിട്ടുള്ളവയാണിവ. സുറിയാനിയിൽ ആദ്യം എഴുതിയത് ഇതാണെന്ന് ജെ.ആർ. ഹാരീസ് എന്ന ചരിത്രകാരൻ പറയുന്നു.

4-ാം നൂറ്റാണ്ടിൽ മാർ അപ്രേമിന്റേയും (Mor Ephrem) അഫ്രഹാത്തിന്റേയും (Aphrahat) രചനകളോടുകൂടിയാണ് പൗരസ്ത്യ സുറിയാനി കവിതാരൂപങ്ങൾ ഉടലെടുത്തത്. സുറിയാനി സഭാസംഗീതത്തിന്റെ പിതാവ് എന്ന് മാർ അപ്രേം അറിയപ്പെടുന്നു. അരാമ്യ പാരമ്പര്യത്തിൽനിന്ന് ഉടലെടുത്ത സുറിയാനി ഭാഷ അതിന്റെ അത്യുന്നതത്തിൽ വന്നത് നാലാം നൂറ്റാണ്ട് മുതൽ ഏഴാം നൂറ്റാണ്ട് വരെയുള്ള കാലഘട്ടത്തിലാണ്. ഏറ്റവും പ്രമുഖനായ സഭാപിതാവ് മാർ അപ്രേമാണ്. തുടർന്നു വന്ന പിതാക്കൻമാരുടെ എഴുത്തുകളും സുറിയാനി സംഗീതത്തെ ഉച്ചകോടിയിലെത്തിച്ചു.

*തുടരും.*





**പി.സി. മത്തായി (സോമൻ സാർ)**
**വെണ്ണിക്കുളം**

# തിരിച്ചറിവ്

എന്നിലെ എന്നെ അറിയാൻ കഴിഞ്ഞതോ?
എന്നിലെ എന്നിനെ പോറ്റാൻ തുനിഞ്ഞതോ?
എന്നിലെ എന്നോടു ചോദ്യമുതിർത്തതോ?
എന്നിലീ ദൗർഭാഗ്യമാകുവാൻ കാരണം.
പുഞ്ചിരിയാം മുഖംമൂടിയതും പേറി
പഞ്ചപുശ്ചം ഭാവിച്ചാദരമേകിയും
പണ്ടേ കണികാണാ മേലധികാരിയെ
പണ്ടേ സുഹൃത്തെന്ന ഭാവേന വന്ദിച്ചും
എങ്ങനേം സ്ഥാനവും ആദരവും നേടാ-
നങ്ങനെ മുഴുനീളൻ വസ്ത്രവും ധരി-
ച്ചങ്ങനെ മേവും സുഹൃത്തിനോടെന്തിനാ-
ണിങ്ങനെ വിദ്വേഷഭാവം പുലർത്തിയ-
തെന്നു ഞാനെന്നോടു ചോദിച്ചിതു പക്ഷേ
ഒന്നുമൊരുത്തരമേകിയില്ല എനി-
ക്കൊന്നു മാത്രമെനിക്കെപ്പോഴോ ബോദ്ധ്യമായ്
തന്നിലെ ശുദ്ധത വെടിയുന്നതുത്തമം



# ജീറിയാട്രിക് കാർഡിയോളജി
# വാർദ്ധക്യത്തിലെ ഹൃദയപരിചരണം



**ഡോ. സാജൻ അഹമ്മദ്, MD DM DNB**
**കാർഡിയോളജിസ്റ്റ്, പുഷ്പഗിരി മെഡിക്കൽ കോളേജ്**

**പ്രാ**യം വർദ്ധിക്കുന്തോറും ഹൃദ്രോഗം വരാനുള്ള സാധ്യത കൂടുതലാണെന്ന് നമുക്കറിയാം. നമ്മുടെ കൊച്ചുകേരളത്തിൽ, പ്രത്യേകിച്ച് മദ്ധ്യതിരുവിതാംകൂർ മേഖലയിൽ അധികപ്രായമുള്ള (Elderly അഥവാ Geriatric) ഹൃദ്രോഗികളുടെ സംഖ്യ വളരെ കൂടുതലായി കാണുന്നു. നമുക്കെന്നും പ്രിയപ്പെട്ടവരായ ഈ മുതിർന്നവരുടെ ഹൃദയാരോഗ്യത്തെക്കുറിച്ച് നമുക്ക് ചില കാര്യങ്ങൾ മനസ്സിലാക്കാം.

**Q1 ജീറിയാട്രിക് കാർഡിയോളജിയുടെ പ്രസക്തിയെന്താണ്?**



**A1** നമ്മുടെ ആശുപത്രികളിൽ വിവിധ ഹൃദയസംബന്ധമായ രോഗങ്ങൾ കാരണം അഡ്മിറ്റ് ആകുന്ന രോഗികളിൽ നല്ലൊരു പങ്ക് അധികപ്രായമുള്ളവരാണ്. കാർഡിയോളജി ഐ.സി.യു.കളിലാകട്ടെ 10 ൽ കൂടുതൽ രോഗികൾ 80 വയസ്സിനു മുകളിൽ പ്രായമുള്ളവരാണ്. ഇവരുടെ രോഗനിർണ്ണയത്തിനും ചികിത്സക്കും മറ്റും വിനിയോഗിക്കുന്ന രീതികൾക്ക് പ്രത്യേകമായ കരുതൽ വേണ്ടതാണ്. ശാരീരികവും, മാനസികവും, സാമൂഹികവുമായ പല ഘടകങ്ങൾ കോർത്തിണക്കിയുള്ള ഒരു മാർഗമാണ് സ്വീകരിക്കേണ്ടത്. ഇത് ലോകം മുഴുവൻ പ്രാധാന്യം ലഭിച്ചുകൊണ്ടിരിക്കുന്ന ഒരു മേഖലയാണ്.

**Q2 എന്തെല്ലാം രോഗങ്ങളാണ് ഈ പ്രായത്തിൽ സാധാരണയായി കാണുന്നത്?**



**A2** ഹൃദയത്തിന്റെ രക്തധമനികളെ ബ്ലോക്ക് (Coronary artery disease) കാരണമുണ്ടാകുന്ന ഹൃദയാഘാതം (Heart attack), ഹൃദയത്തിന്റെ പ്രവർത്തന ക്ഷമത കുറയുന്നതുമൂലം ഉണ്ടാകുന്ന ഹാർട്ട് ഫെയ്‌ലിയർ (Heart Failure) എന്നിവയാണ് കൂടുതലായി കാണുന്നത്. ഇതുകൂടാതെ ഹൃദയത്തിന്റെ താളപിഴകൾ (eg: atrial fibrillation), ഹൃദയമിടിപ്പിന്റെ വേഗത കുറയൽ (eg: sick sinus syndrome), ഹൃദയവാൽവുകളുടെ ചുരുക്കം (eg: aortic stenosis), ലീക്ക് (eg: mitral regurgitation) എന്നിവയും കാണാറുണ്ട്.


**Q3 അധികപ്രായമുള്ള ഈ ഹൃദ്രോഗികളുടെ ചികിത്സയിൽ എന്തെല്ലാം പ്രതിസന്ധികളാണ് നേരിടാറുള്ളത്?**

**A3** അസുഖങ്ങളുടെ പ്രതികൂല സാഹചര്യങ്ങൾ നേരിടാനുള്ള മനുഷ്യശരീരത്തിന്റെ ശക്തി പ്രായം കൂടുന്തോറും തീർച്ചയായും



കുറയും. ഹൃദ്രോഗത്തിനു പുറമേ മറ്റു പല അസുഖങ്ങളും ഈ രോഗികൾക്ക് കാണാറുണ്ട് (Comorbidities); ഉദാഹരണത്തിന് രക്തക്കുറവ്, വൃക്ക രോഗങ്ങൾ, ഓർമ്മക്കുറവ് (Dementia), പ്രോസ്റ്റേറ്റ് ഗ്രന്ഥിയുടെ വീക്കം, തിമിരം എന്നിങ്ങനെ പലതും.

**Q4 വാർദ്ധക്യത്തിലെ ഹൃദ്രോഗ ചികിത്സ രോഗിക്ക് ഗുണകരമാകുമോ?**



**A4** തീർച്ചയായും. ഏത് പ്രായമാണെങ്കിലും ആവശ്യമുള്ള ചികിത്സ കൃത്യസമയത്തിന് ലഭിക്കുക എന്നത് ഒരു വ്യക്തിയുടെ മൗലിക അവകാശമാണ്. രോഗിയുടെയും രോഗത്തിന്റെയും കുടുംബത്തിന്റെയും പ്രത്യേക സാഹചര്യങ്ങൾ കണക്കിലെടുത്ത് അനുയോജ്യമായ ചികിത്സാരീതി സ്വീകരിക്കേണ്ടതാണ്. രോഗശമനംപോലെ പ്രാധാന്യം അർഹിക്കുന്ന മറ്റൊരു മേഖലയാണ് രോഗിയുടെ ജീവിതമേന്മ (Quality of Life).

**Q5 ഇത്തരം രോഗികളുടെ മരുന്ന് ചികിത്സയിൽ മാറ്റങ്ങൾ ആവശ്യമാണോ?**



**A5** സാധാരണ ഹൃദ്രോഗത്തിന്റെ ചികിത്സയ്ക്കായി ഉപയോഗിക്കുന്ന മരുന്നുകളിൽ മിക്കതും പ്രായമായവർക്കും ഉപയോഗിക്കാവുന്നതാണ്. എന്നാൽ അതിന്റെ ഡോസിലും അളവിലുമൊക്കെ പലപ്പോഴും കുറവുണ്ടാകും. പാർശ്വഫലങ്ങൾ ഉണ്ടാകുന്നതിന് മുമ്പുതന്നെ തിരുത്തൽ നടപടികൾ സ്വീകരിക്കുന്നതിനായി ഡോക്ടറുടെ കൃത്യമായ നിരീക്ഷണം അത്യാവശ്യമാണ്.

**Q6 എന്തെല്ലാം പ്രായോഗികമായ ബുദ്ധിമുട്ടുകൾ ഈ രോഗികൾക്കും അവരുടെ കുടുംബങ്ങൾക്കും ഉണ്ടാകാം?**



**A6** വൃദ്ധരായ ഈ രോഗികളുടെ കൂട്ടിരിപ്പുകാർക്കും (ഭാര്യാ/ഭർത്താവ്) പലപ്പോഴും വാർദ്ധക്യസഹജമായ രോഗങ്ങൾ ഉണ്ടാകാറുണ്ട്. അതിനാൽ ആവശ്യമായ പരിചരണം നൽകാൻ സാധിക്കാതെ വരാം. ഓർമ്മ കുറവുള്ളവർ മരുന്ന് കൃത്യമായി കഴിക്കാൻ മറക്കാറുണ്ട്. നടക്കാനും മറ്റും സാധിക്കാത്ത രോഗികളെ ആശുപത്രികളിൽ എത്തിക്കുക എന്നതും ബുദ്ധിമുട്ടുള്ള കാര്യമാണ്.

**Q7 ജീറിയാട്രിക് കാർഡിയോളജി പരിചരണത്തിന് അത്യാവശ്യം വേണ്ട ഘടകങ്ങൾ എന്തൊക്കെയാണ്?**

**A7** രോഗിയും കുടുംബവും, ആരോഗ്യമേഖലയിൽ പ്രവർത്തിക്കുന്നവരും (ഡോക്ടർമാർ, നേഴ്സുമാർ, ഫിസിയോതെറപ്പിസ്റ്റ്, ഡയറ്റീഷൻ തുടങ്ങിയവർ) അതിലുപരി സമൂഹത്തിലുള്ളവരും ഒരുമിച്ച്, ടീമായി പ്രവർത്തിക്കുക എന്നത് വളരെ പ്രധാനമാണ്. ചികിത്സയ്ക്കുപരി വൃദ്ധരായ ഹൃദ്രോഗികൾക്ക് ആശ്വാസവും ബഹുമാനവും സ്നേഹവും നൽകുക എന്നതും പ്രത്യേക ശ്രദ്ധ അർഹിക്കുന്നു. ആശുപത്രികളിൽ എത്തിച്ചേരാൻ കഴിയാത്ത അധികപ്രായമായ രോഗികൾക്ക് അവരുടെ വീടുകളിൽ തന്നെ അത്യാവശ്യമായ ഹൃദയപരിശോധന നടത്തുക എന്നതും പരിഗണിക്കേണ്ട ഒരു കാര്യമാണ്. നമുക്കും, നമ്മുടെ കുടുംബങ്ങൾക്കും, നമ്മുടെ ചുറ്റും ഉള്ളവർക്കും, സന്തോഷവും ആരോഗ്യവും നിറഞ്ഞ ഒരു വാർദ്ധക്യം ഉണ്ടാകട്ടെ എന്ന ആഗ്രഹത്തോടെയും പ്രാർത്ഥനയോടെയും നമുക്ക് പ്രവർത്തിക്കാം. ●





# പാപ്പായുടെ യു.എ.ഇ. സന്ദർശനം

**റോജി ചെറിയാൻ തിരുമൂലപുരത്തിന്റെ അനുഭവസാക്ഷ്യം..**

**2018** ഡിസംബർ മാസം 6-ാം തീയതി യു.എ.ഇ. അധികാരികളും, വത്തിക്കാനും സംയുക്തമായി ലോകത്തോട് അറിയിച്ചു. അറേബ്യൻ ഗൾഫിൽ ആദ്യമായി ആഗോള കത്തോലിക്കാസഭയുടെ തലവൻ ഫ്രാൻസിസ് പാപ്പ സന്ദർശനം നടത്തുന്നു.

ആറു വർഷങ്ങൾക്കു മുൻപ് ലോകം മുഴുവൻ വത്തിക്കാനിലെ സെന്റ് പീറ്റേഴ്സ് ബസിലിക്കയുടെ ചിമ്മിനിയിൽനിന്നും വെളുത്ത പുക ഉയരുന്നത് കാണുവാൻ കണ്ണു ചിമ്മി കാത്തിരുന്ന നിമിഷങ്ങൾപോലെ. ആറു വർഷങ്ങൾക്കു ശേഷം 2019 ഫെബ്രുവരി 3. ലോകം മുഴുവൻ കണ്ണു ചിമ്മാതെ കാത്തിരുന്നു. മിനാരങ്ങൾ മിന്നിത്തിളങ്ങുന്ന അറേബ്യൻ മണ്ണിലേക്ക് സാഹോദര്യത്തിന്റ പുതിയ ചരിത്രമെഴുതാൻ.

മഴ മേഘങ്ങൾ പെയ്തൊഴിഞ്ഞ പകലിൽ മഞ്ഞു മൂടിയ സന്ധ്യയിലെ തണുത്ത കാറ്റിൽ പകലിന്റെ ആലസ്യം രാത്രിയുടെ മടിത്തട്ടിലേക്ക് തല ചായ്ച്ചിറങ്ങിയപ്പോൾ അറേബ്യൻ മരുഭൂമിയിൽ സമാധാനത്തിന്റെ വെള്ളരിപ്രാവ് അനുഗ്രഹമഴയുടെ സാന്നിധ്യത്തിൽ പറന്നിറങ്ങുകയായിരുന്നു ലോകത്തിന് ഒരു പുതിയ സന്ദേശവുമായി.

ഒരു കത്തോലിക്കാസഭാ വിശ്വാസി എന്ന നിലയിൽ, ഫ്രാൻസിസ് പാപ്പ അബുദാബിയിലെ സയ്ദ് സ്പോർട്സ് സിറ്റിയിൽ അർപ്പിക്കുന്ന തിരുക്കർമ്മങ്ങളിൽ പങ്കെടുക്കുവാൻ ലഭിച്ച പ്രവേശനപാസുമായി, റാസ് അൽ ഖൈമയിലെ ദേവാലയത്തിന്റെ മുമ്പിലെ ബസ് പിക്ക് അപ് ഹബ്ബിലേക്കു പോകുമ്പോൾ മനസ്സ് നിറയെ ആശങ്കകൾ ആയിരുന്നു. പേപ്പൽ മാസ്സിനു 12 മണിക്കൂർ മുൻപുള്ള യാത്ര തിരിക്കൽ. നേരം പുലരുന്നതിനു മുൻപ് സ്റ്റേഡിയത്തിനു അകത്തു പ്രവേശിക്കണം. തുടർന്ന് മണിക്കൂറുകൾ കാത്തിരിക്കണം. അങ്ങനെ മനസ്സ് ചഞ്ചലമായി കൊണ്ടിരുന്നു. പക്ഷെ റാസ് അൽ ഖൈമ ദൈവാലയ പരിസരത്ത് എത്തിയപ്പോൾ മുതൽ മനസിൽ ഒരു തീർത്ഥയാത്ര പോകാനുള്ള എല്ലാ അനുഗ്രഹങ്ങളും സാഹചര്യങ്ങളും രൂപപ്പെടുകയായിരുന്നു. ദൈവാലയത്തിനു മുൻപിൽ നൂറിൽപരം ബസുകൾ. പ്രവേശന ടിക്കറ്റിനൊപ്പം ലഭിച്ച ബസ് ടിക്കറ്റിന്റെ അതേ നിറത്തിലുള്ള സ്വാഗത കമാനങ്ങൾ ഞങ്ങൾക്ക് കൂടുതൽ ധൈര്യം തന്നു. കൈ പിടിച്ചു ബസിന് ഉള്ളിലേക്ക് നറു പുഞ്ചിരിയോടെ വഴികാട്ടിയായി നിന്ന നന്മ നിറഞ്ഞ യു.എ.ഇ. സ്വദേശികൾ. പകൽ പെയ്ത മഴയുടെ കുളിരിൽ മയങ്ങാതെ ആ രാത്രിയും അവരോടൊപ്പം ഞങ്ങൾക്ക് കാവൽ നിൽക്കുന്നുണ്ടായിരുന്നു.

അബുദാബിയിലേക്കുള്ള യാത്രയിൽ ആ രാജവീഥിയിൽ മുഴുവനും പോലീസിന്റെ കരുതൽ. ഹബ്ബുകളിൽ മിനറൽ വാട്ടറും ഫുഡ് പാക്കറ്റുകളുമായി എമിറാത്തി പൗരന്മാർ. വഴിയാത്രയിൽ ഞങ്ങളെ സ്വീകരിക്കാൻ പതിവ് നിയന്ത്രണങ്ങൾക്കു അവധികൊടുത്തുകൊണ്ട് എല്ലാ ക്രമീകരണങ്ങളോടും കൂടെ അബുദാബി സയ്യദ് സ്പോർട്സ് സിറ്റിയിലേക്ക്....

236 കിലോമീറ്ററുകൾ നാലു മണിക്കൂറുകൾ കൊണ്ട് പിന്നിട്ട് ബസ്, ഡ്രോപ്പ് ഓഫ് ഹബ്ബിലേക്ക് എത്തുമ്പോൾ സമയം വെളുപ്പിന് 4 മണി. വരിവരിയായി നീങ്ങുന്ന ബസുകൾ.

കൃത്യമായി നിർദേശങ്ങൾ അനുസരിച്ചു ബസ്


പാർക്ക് ചെയ്തു പുറത്തിറങ്ങിയപ്പോൾ നല്ല തണുത്ത കാറ്റു വീശുന്നുണ്ടായിരുന്നു. ചുറ്റും നോക്കിയപ്പോൾ എയർപോർട്ടിൽ റൺവേയിൽ വന്നിറങ്ങിയപോലെ. വോളന്റീർ ബാഡ്ജ് ധരിച്ച ധാരാളം യു.എ.ഇ. സ്വദേശികൾ. പേപ്പൽ ഫ്‌ളാഗുകളും, മറ്റ് അലങ്കാരങ്ങൾ കൊണ്ടും വിശാലമായ സ്ഥലം. അത് അബുദാബിയുടെ ആദ്യത്തെ എയർപോർട്ട് ആയിരുന്നു. അവിടെ ആയിരുന്നു വിശ്വാസി സമൂഹം വന്ന 2500 ഓളം ബസുകൾ പാർക്ക് ചെയ്തത്. മുൻപ് ലഭിച്ച നിർദേശം അനുസരിച്ച് വാഹനം പാർക്ക് ചെയ്യുന്ന സ്ഥലത്തുനിന്നും സ്റ്റേഡിയത്തിലേക്ക് 3 കിലോമീറ്റർ നടന്നു പോകണം എന്ന തീരുമാനം ചരിത്രത്തിന്റെ ഭാഗമാകാൻ ഭാഗ്യം ലഭിച്ച ഈ പ്രവാസികൾക്കുവേണ്ടി ഈ രാജ്യത്തിന്റെ അധികാരികൾ തിരുത്തി. അബുദാബിയിലെ ആദ്യത്തെ എയർപോർട്ടിന്റെ കിലോമീറ്ററുകൾ അകലം വരുന്ന ചുറ്റുമതിൽ പൂർണമായും തുറന്ന് പുതിയ റോഡ് നിർമിച്ച് എയർപോർട്ടിന്റെ റൺവേവഴി വിശ്വാസികൾക്ക് കേവലം അര കിലോമീറ്റർ മാത്രം നടന്ന് ബലിവേദിയിൽ എത്താനുള്ള വഴി ഒരുക്കിയിരുന്നു. അതിനിടയിലുള്ള പ്രധാനപ്പെട്ട ഒരു റോഡ് മുഴുവൻ താത്കാലികമായി ഒരുക്കി തന്നു. സ്റ്റേഡിയത്തിനു പുറത്ത് നിരവധി വാഷ്റൂമുകളും മറ്റ് സൗകര്യങ്ങളും ഒരുക്കി യു.എ.ഇ. സ്വദേശികൾ നിറഞ്ഞ മനസോടെ ഞങ്ങളുടെകൂടെ ഉണ്ടായിരുന്നു. തുടർന്നുള്ള നിർദേശങ്ങൾ അനുസരിച്ച് പ്രവേശന പാസ്സ് സ്കാൻ ചെയ്ത് സ്റ്റേഡിയത്തിനുള്ളിലേക്കു പ്രവേശിച്ചപ്പോൾ സമയം രാവിലെ 5 മണി. പ്രവേശന പാസിൽ കൃത്യമായി രേഖപ്പെടുത്തിയിരുന്ന സീറ്റിൽ ചെന്നപ്പോൾ അവിടെ ഒരു പേപ്പൽ ഫ്ളാഗ്, തിരുക്കർമ്മങ്ങളുടെ പ്രാർത്ഥനകൾ അടങ്ങിയ ഒരു ബുക്ക്, പാപ്പായുടെ സന്ദർശനത്തിന്റെ ലോഗോയുള്ള ഒരു തൊപ്പി, പിന്നെ ഒരു കുപ്പി മിനറൽ വാട്ടറും. കൂടാതെ നിറഞ്ഞ പുഞ്ചിരിയോടെ ഓരോരുത്തരും വരുന്നത് കാത്തിരിക്കുന്ന മുൻപേ വന്നുചേർന്നവർ. പ്രഭാത കിരണങ്ങൾ പതിയെ സ്റ്റേഡിയത്തിന്റെ ഉള്ളിലേക്ക് അരിച്ചിറങ്ങി തുടങ്ങി. മണിക്കൂറുകൾ നിമിഷങ്ങളുടെ വേഗതയിൽ കടന്നു പോയി. രണ്ടു ദിവസം മുൻപ് കാൽപ്പന്തുകളിയുടെ ആവേശം ഗാലറിയിൽ മുഴങ്ങിയ അതേ വേദി, ഇന്ന് സെന്റ് പീറ്റേഴ്സ് ബസിലിക്കയുടെ ചത്വരത്തിന്റെ നേർക്കാഴ്ചയായി മാറ്റിയെടുത്തിരുന്നു ഈ രാജ്യത്തിന്റെ അധികാരികൾ. ഗാലറിയിലെ കൂറ്റൻ സ്ക്രീനുകളിൽ പാപ്പായുടെ സന്ദർശനത്തിന്റെ ചിത്രങ്ങൾ മിന്നി തിളങ്ങിയപ്പോൾ സ്റ്റേഡിയത്തിൽ പ്രാർത്ഥനയോടെ കാത്തിരുന്ന വിശ്വാസിസമൂഹം പേപ്പൽ ഫ്ളാഗുകൾ ഇളം കാറ്റിൽ ഉയർത്തിവീശി. പ്രത്യേകം തയ്യാറാക്കിയ ബലിവേദിയിൽ വൈദികരും സഹകാർമികരും വന്നു ചേർന്നുകൊണ്ടിരുന്നു. 120 ൽ പരം അംഗങ്ങൾ അണിനിരന്ന ഗായകവൃന്ദം. സ്റ്റേഡിയം ഒരു ബലിവേദിക്ക് തയ്യാറായി നിൽക്കുന്നു. നിമിഷങ്ങൾക്കകം ഫ്രാൻസിസ് പാപ്പാ തുറന്ന വാഹനത്തിൽ സ്റ്റേഡിയത്തിലേക്ക്. മണിക്കൂറുകളായി കാത്തു നിന്ന വിശ്വാസി സാഗരത്തിലേക്കു കടന്നുവന്നു. എങ്ങും കരഘോഷങ്ങൾ.

തുടർന്ന് പാപ്പാ ബലിവേദിയുടെ അടുത്തേക്ക്. മണിക്കൂറുകളായി കാത്തിരുന്നവർ മുഴുവൻ എഴുന്നേറ്റുനിന്നു. അറേബ്യൻ മണ്ണിൽ ആദ്യമായി പറന്നിറങ്ങിയ ലോകസമാധാനത്തിന്റെ വെള്ളരിപ്രാവിന്റെ അനുഗ്രഹത്തിനായി. ഈ രാജ്യത്തിന്റെ കരുതലെന്നോണം അപ്പോൾ ആകാശത്തു വ്യോമസേനയുടെ ഹെലികോപ്റ്ററുകൾ വട്ടമിട്ടു പറക്കുന്നുണ്ടായിരുന്നു. അതേ തുടർന്ന് ഒരു ക്രിസ്ത്യാനിയുടെ ജീവിതത്തിന്റെ ആത്മീയനിറവിന്റെ പൂർത്തീകരണമായ പരിശുദ്ധ കുർബാനയുടെ അനുഗ്രഹീത നിമിഷങ്ങൾ. മുഹമ്മദ് നബിയുടെ മണ്ണിൽ ലോകത്തിലെ ഏറ്റവും വലിയ മുസ്ലിം ദൈവാലയമായ ഷെയ്ഖ് സയ്ദ് ഗ്രാൻഡ് മോസ്കിന്റെ മിനാരങ്ങളെ സാക്ഷി നിർത്തി സ്വന്തം സഹോദരന് ബലിയർപ്പിക്കാൻ അബുദാബിയിലെ ഏറ്റവും വലിയ സംഗമവേദി. ഒരു ദൈവാലയത്തിന്റെ പൂർണമായ അർത്ഥത്തിൽ ഒരുക്കി തന്നപ്പോൾ ലോകം മുഴുവനുമുള്ള ക്രൈസ്തവ മതവിശ്വാസികളുടെ ഹൃദയത്തിൽ ഒരിക്കലും തീരാത്ത കടപ്പാടിന്റെ കരങ്ങളുമായി അറേബ്യൻ മണ്ണിൽ നന്ദിയോടെ കരങ്ങൾ കൂപ്പി എല്ലാവരും കാത്തു നിൽക്കുകയായിരുന്നു.


ജീവിത സാഫല്യത്തിന്റെ ഒരു വലിയ സാക്ഷാത്കാരം ലഭിച്ചതിന്റെ സന്തോഷത്തിൽ തിരിച്ചു പോരുമ്പോഴും വഴിയരികിൽ ഞങ്ങൾക്ക് ഭക്ഷണവും, കുടിവെള്ളവും കരുതി സ്നേഹത്തിന്റ സാമീപ്യങ്ങളായി അനേകം യു.എ.ഇ. സ്വദേശികൾ. തിരിച്ചു വൈകുന്നേരത്തോടെ റാസ് അൽ ഖൈമയിലെ യാത്ര ആരംഭിച്ച അതേ സ്ഥലത്തു എത്തിച്ചേർന്നപ്പോൾ അവിടെയും തലേ രാത്രിയിൽ ഞങ്ങൾക്ക് ശുഭയാത്ര നേർന്ന അതേ എമിറാത്തി പൗരന്മാർ ഞങ്ങളെയും കാത്തു നില്പുണ്ടായിരുന്നു. പിറ്റേ ദിവസം ഓഫീസിൽ വന്നപ്പോൾ തലേദിവസം ലോകം മുഴുവൻ ഉറ്റുനോക്കിയ ആ ചരിത്ര ദിനത്തിന്റെ കഥകൾ കേൾക്കാൻ എന്റെ അടുത്ത് വന്ന നന്മ നിറഞ്ഞ മനുഷ്യരുടെ മിഴികളിൽ കരുതലിന്റെ, സ്നേഹത്തിന്റെ, സാഹോദര്യത്തിന്റെ നക്ഷത്ര തിളക്കം. അവരിൽ ഹൈന്ദവനും, മുസൽമാനും, സിഖുകാരനും, പാകിസ്താനിയും, ബംഗ്ലാദേശുകാരനും, അറബികളും, ഉണ്ടായിരുന്നു.ഞങ്ങൾ നേരിൽ കണ്ട്, അനുഭവിച്ച സ്നേഹത്തിന്റെ നേർക്കാഴ്ചകൾ പതിയെ പതിയെ അവരുമായി പങ്കുവച്ചു.

വാഗ്ദത്ത നാട്ടിലേക്കുള്ള യാത്രയിൽ, മോശക്കും തന്റെ പ്രിയപ്പെട്ട ജനത്തിനും, യഹോവ മരുഭൂമിയിൽ മന്നായും, കാടപ്പക്ഷിയും നൽകി അവരെ ശക്തരാക്കിയതുപോലെ, പകൽ മേഘസ്തംഭവും രാത്രി അഗ്നിത്തൂണുമായി അവർക്ക് കാവൽ നിന്നതുപോലെ, ഈ മരുഭൂമിയിൽ ഈ ദിവസങ്ങളിൽ ഞങ്ങളെ സ്നേഹിച്ചത്, ശക്തി പകർന്നത്, ഞങ്ങൾക്ക് കാവൽ നിന്നത് മറ്റാരുമല്ല സ്നേഹ

*(ശേഷം 37-ാം പേജിൽ)*



# The Wizard of MENLO PARK



**Krupa Grace Mathew**
**Kallissery**

**He could charm novel machines into existence through spells concocted in his mind. The wizard who conjured the contemporary world.**
**– Thomas Alva Edison**

Edison despised school, he constantly pestered his instructors with questions, was incorrigible and refused to follow their instructions. He abandoned schooling after just four months and resorted to self instruction. He took it upon himself to read every book in the library. By the age of twelve he had perused through complex books like Principia Mathematica. However he remained unamused of the intricate nature of mathematical terms and resolved to make science more comprehendible. At the age of eleven, owing to his family's financial predicament he took up a range of odd jobs including selling candy, vegetables and newspapers to sustain his family. As a consequence he found himself extremely skilled in business.

He ventured upon numerous entrepreneurial pursuits even initiating his own news bulletin the Grand Trunk Herald, which he sold along with his other papers.He was persistent in allotting a portion

of remittances to his greatest passion his evolving chemistry apparatus . He obtained permission to turn an unused rail bogey into a chemistry lab. Edison in his vigour to digest wisdom, toiled hard in his laboratory to unlock the deep guarded mysteries of science. A disastrous event turned fortunate for young Edison. He saved a three year old boy from an errant train, the grateful father offered him a profession, Telegraph. By the age of fifteen he was well versed in the profession that he could successfully land a job as a telegraph operator.

His first invention came at the age of nineteen, when he patented an electronic voting recorder for quickly tallying votes in the legislature. However the business flunked owing to the need of customers. He was forced to return home awhile due to his mother's illness and his father being out of work. It dawned upon him the need for a job for subsistence, he moved to Boston in quest for a livelihood.

The world witnessed the conception of its greatest inventor in 1869 when Thomas Alva Edison developed his first invention, an improved stock ticker called the Universal Stock Printer. The invention earned him a fortune and the reputation of a first rate inventor that paved his foothold in the scientifically oriented Western world. He set up his first small laboratory and manufacturing facility in Newark, New Jersey, and employed several machinists. As an independent entrepreneur, Edison formed numerous partnerships and developed products for the highest bidder.However his greatest invention that imprinted him on the folds of history was the perfect ,commercially practical, efficient incandescent light bulb. Though he isn't its creator, he gave it a commercial form and made it available to the masses. The darkness shied away from the world.

Deemed the creator of the light bulb Edison became a household name. Honours and accolades laid at his feet yet his quest for novelty never ceased. He dreamt of a modern world where science co-exists in routine life. There exists over a thousand patents to his name.Edison pursued his love for science until the end. He entered the heavenly abode at the age of 84 having led a fulfilling life.

**WORD INTAKE**

***Principia Mathematica*** *- The Principia Mathematica is a three-volume work on the foundations of mathematics written by Alfred North Whitehead and Bertrand Russell and published in 1910, 1912, and 1913.*

***Universal Stock Printer*** *- An improved stock ticker was one of Edison's first great inventions, and it revolutionised the speed at which financial information flowed.*

*His quintessential success story from a poor newspaper pedlar lacking in formal education to the forerunner of the modern electric world have etched his name in hearts across generations. His legacy remains a binding call to dare to dream unceasingly.*

●

---

*(35-ാം പേജ് തുടർച്ച)*

ത്തിന്റെ പ്രതീകങ്ങളായ മുസ്ലിം സഹോദരങ്ങളും യു.എ.ഇ. യിലെ മുഴുവൻ എമിറാത്തികളും. അവരോട് തീർത്താൽ തീരാത്ത നന്ദിയുണ്ട്.

പാപ്പായുടെ അരികിലേക്ക് ഓടിച്ചെന്ന കുഞ്ഞുമകളെ, സെക്യൂരിറ്റി തടസ്സപ്പെടുത്തിയപ്പോൾ പാപ്പാമൊബൈലിനു പുറകെ ഓടിച്ചെന്ന് ഇളം കരങ്ങളിൽ വലിയ ഇടയന്റെ സ്നേഹചുംബനം നൽകാൻ സഹായിച്ചത് മറ്റാരുമല്ല ഒരു എമിറാത്തി പൗരൻ ആയിരുന്നു. ആ സ്റ്റേഡിയത്തിലും പുറത്തും ദൃശ്യ മാധ്യമങ്ങളിലും പാപ്പായുടെ സന്ദർശനം നേരിൽ കണ്ടുകൊണ്ടിരുന്ന കോടിക്കണക്കിന് വിശ്വാസികളുടെ ഒരു പ്രതിനിധി മാത്രമായിരുന്നു അവൾ. അതിനു സഹായിച്ച ആ മുസ്ലിം സഹോദരന് ഒരു ബിഗ് സല്യൂട്ട്.


മറക്കില്ല ഒരിക്കലും, ഞങ്ങളുടെ വരും തലമുറയ്ക്ക് പകർന്നുകൊടുക്കാൻ ഒരുപാട് സ്നേഹം തന്ന കഴിഞ്ഞു പോയ ദിവസങ്ങൾ. പാപ്പാ അറേബ്യൻ മണ്ണിൽ പറന്നിറങ്ങിയത് ഇറ്റലിയുടെ ഔദ്യോഗിക വിമാനത്തിൽ ആണെങ്കിൽ, തിരിച്ചു പോയത് യു.എ.ഇ.യുടെ ഔദ്യോഗിക വിമാനമായ എത്തിഹാദ് വിമാനത്തിൽ ആയിരുന്നു. എയർപോർട്ടിൽ യാത്രയയപ്പിനു എത്തിയപ്പോൾ, ഈ മണ്ണിന്റെ അധികാരികളുടെ സ്നേഹത്തിന്റെ മുൻപിൽ പാപ്പായുടെ നിറഞ്ഞ മിഴികളിൽ കരുതലിന്റെ കടപ്പാട്.

ഞങ്ങളുടെ വരുംതലമുറയ്ക്ക് ഇനിയും പറഞ്ഞുകൊടുക്കാം. അങ്ങ് ദൂരെ അറബിക്കടലിനു അക്കരെ ഒരു നാടുണ്ട്, നന്മകൾ നിറഞ്ഞ കുറെ മനുഷ്യരുണ്ട്, മതവും ജാതിയും വർണവും വർഗ്ഗവും, ഒന്നും നോക്കാതെ ഇരുകൈയും നീട്ടി സ്വീകരിക്കുന്ന ഒരു സ്വർഗം. അതേ ഇവിടം സ്വർഗമാണ്, നന്മകളുടെ, സാഹോദര്യത്തിന്റെ, സഹിഷ്ണുതയുടെ, സമൃദ്ധിയുടെ ഭൂമിയിലെ സ്വർഗം.

അന്നം തരുന്ന നാടുമാത്രമല്ല ഇത്. പരിശുദ്ധ ഖുറാനിൽ പറയുന്നതുപോലെ അതിഥികളെ ആലിംഗനം ചെയ്ത്, അവന്റെ മുൻപിൽ ഭൃത്യനെപ്പോലെ പെരുമാറുന്ന ആതിഥേയരുടെ നാടുകൂടിയാണിത്.

●


ജൂനിയർ
മോസസ്
കുട്ടികളുടെ കൂട്ടുകാരൻ
SAMEEKSHA
CATECHISM
Thiruvalla


കുട്ടികളേ... ഞാനിത് എവിടെയാണെന്ന് ഒന്നു പറഞ്ഞു തരുമോ?
എന്ത്! മാസ്ക് ധരിക്കാതെ ഇവിടെ നിൽക്കുന്നത് അപകടകരമാണ്!
വരൂ, ഞങ്ങളുടെ വീട്ടിലേക്ക് വരൂ...
കുട്ടികളുടെ വീട്ടിൽ
തുടരും..




# കുട്ടികൾക്കുള്ള കഥകൾ

പ്രൊഫ. ഡോ. ബാബു ഫിലിപ്പ്



## മണ്ടനും മടിയനുമായ കാക്ക

**ക**ഠിനമായ ഒരു വേനൽക്കാലത്ത്, ദാഹിച്ചു വലഞ്ഞ ഒരു കാക്ക, വെള്ളം തേടി അലഞ്ഞു. പറന്നു പറന്ന്, അവൻ ഒരു കിണറിന്റെ അടുത്തെത്തി. അവിടെ, ഒരു മൺകലത്തിന്റെ അകത്ത് അല്പം വെള്ളം ഉണ്ടെന്ന് കണ്ടു. പണ്ടൊരിക്കൽ, ഇത്തരത്തിലുള്ള ഒരു കലത്തിലേക്ക് ചെറിയ ചെറിയ ചരലുകൾ കൊത്തിയിട്ട്, വെള്ളം ഉയർത്തി കുടിച്ച തന്റെ പൂർവ്വികനായ ഒരു മിടുക്കൻ കാക്കയുടെ കഥ അവൻ ഓർത്തു. അവനും കുറേ ചെറിയ കല്ലുകൾ കൊത്തി കലത്തിലിട്ടു നോക്കി. എന്നാൽ വളരെ നേരം പരിശ്രമിച്ചിട്ടും വെള്ളം വേണ്ടത്ര ഉയർന്നില്ല എന്നു കണ്ട മടിയൻ കാക്ക മടുത്തു. അവന്റെ ക്ഷമ നശിച്ചു. ചെറിയ കല്ലുകൾ സാവധാനത്തിൽ ക്ഷമയോടെ ഇട്ടുകൊണ്ടിരിക്കുവാൻ അവൻ ഇഷ്ടപ്പെട്ടില്ല. അക്ഷമനും മടിയനുമായ ആ കാക്ക അടുത്തുള്ള ഒരു വലിയ കല്ല് വളരെ പ്രയാസപ്പെട്ട്, ചുണ്ടും കാലുകളും ഉപയോഗിച്ച് ഉയർത്തി കലത്തിലേക്ക് ശക്തിയോടെ ഇട്ടു. 'പൊത്തോ' എന്ന ശബ്ദം കേട്ട് അവൻ ഞെട്ടിപ്പോയി. വലിയ കല്ല് വന്നു വീണതോടെ കലം പൊട്ടിപ്പോയി. വെള്ളം മുഴുവനും ഒഴുകിപ്പോയി. മടിയൻ കാക്ക ദാഹത്തോടെ പറന്നുപോയി. ''മടിയൻ മല ചുമക്കും'' എന്ന് നാം കേട്ടിട്ടുണ്ട്. മടിയന്റെ മനസ്സ് പിശാചിന്റെ പണിപ്പുര ആണ്. ക്ഷമയോടെ അധ്വാനിക്കുന്നവർക്കേ വിജയം ഉള്ളൂ.



## കുറുക്കനെ തോൽപ്പിച്ച കോഴി

ഒരാൾ വീട്ടിൽ കുറേ കോഴികളെ വളർത്തിയിരുന്നു. പതിവുപോലെ ഒരു ദിവസം വൈകിട്ട്, അയാൾ കോഴികളെ കൂട്ടിലാക്കി പൂട്ടിയിട്ടിട്ട് വീട്ടിലേക്ക് കയറിപ്പോയി. കൂട്ടത്തിലെ ഒരു കോഴി കൂട്ടിൽ കയറാതെ പുറത്തിരുന്നത് അയാൾ ഇരുട്ടിന്റെ മറവിൽ കാണാതെ പോയി. രാത്രിയിൽ ഒരു കുറുക്കൻ കൂടിന്റെ അടുത്തെത്തി. കൂടിന്റെ പുറത്തുള്ള കോഴിയെ അവൻ പിടിക്കാൻ ഒരുങ്ങി. തന്റെ മരണം ഉറപ്പായി എന്ന് കോഴിക്കു മനസ്സിലായി. ബുദ്ധിമതിയായ ആ കോഴി ധൈര്യപൂർവ്വം കുറുക്കനോട് പറഞ്ഞു, ''കുറുക്കൻ ചേട്ടാ, ചേട്ടൻ എന്നെ തിന്നുന്നതിൽ എനിക്ക് സന്തോഷമേയുള്ളൂ. കാരണം, ചേട്ടനാണ് കാട്ടിലെ ഏറ്റവും നല്ല പാട്ടുകാരൻ. എന്റെ അവസാനത്തെ ആഗ്രഹം ചേട്ടൻ സാധിച്ചു തരണം. ചേട്ടന്റെ മനോഹരമായ ഒരു പാട്ടു കേട്ടശേഷം മരിക്കണം എന്നതാണ് എന്റെ അന്ത്യാഭിലാഷം.'' കോഴിയുടെ പ്രശംസ കുറുക്കന് വളരെ ഇഷ്ടമായി. അവൻ ഉറക്കെ സംഗീതക്കച്ചേരി തുടങ്ങി. അവന്റെ കൂവലിന്റെ ശബ്ദം കേട്ട വീട്ടിലെ പട്ടികൾ കൂട്ടമായി പാഞ്ഞുവന്ന് കുറുക്കനെ ആക്രമിച്ചു. അവൻ ജീവനുംകൊണ്ട് ഓടിയൊളിച്ചു. വിവേകപൂർവ്വം പ്രവർത്തിച്ച മിടുക്കിയായ കോഴി അങ്ങനെ സ്വന്തം ജീവൻ രക്ഷിച്ചു.






# ഒരു എട്ടാം ക്ലാസ്സുകാരിയുടെ സാക്ഷ്യം



**മെറിൻ ബിനോയി**
**സെന്റ് ജോസഫ് മലങ്കര കാത്തലിക് ചർച്ച്, തച്ചമം**

**ക**ർത്താവ് എന്റെ ജീവിതത്തിലെ നിർണ്ണായകമായ നിമിഷത്തിൽ പലപ്പോഴും വന്നതായി എനിക്ക് തോന്നിയിട്ടുണ്ട്. കാരണം കഷ്ടപ്പാടിൽ ബലം തരാനും, ദുഃഖങ്ങളിൽ ആശ്വാസം പകരാനും അവൻ എന്റെ കൂടെ ഉണ്ടെന്ന് ഒരു തോന്നൽ. തോന്നലല്ല അത് സത്യമാണ്. കാരണം പരീക്ഷ എഴുതാൻ പോകുമ്പോൾ കർത്താവിനോട് പ്രാർത്ഥിച്ചാൽ ഒരു ആത്മബലം ലഭിക്കും. കർത്താവിനെപ്പറ്റി കൂടുതൽ അറിയുമ്പോഴും പഠിക്കുമ്പോഴും കർത്താവിനെപ്പോലെ ജീവിക്കാൻ തോന്നും. ദൈവാലയത്തിൽ വരുമ്പോൾ വലിയ ആശ്വാസവും ശക്തിയും ലഭിക്കുന്നു. മറ്റുള്ളവരെ സ്നേഹിക്കാൻ കർത്താവ് നമ്മെ പഠിപ്പിക്കുന്നു. കാരണം അവൻ ചെയ്തതും അതുതന്നെയാണ്. കർത്താവ് എല്ലാവരെയും സ്നേഹിച്ചു, എല്ലാവർക്കും നന്മകൾ മാത്രം ചെയ്തു. അനേകർക്ക് രോഗശാന്തി നല്കി, ജീവൻ നല്കി. തന്റെ ഛായയിലും സാദൃശ്യത്തിലും ദൈവം നമ്മെ സൃഷ്ടിച്ചു. മനുഷ്യന് ആവശ്യമായത് എല്ലാം നൽകി. സ്നേഹം നല്കി. എന്നിട്ടും മനുഷ്യൻ ദൈവത്തിന് എതിരായി പാപം ചെയ്തു. പക്ഷെ ദൈവം മനുഷ്യവംശത്തെ കൈവിട്ടില്ല. പെറ്റമ്മയെ പോലെ അവൻ നമ്മെ പരിപാലിച്ചു. കാരണം അവൻ മനുഷ്യരെ ഒരുപാട് സ്നേഹിക്കുന്നു.

ഇന്ന് കർത്താവ് പലരിലൂടെയും എന്റെ അടുക്കൽ വരുന്നുണ്ട്. അത് എനിക്ക് മനസ്സിലാക്കാൻ കഴിയുന്നു. തെറ്റായ വഴിയിലൂടെ പോകുമ്പോൾ അത് തെറ്റാണെന്ന് ആരോ പറയുന്നതുപോലെ എനിക്ക് തോന്നും. എന്റെ കർത്താവിനെ, എന്റെ ദൈവത്തെ ഞാൻ ഒരുപാട് സ്നേഹിക്കുന്നു. അവൻ എനിക്ക് നല്കുന്ന എല്ലാ കാര്യങ്ങളും ഞാൻ നന്ദിപൂർവ്വം ഓർക്കും. കർത്താവ് എന്നെ സ്നേഹിക്കുന്നു എന്ന ഉത്തമബോദ്ധ്യം എനിക്കുണ്ട്. അവൻ എനിക്കുവേണ്ടിയും ലോകത്തിനുവേണ്ടിയും ജീവിച്ചു. അതിനാൽ ഞാനും കർത്താവിനുവേണ്ടി ജീവിക്കും.



# എം.സി.സി.എൽ. ബൈബിൾ ക്വിസ്

തയ്യാറാക്കിയത് :
സി. അലീന എസ്.ഐ.സി.
മാർച്ച് 2019

1. ചെമ്പുപണിക്കാരുടെയും ഇരുമ്പുപണിക്കാരുടെയും പിതാവാര്?
2. നോഹയുടെ പെട്ടകം അറാറാത്തു പർവതത്തിൽ ഉറച്ചതെന്ന്?
3. ഭൂമിയിലെ ആദ്യത്തെ വീരപുരുഷൻ ആര്?
4. വലിയ ജനതയുടെ പിതാവാര്?
5. ബേർല്ഹായ് റോയ് – അർത്ഥമെന്ത്?
6. ഏദോംകാരുടെ പിതാവാര്?
7. സ്വച്ഛന്ദം ചരിക്കുന്ന ഒരു പേടമാൻ എന്ന് ആരെയാണ് വിശേഷിപ്പിച്ചിരിക്കുന്നത്?
8. മരണശേഷം പരിമളദ്രവ്യം പൂശി ഈജിപ്തിൽ ഒരു ശവപ്പെട്ടിയിൽ സൂക്ഷിച്ചതാരെ?
9. നോഹയുടെ മക്കളുടെ പേരെന്ത്?
10. മേഘങ്ങളിൽ എന്റെ വില്ലു ഞാൻ സ്ഥാപിക്കും എന്ന് ദൈവം എന്തിനാണ് പറഞ്ഞത്?

*N.B* : ഉത്തരങ്ങൾ മാർച്ച് 15 ന് മുൻപായി **സെന്റ് ജോൺസ് മെത്രാപ്പോലീത്തൻ കത്തീഡ്രൽ, തിരുവല്ല – 689 101** എന്ന മേൽവിലാസത്തിലേക്ക് അയച്ചുതരിക

## ബൈബിൾ ക്വിസ് ശരി ഉത്തരം

തയ്യാറാക്കിയത് :
**സി. അലീന എസ്.ഐ.സി.**
**ജനുവരി – ഫെബ്രുവരി 2019**

1. ഈജിപ്തുകാരി (ഉത്പ. 16:1)
2. ഉല്പ. 17:5
3. അമ്പും വില്ലും (ഉത്പ. 27:3)
4. ഹിൽക്കിയാ (ദാനി 13:2)
5. ഒന്നാം മാസം 14–ാം ദിവസം (സംഖ്യ 9:5)
6. പാപമോചനത്തിനുള്ള അനുതാപത്തിന്റെ ജ്ഞാനസ്നാനം (മർക്കോ. 1:4)
7. പ്രാർത്ഥിക്കുമ്പോൾ (മത്താ. 6:7)
8. പത്തു കന്യകമാർക്ക് (മത്താ. 25:1)
9. 1 കോറിന്തോസ് 11:2–16

**മത്സരവിജയികൾ : ബൈബിൾ ക്വിസ് ജനുവരി–ഫെബ്രുവരി 2019**

**I. റീബ റെബേക്കാ വർഗീസ്,** സെന്റ് മേരീസ് ചർച്ച് നൂറോമ്മാവ്, **റീബ മേരി ഫ്രാൻസിസ്,** സെന്റ് ജോസഫ് ചർച്ച് കരികുളം, **ജോളി മത്തായി,** സെന്റ് ജോസഫ് ചർച്ച് മുക്കൂർ, **മേരിക്കുട്ടി ഈപ്പൻ,** സെന്റ് മേരീസ് ചർച്ച് കുമ്പളന്താനം. **II. ജോയി കല്ലുങ്കൽ,** സെന്റ് ജോർജ്ജ് ചർച്ച് കല്ലുങ്കൽ, **മേരിക്കുട്ടി ജേക്കബ്,** സെന്റ് മേരീസ് ചർച്ച് ആലപ്പുഴ., **III. ബ്ര. ഓഷിൻ മാത്യു,** ഐ.എം.എം. സെമിനാരി തിരുവല്ല., **IV. സൂസമ്മ വർഗീസ്,** സെന്റ് ജോൺസ് കത്തീഡ്രൽ തിരുവല്ല, **ലിയ മേരി തോമസ്,** സെന്റ് തോമസ് ചർച്ച് നീരേറ്റുകാവ്.

## മലങ്കര സുറിയാനി കത്തോലിക്കാസഭാ വൈദികസംഗമം സമാപിച്ചു.

മലങ്കര സുറിയാനി കത്തോലിക്കാസഭയിലെ എല്ലാ ഭദ്രാസനങ്ങളിൽനിന്നും, ബഥനി സന്യാസസമൂഹത്തിൽ നിന്നുമുള്ള വൈദികരുടെ സംഗമം 2019 ഫെബ്രുവരി 18, 19 തീയതികളിൽ തിരുവനന്തപുരം ബഥനി ഹിൽസിലുള്ള ഗിരിദീപം കൺവൻഷൻ സെന്ററിൽ നടന്നു. 18–ാം തീയതി ഉച്ചകഴിഞ്ഞ് ആരംഭിച്ച സമ്മേളനം, സഭയുടെ തലവനും പിതാവുമായ മോറാൻ മോർ ബസേലിയോസ് ക്ലീമീസ് കാതോലിക്കാബാവ ഉദ്ഘാടനം ചെയ്തു. തുടർന്ന്, ചങ്ങനാശ്ശേരി അതിരൂപതാ സഹായമെത്രാൻ അഭി. തോമസ് തറയിൽ തിരുമേനി ക്ലാസ് നയിച്ചു. അതേതുടർന്ന് അമേരിക്കയിൽ നിന്നെത്തിയ ഫാ. സ്റ്റാൻ ഫോർത്തൂണയുടെ ക്ലാസ്സും സംഗീതവിരുന്നും സംഗമത്തെ പുളകണിയിച്ചു. വൈകുന്നേരം കാശ്മീരിലെ പുൽവാമ ഭീകരാക്രമണത്തിൽ വീരമൃത്യു വരിച്ച സൈനികർക്ക് ആദരാഞ്ജലി അർപ്പിച്ച്, അഭി. പിതാക്കന്മാരും വൈദികരും കത്തിച്ച മെഴുകുതിരികളുമായി അണിനിരന്നു. അനുസ്മരണാപ്രാർത്ഥനക്ക് ക്ലീമീസ് കാതോലിക്കാബാവ നേതൃത്വം നൽകി. രണ്ടാം ദിവസം വി. കുർബാനക്കുശേഷം, ബിൽഗേറ്റ്സ് ഫൗണ്ടേഷൻ ഇന്ത്യാ ഹെഡ് സന്തോഷ് മാത്യു ഐ.എ.എസും, തോമസ് മാർ യൗസേബിയോസ് മെത്രാപ്പോലീത്തായും ക്ലാസ്സുകൾ നയിച്ചു. പാനൽ ചർച്ചയിൽ ആർച്ചുബിഷപ്പ് തോമസ് മാർ കൂറിലോസ് മെത്രാപ്പോലീത്ത മോഡറേറ്ററായിരുന്നു. മോൺ. എൽദോ പുത്തൻകണ്ടത്തിൽ, മോൺ. വർഗീസ് മറ്റമന, ഫാ. ഗീവർഗീസ് നെടിയത്ത്, ഫാ. ഡോ. ജോൺ ക്രിസ്റ്റഫർ ഒ.ഐ.സി., ഫാ. ബോവാസ് മാത്യു, ഫാ. മാത്യു വെട്ടിക്കാട്ടിൽ, ഫാ. ഡോ. സണ്ണി മാത്യു എന്നിവർ സംസാരിച്ചു. കാതോലിക്കാബാവ സമാപനസന്ദേശം നൽകി. സഭയുടെ എല്ലാ ഭദ്രാസനങ്ങളിൽനിന്നും, സന്യാസസമൂഹങ്ങളിൽനിന്നുമായി 506 വൈദികർ രണ്ടുദിവസം നീണ്ടുനിന്ന സംഗമത്തിൽ പങ്കുചേർന്നു.

# Matrimonial

## Matrimony - M 276

മലങ്കര കത്തോലിക്കാ യുവതി, 25/162 എറണാകുളത്ത് സ്വന്തമായി ഓഫീസ് നടത്തുന്നു. അനുയോജ്യമായ ആലോചനകൾ ക്ഷണിക്കുന്നു. എറണാകുളത്ത് ജോലി ചെയ്യുന്ന എഞ്ചിനീയർ ബിരുദധാരികൾക്കു മുൻഗണന.
Contact: 9447067288, 9447295288

## Matrimony - M 277

മലങ്കര കത്തോലിക്കാ യുവാവ്, തിരുവല്ല അതിരൂപത, 29/178, B.Tech, MNC യിൽ നല്ല ജോലി. തത്തുല്യമായ ജോലിയുള്ള പെൺകുട്ടികളുടെ മാതാപിതാക്കളിൽനിന്നും ആലോചനകൾ ക്ഷണിക്കുന്നു.
Contact: 9747675617

## വിവാഹ ഒരുക്ക സെമിനാർ 2019

**സ്ഥലം: ശാന്തിനിലയം, തിരുവല്ല**
**ഫോൺ: 0469–2603968, 94974 62813**

| | | |
|---|---|---|
| മാർച്ച് | – | 5, 6, 7 |
| ഏപ്രിൽ | – | 9,10,11 – 23, 24, 25 |
| മെയ് | – | 7, 8, 9 – 21, 22, 23 |

**നിർദ്ദേശങ്ങൾ**

- സെമിനാറിൽ പങ്കെടുക്കുന്നവർ മൂന്ന് ദിവസം മുമ്പെങ്കിലും പേര് രജിസ്റ്റർ ചെയ്യണം.
- സെമിനാർ ചൊവ്വാഴ്ച രാവിലെ 9.00 ന് ആരംഭിച്ച് വ്യാഴാഴ്ച വൈകുന്നേരം 4 മണിക്ക് അവസാനിക്കും.
- സെമിനാറിൽ പൂർണ്ണമായും പങ്കെടുക്കുന്നവർക്ക് മാത്രമേ സർട്ടിഫിക്കറ്റ് നൽകുകയുള്ളൂ.
- രജിസ്ട്രേഷൻ ഫീസ് 1500 രൂപയായിരിക്കും. പങ്കെടുക്കുന്നവർ വികാരിയച്ചന്റെ സാക്ഷ്യപത്രവും 2 ഫോട്ടോയും കൊണ്ടുവരണം.
- സെമിനാറിന്റെ അവസാന ദിവസമായ വ്യാഴാഴ്ച 2 മണിക്ക് വിവാഹ ഒരുക്ക സെമിനാറിൽ പങ്കെടുക്കുന്ന കുട്ടികളുടെ മാതാപിതാക്കൾക്കായി പ്രത്യേക ക്ലാസ്സ് ഉണ്ടായിരിക്കുന്നതാണ്. ഇതിൽ എല്ലാ മാതാപിതാക്കളും നിർബന്ധമായും പങ്കെടുക്കണം.

2019 ഫെബ്രുവരി 9 മുതൽ ഫാമിലി അപ്പോസ്തലേറ്റ് ഡയറക്ടറായി ഫാ. ഡോ. ഫിലിപ്പ് ആഞ്ഞിലിമൂട്ടിൽ നിയമിതനായി.
2019 ഫെബ്രുവരി 1 മുതൽ സി. എൽസാ ഒ.എസ്.എസ്. നെ ഫാമിലി അപ്പോസ്തലേറ്റ് സെക്രട്ടറിയായി നിയമിച്ചു.

## പ്രഥമ കത്തീഡ്രൽ ഫുട്ബോൾ ടൂർണമെന്റ് വിജയികൾ





അതിരൂപതയിലെ എം.സി.വൈ.എം. യൂണിറ്റുകൾക്കായി നടത്തിയ പ്രഥമ കത്തീഡ്രൽ ഫുട്ബോൾ ടൂർണമെന്റിൽ വിജയികളായ കത്തീഡ്രൽ യൂണിറ്റിന്, എം.സി.വൈ.എം. അതിരൂപതാ ഡയറക്ടർ ഫാ. ജേക്കബ് അരീക്കൽ ട്രോഫി നൽകുന്നു. കത്തീഡ്രൽ വികാരി റവ.ഡോ. ഐസക് പറപ്പള്ളിൽ, പത്തനംതിട്ട ജില്ലാ ഫുട്ബോൾ അസോസിയേഷൻ പ്രസിഡന്റ് ഡോ. റെജിനോൾഡ് വർഗീസ്, ഫാ. മാത്യു ഈട്ടിക്കൽ, ലൈജു കോശി മാത്യു, ഷാജി മാത്യു, എം.കെ.വർക്കി, സെബാസ്റ്റ്യൻ കൈലാത്തുമലയിൽ എന്നിവർ സമീപം.

## പ്രധാനപ്പെട്ട ദിവസങ്ങൾ
## 2019 മാർച്ച്

| | | |
|---|---|---|
| മാർച്ച് 03 | – | കൊത്തിനെ ഞായർ<br>(കാനായിൽ വെള്ളം വീഞ്ഞാക്കിയത്) |
| മാർച്ച് 10 | – | ഗർബോ ഞായർ<br>(കുഷ്ഠരോഗിയെ സൗഖ്യമാക്കിയത്) |
| മാർച്ച് 17 | – | മ്ശറിയോ ഞായർ<br>(തളർവാത രോഗിയെ സൗഖ്യമാക്കിയത്) |
| മാർച്ച് 24 | – | ക്നാനയ്തോ ഞായർ |
| മാർച്ച് 25 | – | വി. ദൈവമാതാവിനോടുള്ള വചനിപ്പ് |
| മാർച്ച് 26 | – | ഗുഡ്ഗാവ് ഭദ്രാസനത്തിന്റെയും കഡ്കി എക്സാർക്കേറ്റിന്റെയും സ്ഥാപനം (2015). |
| മാർച്ച് 27 | – | പകുതി നോമ്പ് – ഗോഗുൽത്താ സ്ഥാപനം |
| മാർച്ച് 31 | – | ക്പിഫ്തൊ ഞായർ<br>(കൂനിയെ സൗഖ്യമാക്കിയത്) |

**മാർച്ച് 05**


**കാതോലിക്കാ സ്ഥാനാരോഹണ വാർഷികം**



**മോറാൻ മോർ ബസേലിയോസ് ക്ലീമീസ് കാതോലിക്കാ ബാവാ**

**മാർച്ച് 10**

**മെത്രാഭിഷേക വാർഷികം**



**അഭി. ജേക്കബ് മാർ ബർണബാസ്**

**മാർച്ച് 13**

**മെത്രാഭിഷേക വാർഷികം**



**അഭി. വിൻസെന്റ് മാർ പൗലോസ്**

**മാർച്ച് 13**


**മെത്രാഭിഷേക വാർഷികം**



**അഭി. തോമസ് മാർ അന്തോണിയോസ്**

**മാർച്ച് 13**


**മെത്രാഭിഷേക വാർഷികം**



**അഭി. സാമുവേൽ മാർ ഐറേനിയോസ്**

**മാർച്ച് 13**


**മെത്രാഭിഷേക വാർഷികം**



**അഭി. ഫിലിപ്പോസ് മാർ സ്തേഫാനോസ്**

**മാർച്ച് 18**

**നാമഹേതുക തിരുനാൾ**



**അഭി. തോമസ് മാർ കൂറിലോസ്**

## Appointments & Transfers w.e.f. 09.02.2019

| # | Name | New Place/position |
|---|---|---|
| 1. | Anjilimoottil Rev. Fr. Dr. Philip | Director - Santhinilayam, Chaplain Santhinilayam (OSS) |
| 2. | Areeckal Rev. Fr. Jacob Mathew | Nedumpuram (Res.) & Amichakari, MCYM Director |
| 3. | Azhakath Rev. Fr. Cherian (Santhosh) | Mundukuzhy (Addl.) |
| 4. | Chakkumkal Rev. Fr. Justin Thomas OIC | Kolladu (Addl.) |
| 5. | Chamakalayil Rev. Fr. Varghese | Kottayam St. Thomas |
| 6. | Charuvilayil Rev. Fr. Jobi Thomas OIC | Poovathoor (Addl.) |
| 7. | Cherupalathil V. Rev. Fr. Shaji Behanan | |
| 8. | Chethipuzha Rev. Fr. Antony | Kanjirappara & Kuriyanoor (Addl.) |
| 9. | Chirayil Rev. Fr. Johnson | For studies |
| 10. | Eettickal Rev. Fr. Mathew | Edamury (Residence) & Neerattukavu |
| 11. | Erumeda Rev. Fr. John (Retire) | Associate Vicar to Rev. Fr. Thomas Mannil – Mundiackal and Ancherry |
| 12. | Geo Rev. Fr. Paul OIC | Kavanthy & Kallar |
| 13. | Irimbinickal Rev. Fr. Dr. Abraham | POC |
| 14. | Kalappurackal Rev. Fr. Joseph | Asst. to Rev. Fr. Mathew Vettiyil (Res. Marygiri) |
| 15. | Kallumkal Rev. Fr. George Thomas OIC | Ambattubhagom |
| 16. | Kamundakathil Rev. Fr. Mathew | Anikad, Nooromavu, Chaplain FDSHJ Convent Anikad, Manager School |
| 17. | Kandathil Rev. Fr. Varghese | Asst. to Rev. Fr. Antony Chethipuzha |
| 18. | Karappanasserimalayil Rev. Fr. John | To Higher Studies |
| 19. | Karippayil Rev. Fr. Joseph | Kottoor, Baselian Convent Chaplain, Aikyadeepam Circulation |
| 20. | Kottayil V. Rev. Fr. Cherian John | Director – Radio MACFAST |
| 21. | Kulangara V. Rev. Fr. Abraham | Amayannoor & Thiruvanchoor |
| 22. | Kunnathuparampil Rev. Fr. Antony OCD | |
| 23. | Mambrakuzhy Rev. Fr. Cherian | Kallumkal & Rector IMMS |
| 24. | Manackalettu Rev. Fr. Dr. Varghese | |
| 25. | Manalel Rev. Fr. Varghese | Pandanad |
| 26. | Mangattethu Rev. Fr. Philip | Asst. to V. Rev. Fr. Dr. Philip Payyampallil, House Minister |
| 27. | Mannil Rev. Fr. Thomas | Ancherry (Addl.) |
| 28. | Maruthoor Rt. Rev. Msgr. Varghese | Addl. charge – Santhigram |
| 29. | Mozhasseril Rev. Fr. Yaldo | Valakodu (Addl.), Chaplain Bethany Convent, School Manager |

| | | |
|---|---|---|
| 30. | Naduviledom Rev. Fr. Abraham | Kallissery, Res. at MACFAST |
| 31. | Neeliyara Rev. Fr. Benny SDB | Manarcad Mission(Addl) |
| 32. | Ottakallil Rev. Fr. Sam | Vicar Erumely & Mukkada |
| 33. | Pallickal V. Rev. Fr. Varghese | Anniyarthulu |
| 34. | Parakkel V. Rev. Fr. Dr. Thomas | Kunnamthanam (Addl.) & Spiritual Father of IMMS |
| 35. | Parakkott Rev. Fr. Thomas | |
| 36. | Parambil Memuriyil Rev. Fr. Mathew | Asst. to Msgr. Varghese Maruthoor (Res. Kattappana) |
| 37. | Parappallil V. Rev. Fr. Dr. Isaac | Chief Editor - Aikyadeepam |
| 38. | Pariyarathil Rev. Fr. Abraham | Alady & Anavilasam |
| 39. | Pathinethil Rev. Fr. Dr. Thomaskutty | Sunday School, MCCL, Director Sameeksha (Res.) |
| 40. | Pathiparampil Rev. Fr. George (Retire) | Associate Vicar to Rev. Fr. Cherian Azhakath – Chengaroor and Mundukuzhy |
| 41. | Payyampallil Rev. Fr. Thomas | Vandanmedu, Rajakandom, Vandanmedu Estate Manager |
| 42. | Payyampallil V. Rev. Fr. Dr. Philip | Pulikeezhu (Addl) |
| 43. | Pottukulam Rev. Fr. Mathew | Vicar - Nedumavu, Kannam, Bible Apostolate |
| 44. | Pulickal Rev. Fr. Itty Mathew | Maramon |
| 45. | Puthenparampil Rev. Fr. Eapen | Administrator - Mepral w.e.f. 09.02.2019 to 01.08.2019 then Chakkupallom, Bursar School, Chaplain convent (SIC) |
| 46. | Sobichan Rev. Fr. Mathew OSMdL | Thodupuzha |
| 47. | Thadathil Rev. Fr. Mathew | Valakuzhy & Areeckal |
| 48. | Thekkemannil Rev. Fr. Varghese | Kalampala & Varavoor |
| 49. | Thenguvelil Rev. Fr. Stanely | Thalavady North |
| 50. | Valamparampil V. Rev. Fr. Dr. Joseph | Chakkupallom, Bursar School, Chaplain convent (SIC), w.e.f. 09.02.2019 to 01.08.2019 then Abroad |
| 51. | Valiyakavumkal Rev. Fr. Philip | Manager Vithura Lakshmi Estate |
| 52. | Valiyakulathunkal Rev. Fr. Abraham | Asst. of V. Rev. Fr. Dr. Isaac Parappallil |
| 53. | Vazhayil Rev. Fr. Mathew | Mukkoor & Dist. Vicar Mallappally |
| 54. | Vettiyil Rev. Fr. Mathew | Marygiri, Karikkemedu, Murikkasserry, Thadiyampad, Bursar Marygiri School, Chaplain Marygiri Convent (OSS) |
| 55. | Vilayil Rev. Fr. Samuel | Chathamkari, Mepral & Bodhana Director |

## ഐക്യദീപത്തിൽ 3 സ്ഥിരം പംക്തികൾ ആരംഭിക്കുന്നു

1. മതാദ്ധ്യാപനരംഗത്തോ, മദ്ബഹാ ശുശ്രൂഷയിൽ പ്രധാന ശുശ്രൂഷകനായോ, 25 വർഷങ്ങൾക്കുമുകളിൽ ശുശ്രൂഷ നടത്തിക്കൊണ്ടിരിക്കുന്നവരുടെ അനുഭവസാക്ഷ്യം പങ്കുവയ്ക്കുന്ന പംക്തി.
   (താല്പര്യമുള്ളവർ വിശദാംശങ്ങൾ അറിയുന്നതിനായി ഓഫീസുമായി ബന്ധപ്പെടുക).
2. സുറിയാനി ഭാഷയുടെ അടിസ്ഥാനം ലളിതമായ രീതിയിൽ പഠിക്കുന്നതിനുള്ള സുറിയാനി ഭാഷാ പഠനപംക്തി
3. ബൈബിൾ പഠിക്കുന്നതിനും ലോഗോസ് ക്വിസ് നന്നായി കൈകാര്യം ചെയ്യുന്നതിനും ആവശ്യമായ ബൈബിൾ പഠനസഹായി.

### ഐക്യദീപം സംബന്ധിച്ച അറിയിപ്പുകൾ

1. 2019 ഫെബ്രുവരി മുതൽ ഐക്യദീപം ഓഫീസ് കത്തീഡ്രൽ ക്യാമ്പസിലേക്ക് മാറ്റിയിരിക്കുന്നു. ഫോൺ നമ്പർ : 0469 2600626

2. ഐക്യദീപത്തിലേക്ക് ആവശ്യമുള്ള പരസ്യങ്ങൾ താഴെ പറയുന്ന നിരക്കിൽ ലഭ്യമാണ്.

| | | |
|---|---|---|
| Cover Back Page (Full Page Colour) | - | 20,000/- |
| Cover Front Inside " | - | 15,000/- |
| Cover Back Inside Page " | - | 15,000/- |
| Full Page Colour Inner | - | 10,000/- |
| Back Inside Cover (Half Page Colour) | - | 8,000/- |
| Half Page Colour Inner | - | 6,000/- |
| Quarter Page Colour | - | 4,000/- |
| ചരമവാർഷികം, ആദ്യകുർബ്ബാന, മാമ്മോദീസ, വിവാഹവാർഷികം | | 2,000/ |
| ജന്മദിനം, മാട്രിമോണിയൽ | | 700/ |
| ഉപകാരസ്മരണ (ഫോട്ടോ + പ്രാർത്ഥന) | | 700/ |
| ഉപകാരസ്മരണ (ഫോട്ടോ) | | 500/ |


## ബഥനി ആശ്രമം, കല്ലാർ

**ബഥനി ഗത്സമെൻ ധ്യാന മന്ദിരം, നെടുങ്കണ്ടം, ചേമ്പളം, ഇടുക്കി**

## ജീവിത വിശുദ്ധീകരണ ധ്യാനം

**2019 വർഷത്തെ ധ്യാന ദിവസങ്ങൾ**

| | | | | | |
|---|---|---|---|---|---|
| ജനുവരി | : | 20-24 | ജൂലൈ | : | 21-25 |
| ഫെബ്രുവരി | : | 17-21 | ആഗസ്റ്റ് | : | 18-22 |
| മാർച്ച് | : | 17-21 | സെപ്റ്റംബർ | : | 15-19 |
| ഏപ്രിൽ | : | 7-11 | ഒക്ടോബർ | : | 20-24 |
| മെയ് | : | 19-23 | നവംബർ | : | 17-21 |
| ജൂൺ | : | 16-20 | ഡിസംബർ | : | 15-19 |

കൂടുതൽ വിവരങ്ങൾക്ക് താഴെ കൊടുത്തിരിക്കുന്ന നമ്പറുകളിൽ ബന്ധപ്പെടുക.

**റവ. ഫാ. എബ്രഹാം പ്രസാദ് ഒ.ഐ.സി.**

**7902814305 (സുപ്പീരിയർ), 9446858833 (ഡയറക്ടർ)**



എം.സി.വൈ.എം. തിരുവല്ല അതിഭദ്രാസന പ്രസിഡന്റ് ഹണി വരിക്കപ്ലാമ്മൂട്ടിലിന്റെയും ജോബിന വർഗീസിന്റെയും മകൻ ജോവാൻ അബ്രഹാം തോമസിന്റെ മാമോദീസ 2019 ഫെബ്രുവരി 2 ന് തച്ചമം സെന്റ് ജോസഫ് ദൈവാലയത്തിൽവച്ച് ഫാ. ജോസ് തൈപ്പറമ്പിലിന്റെ മുഖ്യ കാർമികത്വത്തിൽ നടത്തപ്പെട്ടു. ഫാ. ഫിലിപ്പ് തായില്ലത്ത്, ഫാ. ജേക്കബ് മാത്യു അരീക്കൽ, ഫാ. അലക്സ് കണ്ണമല, ഫാ.ജോർജ്ജ് തേക്കടയിൽ എന്നിവർ സഹകാർമ്മികർ ആയിരുന്നു.

## SUNDAY SCHOOL ANNUAL EXAMINATION : 2018-2019

### LIST OF RANK HOLDERS

**CLASS - X**

| | | | | |
|---|---|---|---|---|
| 1. Marinna Lali Thomas | - Karimpanamkuzhy | - Ranni | - 94 | - A+ |
| 2. Nehal Shaju | - Nettithozhu | - Kumily | - 91 | - A+ |
| 3. Arunima Jose | - Chakkupallom | - Kumily | - 90 | - A+ |

**CLASS - XII**

| | | | | |
|---|---|---|---|---|
| 1. Neethu Mathew | - Murikady | - Kumily | - 97 | - A+ |
| 2. Rose Jose Thomas | - Chunkappara | - Mallappally | - 96 | - A+ |
| 3. Ayona Kuriakose | - Kottoor | - Tiruvalla | - 94 | - A+ |


## ആവശ്യമുണ്ട്

1. കമ്പ്യൂട്ടർ പരിജ്ഞാനമുള്ള വ്യക്തിയെ (Excel, Ms Office, Designing......) ഓഫീസിലേക്ക് ആവശ്യമുണ്ട്.
2. പരിചയസമ്പന്നനായ ഇലക്ട്രീഷ്യനെ, ഇലക്ട്രിക്കൽ ജോലികൾക്ക് മേൽനോട്ടം വഹിക്കാൻ ആവശ്യമുണ്ട്.

രണ്ടു വിഭാഗങ്ങളിലേക്കും താത്പര്യമുള്ളവർ ബന്ധപ്പെടുക.
**Contact : 9447968087**


## നന്ദി... ആശംസകൾ....



ഐക്യദീപം മാസികയുടെ ചീഫ് എഡിറ്ററായി 2 വർഷക്കാലം സ്തുത്യർഹമായ സേവനം അനുഷ്ഠിച്ച ഫാ. ഡോ. ഏബ്രഹാം ഇരിമ്പിനിക്കൽ.
കെ.സി.ബി.സി. മീഡിയ കമ്മീഷന്റെ സെക്രട്ടറിയായി പി.ഒ.സി.യിൽ ചുമതലയേൽക്കുന്ന അച്ചന് അതിഭദ്രാസനത്തിന്റെയും ഐക്യദീപം കുടുംബത്തിന്റെയും ഭാവുകങ്ങളും, ആശംസകളും.



2019 ജനുവരി 28-ാം തീയതി ആശീർവ്വദിക്കപ്പെട്ട പുത്തൂർ ഭദ്രാസന കാര്യാലയം.

## സഭൈക്യ പ്രാർത്ഥനാവാര സമാപനസമ്മേളനം



തിരുവല്ല ക്ലർജി ഫെലോഷിപ്പിന്റെ ആഭിമുഖ്യത്തിലുള്ള സഭൈക്യ പ്രാർത്ഥനാവാരത്തിന്റെ സമാപനസമ്മേളനം യാക്കോബായസഭ നിരണം ഭദ്രാസനാധിപൻ ഡോ. ഗീവർഗീസ് മാർ കൂറിലോസ് മെത്രാപ്പോലിത്ത ഉദ്ഘാടനം ചെയ്യുന്നു. ആർച്ചുബിഷപ്പ് ഡോ. തോമസ് മാർ കൂറിലോസ് മെത്രാപ്പോലിത്ത, മോൺ. ചെറിയാൻ താഴമൺ, ഫാ. മാത്യു പുനക്കുളം, ക്ലർജി ഫെലോഷിപ്പ് പ്രസിഡന്റ് ഫാ. ഡോ. ഐസക് പറപ്പള്ളിൽ, സെക്രട്ടറി ഫാ. ഡോ. റെജി ഗീവർഗീസ് എന്നിവർ സമീപം.


## ദീപഗിരി ബഥനി ആശ്രമം, ബഥനിമല

1930-ൽ ഒരു യോഗീവര്യൻ, മാർ ഈവാനിയോസ്, മുണ്ടൻമലയിറങ്ങി. 2018 ൽ ബഥനി ഈ മല വീണ്ടും കയറുകയാണ്, മാർ ഈവാനിയോസിന്റെ 'മുണ്ടൻമല' ആവർത്തിക്കാനായി. എല്ലാവർക്കും സ്വാഗതം.

ദീപഗിരി : ബഥനി ആശ്രമം, 'മുണ്ടൻമല ദയറ' അനുഭവം, ധ്യാനാശ്രമം, ധ്യാനകേന്ദ്രം , ഈവാനിയൻ തീർത്ഥാടന പുണ്യസ്ഥലം, ഈവാനിയൻ പഠനകേന്ദ്രം, മലങ്കരയുടെ ആത്മീയശക്തി സ്രോതസ്സ്

ബന്ധപ്പെടുക :

**ദീപഗിരി ബഥനി ആശ്രമം, ബഥനിമല, പെരുന്നാട് പി.ഒ., പത്തനംതിട്ട, 689711**

**ഫാ. വില്യം നെടുമ്പുറത്ത് ഒ.ഐ.സി. (9495689464), ഫാ. ജോബിൻ കുര്യാക്കോസ് ഒ.ഐ.സി. (9447550595)**




### ഉപകാരസ്മരണ



ഒരു വിശ്വാസി ചുങ്കപ്പാറ

## ഒന്നാം ചരമവാർഷികം



**ത്രേസ്യാമ്മ ദേവസ്യാ**

**വാളംപറമ്പിൽ**

**ജനനം : 23. 08. 1936 മരണം : 06. 03. 2018**

## പപ്പായ്ക്ക് പിറന്നാളിന്റെയും വിവാഹവാർഷികത്തിന്റെയും ആശംസകൾ.



**ജോസ് & എൽസി ചന്ദനപ്പള്ളിൽ**
**(തോപ്പിൽകളത്തിൽ)**
ഐക്കാട്, പുഷ്പഗിരി റോഡ്, തിരുവല്ല
**അരുൺ & ഫാമിലി**
**ഷോൺ**

## ധീര ജവാന്മാർക്ക് ആദരാഞ്ജലികൾ അർപ്പിച്ചു



കശ്മീരിലെ ഭീകരാക്രമണത്തിൽ കൊല്ലപ്പെട്ട ധീര ജവാന്മാർക്ക് ആദരാഞ്ജലികൾ അർപ്പിച്ചു കൊണ്ട് തിരുവല്ല അതിഭദ്രാസന യുവജനസഭ, ഫെബ്രുവരി 17 ന് തിരുവല്ല കത്തീഡ്രലിൽ നടത്തിയ സമ്മേളനത്തിൽ അഭി. തോമസ് മാർ കൂറിലോസ് മെത്രാപ്പോലീത്താ സമാധാനദീപം തെളിക്കുന്നു. വികാരി ജനറാൾ മോൺ. ചെറിയാൻ താഴമൺ, അതിഭദ്രാസന ഡയറക്ടർ ഫാ. ജേക്കബ് അരീക്കൽ, അതിഭദ്രാസന പ്രസിഡന്റ് ഹണി വരിക്കപ്ലാമൂട്ടിൽ, ജന. സെക്രട്ടറി ജോമോൻ താന്നിക്കൽ, സെക്രട്ടറി അൻവിൻ ഐസക്ക്, വൈസ് പ്രസിഡന്റ് ഷെറിൻ, ട്രഷറാർ ജിനു ജോർജ്ജ്, ആനിമേറ്റർ ഡോ. സജി ചെറിയാൻ, മിനി ഡേവിഡ് എന്നിവർ സമീപം


## REMEMBRANCE MARCH




Fr George Manapurath
Date of Demise: 11 March 2017



Fr Jacob Thykattil
Date of Demise: 13 March 1978



Fr Thomas Varikanikuzhy
Date of Demise: 13 March 1990



Fr Mathew Perumpallil
Date of Demise: 14 March 2000



Fr Varghese Kilichimala
Date of Demise: 17 March 2002

Fr George Thykadavil
Date of Demise: 20 March 1975



Fr Geevarghese Thombra
Date of Demise: 27 March 1986

ഐക്യദീപം

വായിക്കുക!
വരിക്കാരാവുക!

## എം.സി.എ. പുതിയ അതിഭദ്രാസന ഭാരവാഹികൾ



പ്രസിഡന്റ് ശ്രീ. ജോജി വിഴലിൽ, ജനറൽ സെക്രട്ടറി അനീഷ് വി. ചെറിയാൻ, ട്രഷറാർ ജോയിസാം, വൈസ് പ്രസിഡന്റ് എ.ഡി. ജോൺ, ഷിബു ജേക്കബ്, അന്നമ്മ ഐസക്ക്, സെക്രട്ടറി ലൈസാ ജോസഫ് എന്നിവർ തിരുവല്ല അതിഭദ്രാസന അദ്ധ്യക്ഷൻ അഭി. തോമസ് മാർ കൂറിലോസ് മെത്രാപ്പോലിത്താ യോടൊപ്പം.



പത്തനംതിട്ട ഇലന്തൂർ തോട്ടുപാട്ട് വീട്ടിൽ ജെയിംസ് ബി. ഏബ്രഹാമിന്റെയും ജെസ്സി ജെയിംസിന്റെയും മകൻ ജുവിനും എറണാകുളം മുളന്തുരുത്തി മല്ലക്കാട്ട് കടുപ്പിൽ വീട്ടിൽ പ്രിൻസ് എം. സക്കറിയായുടെയും സീന എം. പ്രിൻസിന്റെയും മകൾ സാന്ദ്രയും തമ്മിലുള്ള വിവാഹം 2019 ജനുവരി 31 ന് തിരുവല്ല സെന്റ് ജോൺസ് മെത്രാപ്പോലിത്തൻ കത്തീഡ്രലിൽവച്ച് ഡൽഹി-ഗുഡ്ഗാവ് ഭദ്രാസനാദ്ധ്യക്ഷൻ അഭി. ജേക്കബ് മാർ ബർണബാസ് തിരുമേനിയുടെ കാർമ്മികത്വത്തിൽ ആശീർവദിക്കപ്പെട്ടു.

## Newly Married Couple - Shibin & Vini

19 January 2019



**Shaji Cherian & Family, Thottupattu Cherimount**
**St. Patric Church Elanthoor**

Date of Publication : 1.03.2019
Price : ₹ 10/-

**AIKYADEEPAM MONTHLY**
Marygiri, Tiruvalla, Kerala
Ph: 0469-2600626, Fax : 0469-2600822

**R.N.I 35982/80**
**March 2019**




Printed and Published by Fr. Thomas Kodinattumkunnel, Published from Marygiri, Archbishop's House, Tiruvalla, Kerala and Printed at Viani Press Ernakulam. Kerala, Chief Editor : Rev. Dr. Isaac Parappallil